## ഇതോ ക്ഷേമരാജ്യത്തിന്റെ അടയാളം?

ഇന്ത്യയിലെ മഹാഭൂരിപക്ഷം വരുന്ന തൊഴിലാളികൾക്കും കർഷകർക്കും ദരിദ്രർക്കും മറ്റു സാധാരണക്കാർക്കും ഏറെ ദുരിതങ്ങൾ സമ്മാനിച്ചുകൊണ്ട് ഭരണചക്രം തിരിച്ചവർ ഇപ്പോൾ അവകാശപ്പെടുന്നത് വൻ നേട്ടങ്ങളാണ് തങ്ങൾ ഉണ്ടാക്കിയിട്ടുള്ളത് എന്നാണ്. കഴിഞ്ഞ അഞ്ചു വർഷക്കാലത്തെ കേന്ദ്ര സർക്കാരിന്റെ ഭരണത്തെ വിലയിരുത്താനും അതിനനുസരിച്ച് സമ്മതിദാനാവകാശം വിനിയോഗിക്കാനുമുള്ള അവസരമാണ് ഇന്ത്യൻ ജനതക്ക് വന്നുചേർന്നിരിക്കുന്നത്.



VOL NO: 03 | ISSUE 15

# നേർപഥം

വാരിക

www.nerpatham.com | mail@nerpatham.com

2019 APRIL 13 | ₹12

# വെളിച്ചം പകരലാണ് നവോത്ഥാനം

ഏറെ തെറ്റുധരിക്കപ്പെടുകയും തെറ്റുധരിപ്പിക്കപ്പെടുകയും ചെയ്ത പദമാണ് നവോത്ഥാനം എന്നത്. വ്യത്യസ്ത മത-രാഷ്ട്രീയ-സാംസ്കാരിക കൂട്ടായ്മകൾ സ്ഥാനത്തും അസ്ഥാനത്തും പ്രയോഗിച്ച് വികലമാക്കിയ നവോത്ഥാനത്തിന്റെ നേരർഥമെന്താണ്? ഇസ്‌ലാമിക പരിപ്രേഷ്യത്തിൽ, വിശിഷ്യാ കേരള മുസ്‌ലിം സാമൂഹിക സാഹചര്യത്തിൽ നവോത്ഥാനം പ്രസക്തമാവുന്നത് എങ്ങനെയാണ്?

|| ക്രൂശീകരണം: വസ്തുതയെന്ത്?

|| ഇഹ്സാൻ ഇലാഹീ ദ്വഹീറിന്റെ രക്തസാക്ഷ്യം

|| പ്രവാചകന്മാരുടെ പ്രാർഥനകൾ വിശുദ്ധ ക്വുർആനിൽ

## ഖുർആൻ പഠനം
## നിങ്ങളുടെ വിരൽ തുമ്പിൽ

peaceradio
annoor
QURAN LEARNING PROGRAMME




# അന്നൂർ
## ഖുർആൻ പഠന പദ്ധതി

**നിങ്ങളുടെ ഫോണിലും...!**

നിങ്ങളുടെ ഫോണിലെ പ്ലേ സ്റ്റോർ/ആപ് സ്റ്റോർ തുറന്ന ശേഷം PEACE RADIO എന്ന് സെർച്ച് ചെയ്യുക. റേഡിയോ ഇൻസ്റ്റാൾ ചെയ്ത് തുറന്ന ശേഷം താഴെ കാണുന്ന കോഴ്സ് ബട്ടൺ അമർത്തി അന്നൂർ കോഴ്സിൽ രജിസ്റ്റർ ചെയ്യുക. ക്ലാസ് തുടങ്ങുന്ന സമയത്ത് അറിയിപ്പുകൾ ലഭിക്കുനന്താണ്



peaceradio
Tune to reality

റജിസ്റ്റർ ചെയ്യൂ...
ഇപ്പോൾ തന്നെ

WhatsApp +91 9020 840 840




# നേർപഥം

വാരിക

0117 / 2019 ഏപ്രിൽ 13 / 1440 ശഅബാൻ 08 / പുസ്തകം 03 / ലക്കം 15


# വെളിച്ചം പകരലാണ് നവോത്ഥാനം


കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ / 10

**മുഖമൊഴി**

ഇതോ ക്ഷേമരാജ്യത്തിന്റെ അടയാളം? / 05
എഡിറ്റർ

**ചരിത്രപഥം**

ക്രൂശീകരണം: വസ്തുതയെന്ത്? / 06
ഹുസൈൻ സലഫി, ഷാർജ

**ക്വുർആൻ ദർശനം**

ഇൻസാൻ (മനുഷ്യൻ) / 21
ഹാരിസ് ബിൻ സലീം

**കവിത**

യുവതയോട് / 34
സ്വാദിഖ് ബിൻസലീം

**ലേഖനം**

നമസ്കാരവും സ്വഫ്ഫ് ശരിപ്പെടുത്തലും / 16
മൂസ സ്വലാഹി, കാര

പ്രബോധനവുമായി ഗോത്രങ്ങളിലേക്ക് / 18
ഫദ്‌ലുൽ ഹഖ് ഉമരി

ഇഹ്സാൻ ഇലാഹീ ദ്വഹീറിന്റെ രക്തസാക്ഷ്യം / 24
യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ

പ്രവാചകന്മാരുടെ പ്രാർഥനകൾ ക്വുർആനിൽ / 26
സയ്യിദ് സഅ്ഫർ സ്വാദിക്വ് മദീനി

അകത്ത് ആയിരം അഗ്നിസ്ഫുലിംഗങ്ങളുണർത്തിയ കത്ത് / 29
ഡോ. ചേക്കുമരക്കാരകത്ത് ഷാനവാസ്, പറവണ്ണ



Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Editor: Usman Palakkazhi I Chief Editor: Anil Primrose
Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
Nerpatham Weekly I PB No: 597 I EKP Complex I Kallai Road I Kozhikkode 2 I Kerala I India
Ph: 0495 4019437 I +91 92075 25244 I mail@nerpatham.com I www.nerpatham.com I Facebook: www.facebook.com

## വായനക്കാർ എഴുതുന്നു



# സെന്റോഫിന് സെന്റോഫ് നൽകണം

മാർച്ച് ചൂടിന്റെ കാലമാണ്. എല്ലാ വകുപ്പും ചൂടിന്റെ പിടിയിലാണ്. പരീക്ഷാ ചൂട്, വാല്യുവേഷൻ ചൂട്, ഇലക്ഷൻ ചൂട്... അങ്ങനെ പോവുന്നു ചൂടിന്റെ പട്ടിക. നീണ്ട വർഷങ്ങൾക്ക് ശേഷം കലാലയത്തോട് വിട പറയുമ്പോൾ ചിലർക്കെങ്കിലും വിരഹ ചൂടും ഏൽക്കാതിരിക്കില്ല.

എന്നാൽ എല്ലാ ചൂടുകളും കാലക്രമേണ അലിഞ്ഞില്ലാതെയാവും. പക്ഷേ, ഏറ്റവും പുതിയതായി, നടപ്പു മാസങ്ങളിൽ രൂപപെട്ട ചില ചൂടുകൾ അത്ര പെട്ടെന്ന് തണുക്കുമെന്ന് തോന്നുന്നില്ല. വരും തലമുറയുടെ ഭാസുരമായ ഭാവി സ്വപ്നം കാണുന്ന അധ്യാപകരുടെ/രക്ഷിതാക്കളുടെ/നന്മേഛുക്കളുടെ ഹൃദയത്തിനേറ്റ മുറിവ് അത്ര വലുതാണ്.

സ്നേഹത്തിന്റെ കൊടുക്കൽ വാങ്ങലുകൾക്ക് വേദിയായി സന്തോഷ പുഞ്ചിരിയോടെ പിരിഞ്ഞു പോവേണ്ട സെന്റോഫ് പ്രോഗ്രാമുകൾ അധ്യാപകരെ ദേഹോപദ്രവം ചെയ്യുക, നാശനഷ്ടങ്ങൾ വരുത്തുക, ടെക്സ്റ്റ് ബുക്കുകൾ നശിപ്പിക്കുക, യൂണിഫോമിൽ എഴുതി നിറക്കുക, വാട്ടർ ബലൂണുകൊണ്ട് എറിഞ്ഞ് കളിക്കുക, ഉജാല തെറിപ്പിക്കുക തുടങ്ങി വിദ്യാഭ്യാസ പ്രക്രിയയോട് ഒരു കാലത്തും ഓരം ചേരാത്ത കോപ്രായങ്ങൾക്കുള്ള രംഗവേദിയായി മാറുമ്പോൾ പ്രതീക്ഷയുടെ മേൽ കരിനിഴൽ വീഴാത്തവരായി ആരുണ്ട്?

ബഹുമാനപ്പെട്ട എക്സൈസ് കമ്മീഷണർ ശ്രീ. ഋഷിരാജ് സിംഗ് ഐ.പി.എസ് സമൂഹ മാധ്യമങ്ങളിലൂടെ ഒരു അഭ്യർഥന നടത്തിയത് നമ്മിൽ പലരും കണ്ടു. ലഹരിയുടെ കഴുകക്കണ്ണുകൾ നമ്മുടെ കുട്ടികളുടെ മേലെ വട്ടമിട്ടു പറക്കുന്നതിനാൽ പരീക്ഷ കഴിഞ്ഞ ഉടനെ രക്ഷിതാക്കൾ കുട്ടികളെ വീട്ടിലേക്ക് കൂട്ടിക്കൊണ്ട് പോകണം എന്നതായിരുന്നു ആ സന്ദേശത്തിന്റെ രത്നച്ചുരുക്കം.

സെന്റോഫ് കാലമാവുന്നത് ഏറെ തലവേദനയാവുന്ന പ്രവണത കൂടി വരികയാണ്. ഇളം തലമുറ മുൻഗാമികളെ അനുകരിച്ച്, തങ്ങളുടെ ഊഴമാവുമ്പോൾ കണ്ടതിലും വലുത് കാണിക്കാനും ചെയ്തതിലും വലുത് ചെയ്യാനുമാണ് അണിയറയിൽ വട്ടം കൂട്ടുന്നത്. ഇഛക്കനുസരിച്ച് സമ്മതം മൂളിയില്ലെങ്കിൽ കണ്ടത് നടപ്പിലാക്കാൻ ഒരു വൈമനസ്യവും കാണിക്കാത്ത വിദ്യാർഥികളെ നേർചിന്തയിലേക്കും പഠന മനനങ്ങളിലേക്കും നയിച്ചില്ലങ്കിൽ നമ്മുടെ മക്കളുടെ ഭാവിയെ പറ്റി ഭയപ്പെടാതിരിക്കാനാവുമോ?

സ്കൂൾ അധ്യാപകരുടെ സ്നേഹ സമ്മാനം സ്വീകരിക്കാതെയും അവരുടെ ഉപദേശങ്ങൾക്ക് ചെവി നൽകാതെയും ഇന്നലെ വരെ ക്ലാസ് റൂമിൽ നല്ല കുട്ടിയായി ഇരുന്നവർക്കടക്കം അധ്യാപകരുടെ 'പൂർണ വിസമ്മതത്തോടെ' സ്കൂളിന്റെ വിളിപ്പാടകലെ അഞ്ചക്ക സംഖ്യ നൽകി ഓഡിറ്റോറിയം വാടകക്കെടുത്ത് സെന്റോഫ് സംഘടിപ്പിച്ച് തോന്നിയപോലെ പ്രവർത്തിക്കാൻ കഴിഞ്ഞുവെങ്കിൽ, അവരെ മാത്രം കുറ്റം പറയുന്നതിലും അർഥമില്ല.

കാശു കൊണ്ടും മൊബൈൽ കൊണ്ടും മക്കളെ സ്നേഹിക്കുന്ന മാതാപിതാക്കളും ഈ തെറ്റിന് ഉത്തരവാദികളാണ്. ശുദ്ധ പ്രകൃതിയിൽ ജനിക്കുന്ന മക്കളെ രക്ഷിതാക്കളാണ് വഴിതിരിച്ചു വിടുന്നതെന്ന ആശയം ഇവിടെ പുലരുകയാണ്. അവസാന സമയത്തുള്ള വേവലാതികൾ ജലരേഖയായി പരിണമിക്കുമെന്നറിഞ്ഞിട്ടും കടിഞ്ഞാണിടാൻ കഴിയാതെ പോവുന്നത് എന്തുകൊണ്ടാണെന്ന് മനസ്സിലാവുന്നില്ല.

ഇപ്പോൾ സ്കൂൾ അടച്ചു. മക്കളുടെ മേൽ തുടർച്ചയായ ശ്രദ്ധയും പരിഗണനയും ഉണ്ടായില്ലെങ്കിൽ കാതു മുളച്ചിട്ട് കേൾക്കാത്തതും ഇതുവരെ കാണാത്തതുമായ അനുഭവങ്ങൾ അവർ നമുക്ക് സമ്മാനിച്ചെന്നു വരും. അത്രമേൽ വികൃതമാണ് മക്കളുടെ പരിസരം.

സ്വവീടും വീട്ടന്തരീക്ഷവും മാന്യമാക്കി നല്ല സംസ്കാരങ്ങളുടെ വിളനിലമാകാൻ മനഃപൂർവം ശ്രമിക്കുക എന്നത് മാത്രമാണ് പരിഹാരം.

മാർച്ച് അവസാനം രാത്രി കിടക്കുമ്പോൾ ആത്മാർഥമായി പ്രാർഥിച്ചു പോയി; വരും വർഷങ്ങളിലെങ്കിലും ഈ സെന്റോഫിന് തന്നെ സെന്റോഫായെങ്കിലെന്ന്.

**-മുസ്‌ലിം ബിൻ ഹൈദർ**

മുഖമൊഴി

# ഇതോ ക്ഷേമരാജ്യത്തിന്റെ അടയാളം?

കഴിഞ്ഞ അഞ്ചു വർഷക്കാലത്തെ കേന്ദ്ര സർക്കാരിന്റെ ഭരണത്തെ വിലയിരുത്താനും അതിനനുസരിച്ച് സമ്മതിദാനാവകാശം വിനിയോഗിക്കാനുമുള്ള അവസരമാണ് ഇന്ത്യൻ ജനതക്ക് വന്നുചേർന്നിരിക്കുന്നത്. ഇന്ത്യയിലെ മഹാഭൂരിപക്ഷം വരുന്ന തൊഴിലാളികൾക്കും കർഷകർക്കും ദരിദ്രർക്കും മറ്റു സാധാരണക്കാർക്കും ഏറെ ദുരിതങ്ങൾ സമ്മാനിച്ചുകൊണ്ട് ഭരണചക്രം തിരിച്ചവർ ഇപ്പോൾ അവകാശപ്പെടുന്നത് വൻ നേട്ടങ്ങളാണ് തങ്ങൾ ഉണ്ടാക്കിയിട്ടുള്ളത് എന്നാണ്. ഒരു കാര്യം ശരിയാണ്. നേട്ടങ്ങളുണ്ടായിട്ടുണ്ട്; ചെറുതല്ല വമ്പൻ നേട്ടങ്ങൾ. അതെല്ലാം വൻകിട മുതലാളിമാർക്കാണെന്ന് മാത്രം!

നോട്ട് നിരോധനം, ആൾക്കൂട്ട കൊലപാതകങ്ങൾ, പശുവിന്റെ പേരിലുള്ള നരഹത്യ, കർഷക ആത്മഹത്യകൾ... തുടങ്ങി ഭരണകൂടത്തെ പ്രതിക്കൂട്ടിലാക്കുന്ന ഒട്ടനേകം അനിഷ്ടകരമായ കാര്യങ്ങൾക്കെതിരെ ജനരോഷമുയർന്നിട്ടും നമ്മുടെ പ്രധാനമന്ത്രി ഇതൊന്നും തന്നെ പ്രതികൂലമായി ബാധിക്കുന്ന കാര്യമല്ല എന്ന മട്ടിൽ ലോകരാജ്യങ്ങളിൽ കറങ്ങിനടക്കാൻ ധൈര്യപ്പെട്ടത് ആരൊക്കെ എന്തൊക്കെ പറഞ്ഞാലും അഞ്ചുവർഷക്കാലം തന്റെ കസേര ഭദ്രമാണ് എന്ന ആത്മവിശ്വാസം കൊണ്ടായിരുന്നു.

ഇന്ത്യക്കകത്തും പുറത്തും സർക്കാരിന്റെ പരാജയത്തെ മൂടിവെക്കാനും ഇല്ലാത്ത നേട്ടങ്ങൾ പർവതീകരിച്ച് കാണിക്കാനും അതിവിപുലമായ പബ്ലിക് റിലേഷൻ നെറ്റ്വഴി ഭരണകൂടം ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇന്ത്യ ഒരു സൂപ്പർ പവറായിരിക്കുന്നു എന്ന് ലോകത്തെ ബോധ്യപ്പെടുത്താൻ വ്യഗ്രത കാണിച്ചുകൊണ്ടിരിക്കുന്നു.

സൈനികബലവും അത്യാധുനിക യുദ്ധായുധങ്ങളും സാറ്റലൈറ്റുകളെ പോലും തകർക്കാൻ കഴിയുന്ന മിസൈലുകളും മറ്റുമാണോ ഒരു ക്ഷേമരാജ്യത്തിന്റെ അടയാളം?

ഇന്റർ നാഷണൽ ഫുഡ് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് 2017 ഒക്ടോബറിൽ പുറത്തിറക്കിയ 'ഗ്ലോബൽ ഹംഗർ ഇൻഡക്സി'ൽ 119 രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യയുടെ സ്ഥാനം നൂറാമതാണ്! 2016ൽ ഇന്ത്യ 97ാം സ്ഥാനത്തായിരുന്നു. ഏറ്റവും ഒടുവിലത്തെ കണക്കനുസരിച്ച് ഇന്ത്യ 103ാം സ്ഥാനത്താണ്. ഇന്ത്യയെക്കാൾ ജനസംഖ്യയുള്ള ചൈനയുടെ സ്ഥാനം 29 ആണ് എന്നോർക്കുക! കുട്ടികളുടെ പോഷകാഹാരക്കുറവിന്റെ കാര്യത്തിൽ ലോകത്ത് ഇപ്പോൾ ഒന്നാം സ്ഥാനം ഇന്ത്യക്കാണ്. വളർച്ച മുരടിച്ച കുട്ടികളുടെ എണ്ണം ആഗോളതലത്തിൽ 22.9 ശതമാനമാണ്. ഇന്ത്യയിൽ ഇത് 38.4 ആണ്.

ഇന്ത്യയിലെ കാർഷിക മേഖലയുടെ അവസ്ഥ ഇന്ന് അത്യധികം ശോചനീയമാണ്. സ്വാമിനാഥൻ കമ്മീഷൻ ശുപാർശ ചെയ്ത കാര്യമാണ് കഴിഞ്ഞ തെരഞ്ഞെടുപ്പു കാലത്ത് മോഡി പ്രചാരണത്തിനായി ഉപയോഗിച്ചത്. നമ്മുടെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനാകണമെങ്കിൽ കർഷകർക്ക് മാന്യമായ ഉൽപന്ന വില കിട്ടുന്നു എന്ന് ഉറപ്പാക്കണം എന്നതായിരുന്നു ആ ശുപാർശ. ഉൽപാദനച്ചെലവിന്റെ 50 ശതമാനവും കൂട്ടിയുള്ള വിലയാണ് അധികാരത്തിലേറിയാൽ തങ്ങൾ ഉറപ്പാക്കുക എന്നായിരുന്നു മോഡിയുടെ വാഗ്ദാനം. എന്നിട്ടിപ്പോൾ എന്തായി? കർഷക ആത്മഹത്യകൾ വർധിച്ചു. ഒരു കിലോ ഉള്ളിക്ക് കർഷകർക്ക് ഒരു രൂപ മാത്രം കിട്ടുന്ന അവസ്ഥ വന്നു. ടൺകണക്കിന് ഉള്ളി നടുറോട്ടിൽ കൊണ്ടുപോയി തള്ളി കർഷകർ പ്രതിഷേധിക്കുമ്പോൾ അവരുടെ മനസ്സിന്റെ വേദന കോർപ്പറേറ്റ് മുതലാളിമാർക്ക് വേണ്ടി മാത്രം ഭരണം കയ്യാളുന്നവർക്ക് മനസ്സിലാക്കാൻ കഴിയില്ല.

വിദ്യാഭ്യാസവും ചികിത്സയും പട്ടിണികൂടാതെയുള്ള മാന്യമായ ജീവിതസാഹചര്യവും സുരക്ഷിതത്വവും എല്ലാവർക്കും ലഭ്യമാകണം. ഏത് മതത്തിൽ വിശ്വസിക്കണം, ഏത് രാഷ്ട്രീയ പാർട്ടിയിൽ പ്രവർത്തിക്കണം, ഏത് ഭക്ഷണം കഴിക്കണം എന്നതൊക്കെ പൗരന്മാരുടെ അവകാശത്തിൽ പെട്ടതാണ്. ഭരണഘടന വിഭാവനം ചെയ്യുന്ന ഇത്തരം മൗലികാവകാശങ്ങൾ അനുവദിച്ചുതരുന്നവരാണ് രാജ്യം ഭരിക്കേണ്ടത്. ഓർക്കുക, സമ്മതിദാനാവകാശം ശക്തമായ ഒരായുധമാണ്. അത് ബുദ്ധിപൂർവം വിനിയോഗിക്കുക.

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ഈസാ നബി(അ): 6



# ക്രൂശീകരണം: വസ്തുതയെന്ത്?

യേശുവിന്റെ കാലത്ത് എല്ലാവരും ഭയത്തോടും വെറുപ്പോടും കൂടി വീക്ഷിച്ചിരുന്ന ഒരു പീഡനോപകരണം മാത്രമായിരുന്നു കുരിശ്. കാരണം അവരുടെ വിശ്വാസപ്രകാരം യേശുവിനെ കുരിശിൽ തറച്ചാണല്ലോ കൊന്നത്. (അധികാരി വർഗത്തിനിഷ്ടമില്ലാത്ത എത്രയോ നിരപരാധികളും പാവങ്ങളും മുൻ കാലഘട്ടങ്ങളിൽ വിവിധ രാജ്യങ്ങളിലായി ക്രൂശിക്കപ്പെട്ടിട്ടുണ്ട്). എന്നിട്ടും യേശുവിനോടുള്ള സ്നേഹവും ബന്ധവും സൂചിപ്പിക്കാനാണ് കുരിശിനെ തിരഞ്ഞെടുത്തതെങ്കിൽ അതൊരു വിരോധാഭാസമായിപ്പോയി എന്ന് വേണം പറയാൻ. ക്രിസ്തു വിരുദ്ധർ തിരഞ്ഞെടുക്കേണ്ടിയിരുന്ന ആ ചിഹ്നം ക്രിസ്തു സ്നേഹികൾ ആദരപൂർവം ഉയർത്തിപ്പിടിക്കാനും ചുമലിലേന്തി നടക്കാനും ഇടയായത് അവരും ക്രിസ്തുവുമായുള്ള അകലം സൂചിപ്പിക്കുന്നു.

## കുരിശാരോഹണം ഒരു കെട്ടുകഥ മാത്രം

ഈസാ നബി(عليه السلام)യെ ക്രൂശിച്ചു എന്ന് പറയുന്ന സംഭവം ഒരു കെട്ടുകഥയാണ്. അതിന് യാതൊരു തെളിവുമില്ല.

"അല്ലാഹുവിന്റെ ദൂതനായ, മർയമിന്റെ മകൻ മസീഹ് ഈസായെ ഞങ്ങൾ കൊന്നിരിക്കുന്നു എന്നവർ പറഞ്ഞതിനാലും (അവർ ശപിക്കപ്പെട്ടിരിക്കുന്നു). വാസ്തവത്തിൽ അദ്ദേഹത്തെ അവർ കൊലപ്പെടുത്തിയിട്ടുമില്ല, ക്രൂശിച്ചിട്ടുമില്ല. പക്ഷേ, (യാഥാർഥ്യം) അവർക്ക് തിരിച്ചറിയാതാവുകയാണുണ്ടായത്. തീർച്ചയായും അദ്ദേഹത്തിന്റെ (ഈസായുടെ) കാര്യത്തിൽ ഭിന്നിച്ചവർ അതിനെപ്പറ്റി സംശയത്തിൽ തന്നെയാകുന്നു. ഊഹാപോഹത്തെ പിന്തുടരുന്നതല്ലാതെ അവർക്ക് അക്കാര്യത്തെപ്പറ്റി യാതൊരു അറിവുമില്ല. ഉറപ്പായും അദ്ദേഹത്തെ അവർ കൊലപ്പെടുത്തിയിട്ടില്ല. എന്നാൽ അദ്ദേഹത്തെ അല്ലാഹു അവങ്കലേക്ക് ഉയർത്തുകയത്രെ ചെയ്തത്. അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു" (ക്വുർആൻ 4:157,158).

യേശുവിനെ തങ്ങൾ ക്രൂശിച്ച് കൊന്നു എന്നത് യഹൂദികളുടെ കേവലം അവകാശവാദം മാത്രമാകുന്നു. അവർക്ക് അദ്ദേഹത്തെ കൊല്ലാനോ ക്രൂശിക്കാനോ സാധിച്ചിട്ടില്ല. എന്താണ് സംഭവിച്ചത് എന്ന് അവർക്ക് തന്നെ വ്യക്തതയില്ലാത്ത രൂപത്തിൽ യാഥാർഥ്യം തിരിച്ചറിയാതാവുകയാണ് ചെയ്തത്. കുരിശുമരണത്തെ സംബന്ധിച്ച് ധാരാളം അഭിപ്രായ വ്യത്യാസങ്ങൾ അവർക്കിടയിൽ ഇന്നും നിലനിൽക്കുകയാണ്. യേശു കുരിശിലേറിയെങ്കിലും മരിക്കുന്നതിന് മുമ്പ് താഴെ ഇറങ്ങി എന്ന് പറയുന്ന ചിലരുണ്ട്. ഇറങ്ങിയിട്ടില്ല, അതിൽ വെച്ച് തന്നെ മരണപ്പെട്ടു എന്ന് മറ്റു ചിലരും പറയുന്നു. കുരിശിൽ വെച്ച് മരിച്ചിട്ടുമില്ല, താഴേക്ക് ഇറക്കിയിട്ടുമില്ല, നേരെ മുകളിലേക്ക് ഉയർത്തുകയാണ് ചെയ്തതെന്ന് മറ്റു ചിലരും. കുരിശിലേറിയ പിറ്റേ നാൾ ശവക്കല്ലറയിൽ വെച്ച് അദ്ദേഹത്തെ കണ്ടെന്നും കണ്ടില്ലെന്നും പറയുന്നവരുണ്ട്. ഇത്തരം വൈരുധ്യങ്ങൾ നിറഞ്ഞ ധാരാളം അഭിപ്രായങ്ങളിലാണ് അവരുള്ളത്. തെളിവില്ലാതെ, ഊഹത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് അവർ ഇതെല്ലാം പറയുന്നതും. ഈ വിഷയത്തിൽ ഖണ്ഡിതമായിട്ട് ക്വുർആൻ മാത്രമാണ് വിവരങ്ങൾ നൽകുന്നത്. ഉറപ്പായിട്ടും അവർ അദ്ദേഹത്തെ കൊന്നിട്ടില്ലെന്നും അല്ലാഹു അദ്ദേഹത്തെ ഉയർത്തുകയാണ് ചെയ്തത് എന്നും ക്വുർആൻ പറയുന്നു.

ഈസാ നബി(عليه السلام)യെ അല്ലാഹു അവങ്കലേക്ക് ഉയർത്തി. (അല്ലാഹു ഉപരിലോകത്താണ് ഉള്ളത് എന്നതിന് ഈ പരാമർശവും തെളിവാണ്). അതിനെക്കുറിച്ചുള്ള വിശദവിവരം അല്ലാഹു നമുക്ക് വ്യക്തമാക്കിത്തരാത്തതിനാൽ അതിനെ സംബന്ധിച്ചുള്ള ചർച്ച അപ്രസക്തമാണ്. ഈസാ(عليه السلام) ഭൂമിയിലേക്ക് രണ്ടാമതും വരും. അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ശേഷം നമുക്ക് വിശദീകരിക്കാം.



എ.ഡി 325ൽ മുപ്പതോളം സുവിശേഷങ്ങൾ നിലവിലുണ്ടായിരുന്നു. അതിൽ നാലെണ്ണം മാത്രമാണ് ഇന്ന് അവശേഷിക്കുന്നത്. യോഹന്നാന്റെ സുവിശേഷം, ലൂക്കോസിന്റെ സുവിശേഷം, മത്തായിയുടെസുവിശേഷം, മാർകോസിന്റെ സുവിശേഷം എന്നിവയാണ് അവ. ബാക്കി വന്നവയെല്ലാം അവർ ചുട്ട് കരിക്കുകയാണ് ഉണ്ടായത്. കുരിശുമരണവുമായി ബന്ധപ്പെട്ട കാര്യങ്ങളിലെ വൈരുധ്യം തന്നെ കാരണം. എന്നിട്ടും നിലവിലെ സുവിശേഷങ്ങളും വൈരുധ്യങ്ങളിൽ നിന്ന് മുക്തമല്ല എന്നതാണ് യാഥാർഥ്യം. അന്ത്യഅത്താഴം, കുരിശിലേറും മുമ്പെയുള്ള വിചാരണ, കുരിശിലെ സ്ഥിതി, വിലാപം, കല്ലറയിൽ കാണാതായത്, ഉയിർത്തെഴുന്നേൽപ് തുടങ്ങിയ കാര്യങ്ങളിൽ പരസ്പര വിരുദ്ധമായ വിവരണങ്ങളാണ് നിലവിലുള്ള സുവിശേഷങ്ങളിലും ഉള്ളത്.

യേശുവിന്റെ കാലത്ത് അദ്ദേഹത്തിന് ശിഷ്യപ്പെടാതിരിക്കുകയും കടുത്ത ശത്രുത വെച്ചുപുലർത്തുകയും ചെയ്ത സെന്റ് പോൾ (അഥവാ സെൻറ് പൗലോസ്) എന്ന ആൾ യേശുവിന്റെ കാലശേഷം അദ്ദേഹത്തിന്റെ അനുയായി ആയിക്കൊണ്ട് പ്രത്യക്ഷപ്പെടുകയും ഇന്ന് ക്രൈസ്തവർക്കിടയിൽ നിലവിലുള്ള, യേശുവിന്റെ അധ്യാപനങ്ങൾക്ക് വിരുദ്ധമായ ചില വിശ്വാസങ്ങൾ പഠിപ്പിക്കുകയുമാണുണ്ടായത്. യഥാർഥത്തിൽ ഇത് ക്രിസ്തുവിന്റെ മതമല്ല, പൗലോസിന്റെ മതമാണ്.

താൻ ഒരു ദിവസം നടന്ന് പോകവെ, യേശു തന്നെ വിളിച്ച് നീ എന്റെ യഥാർഥ ശിഷ്യനാണെന്ന് പറഞ്ഞു, തനിക്ക് യേശുവിന്റെ വെളിപാട് ഉണ്ടായിരിക്കുന്നു എന്നെല്ലാം പറഞ്ഞ് അയാൾ ക്രിസ്തു മതത്തിലേക്ക് രംഗപ്രവേശനം നടത്തി.

ഈസാ നബിﷺ പഠിപ്പിച്ച സത്യമാർഗത്തിൽ നിന്ന് ജനങ്ങളെ വ്യതിചലിപ്പിക്കാനായി പല രൂപത്തിലുള്ള വികല വിശ്വാസങ്ങളും പൗലോസ് കൊണ്ടുവന്നു. തന്റെ ലക്ഷ്യം അദ്ദേഹം നേടിയെടുക്കുകയും ചെയ്തു.

ഈസാ നബിﷺയുടെ ആദർശം തകർക്കാൻ സെൻറ് പോൾ രംഗപ്രവേശനം ചെയ്തത് പോലെ മുഹമ്മദ് നബിﷺയുടെ സമുദായത്തിൽ പ്രശ്നങ്ങൾ ഉണ്ടാക്കുന്നതിന് വേണ്ടി മുസ്‌ലിം വേഷത്തിൽ രംഗത്ത് വന്ന ജൂത ചാരനാണ് അബ്ദുല്ലാഹിബ്നു സബഅ്.

ഈസാ നബിﷺയെ സംബന്ധിച്ച് കളവ് പറഞ്ഞവരെ പറ്റി അല്ലാഹു പറയുന്നത് കാണുക:

“മർയമിന്റെ മകൻ മസീഹ് തന്നെയാണ് അല്ലാഹു എന്ന് പറഞ്ഞവർ തീർച്ചയായും അവിശ്വാസികളായിരിക്കുന്നു. എന്നാൽ മസീഹ് പറഞ്ഞത്; ഇസ്‌റാഈൽ സന്തതികളേ, എന്റെയും നിങ്ങളുടെയും രക്ഷിതാവായ അല്ലാഹുവെ നിങ്ങൾ ആരാധിക്കുവിൻ. അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു അവന്ന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല എന്നാണ്. അല്ലാഹു മൂവരിൽ ഒരാളാണ് എന്ന് പറഞ്ഞവർ തീർച്ചയായും അവിശ്വാസികളാണ്. ഏക ആരാധ്യനല്ലാതെ യാതൊരു ആരാധ്യനും ഇല്ല തന്നെ. അവർ ആ പറയുന്നതിൽ നിന്ന് വിരമിച്ചില്ലെങ്കിൽ അവരിൽ നിന്ന് അവിശ്വസിച്ചവർക്ക് വേദനയേറിയ ശിക്ഷ ബാധിക്കുക തന്നെ ചെയ്യും. ആകയാൽ അവർ അല്ലാഹുവിലേക്ക് ഖേദിച്ചുമടങ്ങുകയും അവനോട് പാപമോചനം തേടുകയും ചെയ്യുന്നില്ലേ? അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ. മർയമിന്റെ മകൻ മസീഹ് ഒരു ദൈവദൂതൻ മാത്രമാകുന്നു. അദ്ദേഹത്തിന് മുമ്പ് ദൂതന്മാർ കഴിഞ്ഞുപോയിട്ടുണ്ട്. അദ്ദേഹത്തിന്റെ മാതാവ് സത്യവതിയുമാകുന്നു. അവർ ഇരുവരും ഭക്ഷണം കഴിക്കുന്നവരായിരുന്നു. നോക്കൂ; എന്നിട്ടും അവർ എങ്ങനെയാണ് (സത്യത്തിൽ നിന്ന്) തെറ്റിക്കപ്പെടുന്നതെന്ന്. (നബിയേ,) പറയുക: അല്ലാഹുവെ കൂടാതെ നിങ്ങൾക്ക് ഉപകാരമോ ഉപദ്രവമോ ചെയ്യാൻ കഴിയാത്ത വസ്തുക്കളെയാണോ നിങ്ങൾ ആരാധിക്കുന്നത്? അല്ലാഹുവാകട്ടെ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു” (ക്വുർആൻ 5:72-76)

ക്രിസ്ത്യാനികൾ ഈസാ നബിﷺയെ ദൈവമായി പ്രഖ്യാപിക്കുകയാണ് ഉണ്ടായത്. അതു കാരണത്താൽ അവർ സത്യനിഷേധികളായിത്തീരുകയാണ് ചെയ്തത്. യഥാർഥത്തിൽ ഈസാ നബിﷺ ‘എന്റെയും നിങ്ങളുടെയും രക്ഷിതാവായ അല്ലാഹുവിനെ മാത്രം ആരാധിക്കുക. അവനിൽ യാതൊന്നിനെയും പങ്കുചേർക്കരുത്. അല്ലാഹുവിൽ പങ്കുചേർക്കുന്നവർക്ക് സ്വർഗം നിഷിദ്ധവും നരകം ഉറപ്പും ആണ്’ എന്നാണ് ഇസ്‌റാഈല്യരെ ഉദ്ബോധിപ്പിച്ചത്.

പിൽക്കാലക്കാർ വേദപുസ്തകത്തെ പല വിധത്തിലുള്ള മാറ്റത്തിരുത്തലുകൾക്ക് വിധേയമാക്കിയെങ്കിലും പല സത്യങ്ങളും അതിലുണ്ടെന്ന് നാം സൂചിപ്പിച്ചുവല്ലോ. എല്ലാറ്റിലും പ്രധാനപ്പെട്ട കൽപന ഏതാണെന്ന ചോദ്യത്തിന് യേശു നൽകിയ മറുപടിയായി മാർക്കോസിന്റെ സുവിശേഷത്തിൽ ഇപ്രകാരം കാണാം: “ഇതാണ് ഒന്നാമത്തെ കൽപന, ഇസ്രാഈലേ കേൾക്ക; നമ്മുടെ ദൈവമായ കർത്താവ് ഏക കർത്താവ്. നീ നിന്റെ ദൈവമായ കർത്താവിനെ പൂർണ ഹൃദയത്തോടും പൂർണ ആത്മാവോടും പൂർണ മനസ്സോടും പൂർണ ശക്തിയോടും കൂടെ സ്നേഹിക്കുക” (മാർക്കോസ് 12:29,30).

പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്നു പേരും ചേർന്നതാണത്രെ ദൈവം! ഈ സിദ്ധാന്തത്തിനാണ് ത്രിയേകത്വം എന്ന് ഇവർ പേര് പറയുന്നത്. മൂന്ന് സ്വതന്ത്ര അസ്തിത്വം ചേർന്ന ഏകദൈവം! ബുദ്ധി കൊണ്ടോ പ്രമാണം കൊണ്ടോ ഉൾക്കൊള്ളാനും തെളിയിക്കാനും സാധിക്കാത്ത ഈ സിദ്ധാന്തത്തിന് തൃപ്തികരമായ വിശദീകരണം നൽകാൻ ക്രൈസ്തവ പണ്ഡിതർക്ക് ഇന്നേവരെ കഴിഞ്ഞിട്ടില്ല. അതിനാൽ തന്നെ ത്രിയേകത്വ ദൈവസങ്കൽപത്തിന്റെ പൊരുൾ ഈ ജീവിതത്തിൽ മനുഷ്യർക്ക് ഉൾക്കൊള്ളാൻ സാധിക്കുന്നതല്ലെന്ന് തുറന്ന് സമ്മതിക്കുന്ന അവസ്ഥയിലേക്ക് വരെ കാര്യങ്ങൾ എത്തിയിട്ടുണ്ട്.

ഈസാ നബിﷺ എല്ലാ പ്രവാചകന്മാരെയും പോലെ ഒരു പ്രവാചകൻ മാത്രമാണ്. അദ്ദേഹം ദൈവമോ ദൈവത്തിന്റെ പുത്രനോ അല്ല. ഇവരും ഭക്ഷണം കഴിക്കുന്നവരായിരുന്നു. അവർക്ക് അല്ലാഹു കൊടുത്തിട്ടുള്ള സ്ഥാനത്തിനപ്പുറത്തേക്ക് അവരെ ഉയർത്തിപ്പറയാൻ നമുക്ക് പാടില്ല. അത് വിശ്വാസ തകർച്ചയിലേക്കാണ് എത്തിക്കുക. അതാണ് ജൂത-ക്രൈസ്തവർക്ക് സംഭവിച്ചത്.

ഈസാ നബിﷺയോടും മാതാവ് മർയമിനോടും പ്രാർഥിക്കുന്നവരാണല്ലോ ക്രൈസ്തവർ. യേശുവും മർയമും സംസാരിച്ച ഭാഷ പോലും ഇന്ന് നിലവിലില്ല. അവരാകട്ടെ, ഇന്നുള്ള ഇംഗ്ലീഷോ ഹിന്ദിയോ മലയാളമോ ഒന്നും അറിയാത്തവരുമായിരുന്നു. പിന്നെ, അവർ എങ്ങനെ ഈ ഭാഷകളിലുള്ള പ്രാർഥനകൾ കേട്ട് മനസ്സിലാക്കും? എങ്ങനെ ഉപകാരം ചെയ്യും?

ഈസാ നബിﷺയും മാതാവും എല്ലാ മനുഷ്യരെയും പോലെ വിശപ്പ്, ദാഹം, ശ്വസനം, ഉറക്കം, സന്തോഷം, സന്താപം പോലെയുള്ള മനുഷ്യ പ്രകൃതങ്ങളായ എല്ലാ കാര്യങ്ങളും ഉള്ളവരായിരുന്നു.

മാറ്റത്തിരുത്തലുകൾക്ക് വിധേയമായ ബൈബിളിൽ പോലും ഇതിന് ഉപോൽബലകമായ തെളിവുകൾ കാണാം.

അബ്രഹാമിന്റെയും ദാവീദിന്റെയും പുത്ര പരമ്പരയിൽ യേശു ജനിക്കുന്നു (ലൂക്കോസ് 2:21).

യേശു മുലകുടിക്കുന്നു (ലൂക്കോസ്11:27).

യേശു കഴുതപ്പുറത്ത് യാത്ര ചെയ്യുന്നു (മത്തായി 21:5).

യേശു ഭക്ഷണവും പാനീയവും ഉപയോഗിക്കുന്നു (മത്തായി 11:19).

യേശു വസ്ത്രമുപയോഗിക്കുന്നു (യോഹന്നാൻ19:23).

യേശുവിന് വളർച്ചക്കനുസരിച്ച് ജ്ഞാനം വർധിക്കുന്നു (ലൂക്കോസ് 21:40).

യേശുവിന് സ്വമേധയാ ഒന്നും ചെയ്യാൻ കഴിയില്ല (യോഹന്നാൻ 5:30).

യേശുവിന് അത്തിമരത്തിന്റെ ഫലദായക സമയം എപ്പോഴാണെന്നറിയില്ല (മാർക്കോസ് 11:12).

യേശുവിന് വിശപ്പ് അനുഭവപ്പെടുന്നു (മാർക്കോസ് 11:12).

യേശുവിന് ദാഹം അനുഭവപ്പെടുന്നു (യോഹന്നാൻ 19:28).

യേശു ഉറങ്ങുന്നു (മത്തായി 8:24).

യേശു യാത്ര ചെയ്താൽ ക്ഷീണിക്കുന്നു (യോഹന്നാൻ 4:6).

യേശു അസ്വസ്ഥനായി നെടുവീർപ്പിടുന്നു (യോഹന്നാൻ 11:33).

യേശു കരയുന്നു (യോഹന്നാൻ 11:35).

യേശു ദുഃഖിക്കുന്നു (മത്തായി 26:37).

യേശു യഹൂദന്മാരെ ഭയക്കുന്നു (യോഹന്നാൻ 18:12,13).

യേശു ഒറ്റുകൊടുക്കപ്പെടുന്നു (യോഹന്നാൻ 18:2).

യേശു ബന്ധിക്കപ്പെടുന്നു (യോഹന്നാൻ 18:12,13).

യേശു അപമാനിക്കപ്പെടുന്നു (മത്തായി 26:67).

യേശുവിന് അടികിട്ടുന്നു (യോഹന്നാൻ 18:12).

യേശു മരണത്തെ ഭയക്കുന്നു (മാർക്കോസ് 14:36).

യേശു ദൈവത്തോട് പ്രാർഥിക്കുന്നു (മത്തായി 26:42).

യേശു ദൈവമോ ദൈവപുത്രനോ അല്ലെന്ന് ഈ ഉദ്ധരണികൾ നോക്കുന്ന ആർക്കും മനസ്സിലാകും. അതെ, അദ്ദേഹം ഒരു പ്രവാചകൻ മാത്രമായിരുന്നു; മനുഷ്യനായ പ്രവാചകൻ.

മുകളിൽ പറഞ്ഞ, മനുഷ്യ പ്രകൃതിയിലെ ഗുണങ്ങളും ദൗർബല്യങ്ങളും ഈസാﷺന് ഉണ്ടായിട്ടും അദ്ദേഹത്തെ ദൈവമായി ഗണിക്കുന്ന ക്രൈസ്തവ നടപടിയെ ക്വുർആൻ താക്കീത് ചെയ്യുന്നത് കാണുക:

"വേദക്കാരേ, നിങ്ങൾ മതകാര്യത്തിൽ അതിരുകവിയരുത്. അല്ലാഹുവിന്റെ പേരിൽ വാസ്തവമല്ലാതെ നിങ്ങൾ പറയുകയും ചെയ്യരുത്. മർയമിന്റെ മകനായ മസീഹ് ഈസാ അല്ലാഹുവിന്റെ ദൂതനും മർയമിലേക്ക് അവൻ ഇട്ടുകൊടുത്ത അവന്റെ വചനവും അവങ്കൽ നിന്നുള്ള ഒരു ആത്മാവും മാത്രമാകുന്നു. അത് കൊണ്ട് നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതന്മാരിലും വിശ്വസിക്കുക. ത്രിത്വം എന്ന വാക്ക് നിങ്ങൾ പറയരുത്. നിങ്ങളുടെ നന്മയ്ക്കായി നിങ്ങൾ (ഇതിൽ നിന്ന്) വിരമിക്കുക. അല്ലാഹു ഏക ആരാധ്യൻ മാത്രമാകുന്നു. തനിക്ക് ഒരു സന്താനമുണ്ടായിരിക്കുക എന്നതിൽ നിന്ന് അവനെത്രയോ പരിശുദ്ധനത്രെ. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതുമെല്ലാം അവന്റെതാകുന്നു. കൈകാര്യകർത്താവായി അല്ലാഹു തന്നെ മതി. അല്ലാഹുവിന്റെ അടിമയായിരിക്കുന്നതിൽ മസീഹ് ഒരിക്കലും വൈമനസ്യം കാണിക്കുന്നതല്ല. (അല്ലാഹുവിന്റെ) സാമീപ്യം സിദ്ധിച്ച മലക്കുകളും (വൈമനസ്യം കാണിക്കുന്നതല്ല). അവനെ (അല്ലാഹുവെ) ആരാധിക്കുന്നതിൽ ആർ വൈമനസ്യം കാണിക്കുകയും അഹംഭാവം നടിക്കുകയും ചെയ്യുന്നുവോ അവരെ മുഴുവനും അവൻ തന്റെ അടുക്കലേക്ക് ഒരുമിച്ചുകൂട്ടുന്നതാണ്" (4:171,172).



കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ
cparappur@gmail.com

കവർ സ്റ്റോറി

# വെളിച്ചം പകരലാണ് നവോത്ഥാനം

**ഏറെ തെറ്റുധരിക്കപ്പെടുകയും തെറ്റുധരിപ്പിക്കപ്പെടുകയും ചെയ്ത പദമാണ് നവോത്ഥാനം എന്നത്. വ്യത്യസ്ത മത–രാഷ്ട്രീയ–സാംസ്കാരിക കൂട്ടായ്മകൾ സ്ഥാനത്തും അസ്ഥാനത്തും പ്രയോഗിച്ച് വികലമാക്കിയ നവോത്ഥാനത്തിന്റെ നേരർഥമെന്താണ്? ഇസ്‌ലാമിക പരിപ്രേക്ഷ്യത്തിൽ, വിശിഷ്യാ കേരള മുസ്‌ലിം സാമൂഹിക സാഹചര്യത്തിൽ നവോത്ഥാനം പ്രസക്തമാവുന്നത് എങ്ങനെയാണ്?**

അടുത്ത കാലത്തായി കേരളത്തിന്റെ അന്തരീക്ഷത്തിൽ കൂടുതൽ മുഴങ്ങിക്കേട്ട ഒരു വാക്കാണ് 'നവോത്ഥാനം' എന്നത്. വ്യത്യസ്ത മതവിഭാഗങ്ങളും രാഷ്ട്രീയപ്പാർട്ടികളും വാതോരാതെ നവോത്ഥാനത്തെക്കുറിച്ച് പറഞ്ഞുകൊണ്ടിരിക്കുന്നു. എന്തിനേറെ, ഒരു കാലത്ത് മുസ്‌ലിം സമുദായത്തിനകത്തെ നവോത്ഥാന പരിശ്രമങ്ങളെ അങ്ങേയറ്റം എതിർത്തിരുന്നവരുടെ പിൻതലമുറക്കാർ വരെ നവോത്ഥാനത്തെക്കുറിച്ച് പറയുകയും സമുദായത്തിന്റെ ഉന്നമനത്തിനു പിന്നിൽ തങ്ങളാണെന്ന് അവകാശവാദമുന്നയിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു!

സംസ്കാരം എന്ന പദം പോലെത്തന്നെ വികലമായി വ്യാഖ്യാനിക്കപ്പെട്ട മറ്റൊരു പദമാണ് നവോത്ഥാനം എന്നത്. മാനുഷിക മൂല്യങ്ങൾക്ക് വില കൽപിക്കാതെ, നീതിനിഷ്ഠകൾക്കതീതമായി, തോന്നിയപോലെ ജീവിക്കുന്നതാണ് സംസ്കാരം എന്നാണ് പുതുതലമുറ ധരിച്ചുവശായിട്ടുള്ളത്. അപ്രകാരം തന്നെ സമൂഹം ഇന്നോളം അംഗീകരിച്ചുപോന്ന നൈതിക മൂല്യങ്ങളെ വെല്ലുവിളിച്ച് അപമാനവികതയെ ഏറ്റെടുക്കലാണ് നവോത്ഥാനം എന്ന് ചിലർ വിചാരിക്കുന്നുവോ എന്ന് അവരുടെ ചില കാട്ടിക്കൂട്ടലുകൾ കാണുമ്പോൾ തോന്നിപ്പോവുകയാണ്.

മാന്യന്മാർ കണ്ടാൽ അറക്കുന്ന ഫ്രീക്കൻ ജ്വരവും നഗ്നതാ പ്രദർശനവും ചുംബന സമരവും പോലുള്ളതെല്ലാം ഇക്കാലത്ത് വളരുന്നത് ആധുനിക സംസ്കാരത്തിന്റെയും നവോത്ഥാന വിപ്ലവത്തിന്റെയും പേരിലാണല്ലോ.

അപഥ സഞ്ചാരം വിട്ട് മൗലികതയിലധിഷ്ഠിതമായ തനിമയിലേക്ക് തിരിച്ചുവരിക എന്നതാണ് നവോത്ഥാനം അർഥമാക്കുന്നത്. പ്രമാണബദ്ധമായ നിലപാടും മൗലിക വീക്ഷണവുമില്ലാത്ത പ്രത്യയശാസ്ത്രങ്ങൾക്ക് നവോത്ഥാനം ഒരു അപ്രാപ്യ സങ്കൽപം മാത്രമായിരിക്കും. ചിലപ്പോൾ നവോത്ഥാനം അവരെ അഥവാ അത്തരം സംസ്കാരങ്ങളെ മാനവികത വിട്ട് മൃഗീയതയിലേക്ക് നയിക്കും. അതാണ് മുകളിൽ സൂചിപ്പിച്ച ഗോഷ്ഠികൾ സമൂഹത്തിന് നൽകുന്ന പാഠം.

### ഇസ്‌ലാം - നവോത്ഥാനം

തീർത്തും മാനവികമായ നിയമാടിത്തറയിലാണ് ഇസ്‌ലാമിക പ്രത്യയ ശാസ്ത്രം സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. ഇസ്‌ലാം മനുഷ്യനോട് കൽപിച്ച കാര്യങ്ങൾ; പതിനാല് നൂറ്റാണ്ട് പിന്നിട്ട ഇക്കാലത്തും അവ വേണ്ടാത്തതോ അപ്രായോഗികമോ ആയിരിക്കുന്നു എന്ന് സമർഥിക്കാൻ ഒരാൾക്കും കഴിയില്ല. ഇസ്‌ലാം വിരോധിച്ച ഏതെങ്കിലുമൊന്ന് വേണ്ടതാണെന്ന് പറയാനും കഴിയില്ല. ഇസ്‌ലാമിക നിയമങ്ങൾ ദൈവകമാണെന്നും പ്രമാണബദ്ധമാണെന്നും ഇതിൽ നിന്നും വ്യക്തമാണ്. അത് എക്കാലത്തും ഏതു സാഹചര്യത്തിലും പ്രസക്തവും പ്രയോജനക്ഷമവുമാണ്. ബൗദ്ധികമായ വികാസവും നാഗരികതയും എത്ര മുന്നോട്ട് പോയാലും ഇസ്‌ലാമിക നിയമ സംഹിതയുടെ മൗലികത നിത്യപ്രസക്തം തന്നെയായിരിക്കും.

ഈ തനിമ പിൽക്കാലത്ത് മനുഷ്യ ചെയ്തികളാൽ നഷ്ടപ്പെടുകയും ആശയതലം വികലമാക്കപ്പെടുകയും ചെയ്തപ്പോൾ ആ തനിമയെ വീണ്ടെടുക്കുവാൻ നവോത്ഥാനം വേണ്ടിവന്നു. പുതിയ അലകും പിടിയും വെച്ചു കൊണ്ടല്ല, കാലത്തിനൊപ്പിച്ച് പുനർനിർമിച്ചു കൊണ്ടുമല്ല. മറിച്ച് പഴമ തന്നെ ഏത് കാലഘട്ടത്തിലും പ്രസക്തമാണെന്ന് പ്രഖ്യാപിച്ചു കൊണ്ടാണ് ഇസ്‌ലാമിക സമൂഹത്തിൽ നവോത്ഥാനം കാഹളം മുഴക്കിയത്.

### തുടക്കം, തുടർച്ച, തളർച്ച

കേരളക്കരയിലേക്ക് ഇസ്‌ലാം മതം കടന്നുവരുന്നത് സ്വാഭാവികമായ ഒരു സാഹചര്യത്തിന്റെ ഫലമാണ്. അറബ് മുസ്‌ലിം വ്യാപാരികൾ ഈ നാട്ടിലെ ജനങ്ങളുമായി ഇടപഴകിയപ്പോൾ അവരിൽ നിന്ന് സമത്വബോധവും സൽവിചാരവും നേരിൽ കണ്ട ഇന്നാട്ടുകാർ നൂറ്റാണ്ടുകളായി തങ്ങളനുഭവിക്കുന്ന ഉച്ചനീചത്വങ്ങളിൽ നിന്നുള്ള മോചനം ഈ വ്യാപാരികളുടെ മതത്തിലുണ്ട് എന്ന് നേരിൽ അനുഭവച്ചറിഞ്ഞതു കൊണ്ടാണ് ഇസ്‌ലാം സ്വീകരിച്ചത്. മേൽജാതി, കീഴ്ജാതി, ഐത്തം തുടങ്ങി ഒട്ടനവധി അനാചാരങ്ങളും അന്ധവിശ്വാസങ്ങളും കൊണ്ട് പൊറുതിമുട്ടിയ സമൂഹം ഇസ്‌ലാമിന്റെ വിശ്വാസം, സ്വഭാവം, ആചാര മഹിമ മുതലായവ നേരിട്ടറിഞ്ഞപ്പോൾ അതിൽ ആകൃഷ്ടരായി എന്നു മാത്രം. ഈ ഇസ്‌ലാമികത്തനിമ നിലനിർത്തിയ ഒരു



സമൂഹമായിരുന്നു തുടക്കം മുതൽ ഇന്നാട്ടിലെ മുസ്‌ലിംകൾ. കേരളത്തിൽ ഏതു രംഗങ്ങളിലും പ്രബലതയും സാന്നിധ്യവും അംഗീകാരവുമുള്ള ജനതായായിരുന്നു അവർ. ആ പ്രതാപം തുടർന്നുപോന്നു.

എന്നാൽ പിൽക്കാലത്ത് വടക്കേ ഇന്ത്യയിൽ നിന്നുള്ള സ്വൂഫി ചിന്താഗതി മുസ്‌ലിംകളെ സ്വാധീനച്ചതാണ് അവരുടെ പിന്നാക്കാവസ്ഥക്കും അവരിൽ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കടന്നുകൂടുന്നതിനും കാരണമായത്. ലോകാടിസ്ഥാനത്തിൽ തന്നെ ഇസ്‌ലാമിക സമൂഹത്തെ അഹ്‌ലുസ്സുന്നയുടെ സ്വച്ഛമായ മാർഗത്തിൽ നിന്ന് വ്യതിചലപ്പിച്ച ശീഈ സ്വാധീനം സ്വൂഫികളിൽ കൂടി കേരളത്തിൽ പ്രചരിച്ചു. ബോംബെയിലെ പഠാണി വംശജരായ അഹ്മദ്ഷാ വലിയുല്ല എന്ന ശീഈ സ്വൂഫി കേരളത്തിൽ വന്ന് ദർഗകളും മതത്തിൽ കേട്ടുകേൾവി പോലുമില്ലാത്ത ആചാരങ്ങളും ത്വരീഖത്തുകളും പ്രചരിപ്പിച്ചു തുടങ്ങിയപ്പോൾ പുതിയതായി ഇസ്‌ലാമിലേക്ക് വന്നവർ ഇതാണ് മതം എന്ന് തെറ്റിദ്ധരിച്ചു. അവർക്ക് ക്വുർആൻ പഠിക്കുകയോ ശരീഅത്തിന്റെ യഥാർഥ മുഖം ഗ്രഹിക്കുകയോ ചെയ്യാൻ അവസരം ലഭിച്ചില്ല. മറിച്ച് ഒരുതരം വഴിവിട്ട ആത്മീയ ജ്വരത്തിൽ അവർ ലയിച്ചു. ഖാൻഖാഹുകളും ആടിത്തിമർക്കുന്ന ദിക്റ് ഹൽഖകളും ശവകുടീരങ്ങളും സിദ്ധന്മാരും വ്യാജ ചികിത്സകളും മാല മൗലീദുകളും നേർച്ച ഉത്സവങ്ങളും തുടങ്ങി മുസ്‌ലിം സാമാന്യ ജനങ്ങളിൽ മതവിരുദ്ധ ആത്മീയത പ്രചരിപ്പിച്ചു. അവർ അജ്ഞതയുടെ ആഴത്തിലേക്ക് കൂപ്പുകുത്തി.

'കുണ്ടോട്ടി കൈക്കാർ' എന്ന പേരിൽ അറിയപ്പെട്ട അഹ്മദ്ഷായുടെ കക്ഷികൾ ഉത്തരേന്ത്യയിലെ ബറേൽവിസത്തിന്റെ പ്രചാരകരായിരുന്നു. ഈ ത്വരീഖത്തിന്റെ ശൈഖുമാർ ഭൂമിയിൽ അല്ലാഹുവിന്റെ പ്രതിനിധികളാണെന്നും അവർ മുഖേനയല്ലാതെ സ്വർഗ പ്രവേശം സാധ്യമല്ലെന്നും അവർ വിശ്വസിച്ചു. ജീലാനി, നഖ്ശബന്തി, നൂരിയ്യ തുടങ്ങി ഒട്ടേറെ ത്വരീഖത്തുകൾ ഇവർ മുഖേന നിലവിൽ വന്നു. ഈ അന്ധവിശ്വാസങ്ങളുടെ തുടർച്ചയും വളർച്ചയും പിന്നീട് ക്രമപ്രവൃദ്ധമായി പുതിയ വേഷത്തിലും പേരിലും ഭാവാതികളിലും ഇന്നും നിലനിൽക്കുന്നുണ്ട്. ഈ ത്വരീഖത്തുകളും സിദ്ധശൈഖുമാരും പിന്നീട് സ്ഥാപനങ്ങളും സംഘടനകളുമായി വേർപിരിഞ്ഞ് ശക്തിനേടി. ശവകുടീരവ്യവസായങ്ങൾക്ക് പുതിയ പകിട്ടുകൾ നൽകി. വ്യാജസിദ്ധന്മാർ ദിക്റ് ചൊല്ലി, മാലപ്പാട്ടും പാടി വീടുവീടാന്തരം കയറിയിറങ്ങി ആത്മീയതയുടെ പേരിൽ ഏലസ്സും ഊത്തും നൂലും വിറ്റ് പണം പിരിച്ച് നടന്നു. ആ വ്യവസായത്തിന് പുതിയ മുഖം നൽകിക്കൊണ്ട് ചൂഷണം ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു. ഈ അന്ധവിശ്വാസ പ്രചാരണങ്ങളുടെ പുതിയ മുഖങ്ങളെയാണ് നവോത്ഥാനം എന്ന് അവർ അവകാശപ്പെടുന്നത്.

**നവോത്ഥാനം എന്തിന്?**

ഇസ്‌ലാം മത വിശ്വാസികൾ അവരുടെ പ്രമാണങ്ങളിൽ നിന്ന് വഴിതെറ്റിയപ്പോൾ അത് മനസ്സിലാക്കിയ പണ്ഡിതന്മാരും ധിഷണാശാലികളും അവരെ യഥാർഥ പ്രമാണങ്ങളിലേക്കും മതത്തിന്റെ തനിമയിലേക്കും തിരിച്ചുകൊണ്ടുവരാൻ നടത്തിയ ബഹുമുഖ ജീവിത മേഖലിയിലുള്ള പരിശ്രമങ്ങളാണ് നവോത്ഥാനം എന്ന പദം കൊണ്ട് അർഥമാക്കുന്നത്.

മുസ്‌ലിം ബഹുജനങ്ങളിൽ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വ്യാപിച്ചതോടെ അവർ എല്ലാ രംഗത്തും പിന്നാക്കം പോയി. അജ്ഞതയും പതിത്വവും അവരെ ഗ്രസിച്ചു. തലയുയർത്തി ജീവിക്കാൻ അർഹതയില്ലാത്തവിധം അപകർഷത അവരെ വരിഞ്ഞുമുറുക്കി. വിശ്വാസത്തിന്റെ പ്രതാപവും ക്വുർആനിക വെളിച്ചത്തിന്റെ അഭിമാനബോധവും അവർക്കു നഷ്ടപ്പെട്ടു. വൈജ്ഞാനികമായും സാംസ്കാരികമായും രാഷ്ട്രീയപരമായും തൊഴിൽ-സാമ്പത്തിക മേഖലകളിലും ഈ പിന്നാക്കാവസ്ഥ മുസ്‌ലിംകളെ ബാധിച്ചു.

ഈ സാഹചരത്തിലാണ് മുസ്‌ലിംകളിൽ നവോത്ഥാന ചിന്താ പ്രസ്ഥാനം സ്വാഭാവിക സാഹചര്യത്തിൽ രൂപപ്പെടുന്നത്. അതിനു വേണ്ടി ഒരു പ്രത്യേക സംഘടനയുണ്ടാക്കി തുടങ്ങുകയല്ല ചെയ്തത്. മ

**അപഥ സഞ്ചാരം വിട്ട് മൗലികതയിലധിഷ്ഠിതമായ തനിമയിലേക്ക് തിരിച്ചുവരിക എന്നതാണ് നവോത്ഥാനം അർഥമാക്കുന്നത്. പ്രമാണബദ്ധമായ നിലപാടും മൗലിക വീക്ഷണവുമില്ലാത്ത പ്രത്യയ ശാസ്ത്രങ്ങൾക്ക് നവോത്ഥാനം ഒരു അപ്രാപ്യ സങ്കൽപം മാത്രമായിരിക്കും. ചിലപ്പോൾ നവോത്ഥാനം അവരെ അഥവാ അത്തരം സംസ്കാരങ്ങളെ മാനവികത വിട്ട് മൃഗീയതയിലേക്ക് നയിക്കും. അതാണ് മുകളിൽ സൂചിപ്പിച്ച ഗോഷ്ഠികൾ സമൂഹത്തിന് നൽകുന്ന പാഠം.**

റിച്ച് മുസ്‌ലിംകളുടെ ശോചനീയാവസ്ഥ മനസ്സിലാക്കിയ എല്ലാവരും ഒരു മാറ്റം ആഗ്രഹിച്ചു. അവരവരെക്കൊണ്ടാവുന്നത് ഒറ്റക്ക് പ്രവർത്തിച്ചു. മുസ്‌ലിം സമൂഹത്തിന് പ്രതാപവും ബുദ്ധിപരമായ കരുത്തും അത് മുഖേന അഭിമാനകരമായ അസ്തിത്വവുമുണ്ടായത് അവർ വിശുദ്ധ ക്വുർആനിനെയും തിരുനബിﷺയുടെ ചര്യകളെയും പിൻപറ്റിയപ്പോഴായിരുന്നു. ചരിത്രത്തിന്റെ വെളിച്ചത്തിൽ അവർ പ്രമാണങ്ങൾ പ്രചരിപ്പിച്ചു. പുരോഹിതന്മാരുടെ പാതിരാപ്പാട്ടുകളും മാലമൗലിദുകളും പ്രമാണമായി മനസ്സിലാക്കിയ സാധാരണക്കാർ ക്വുർആനും ഹദീഥും കേട്ടു തുടങ്ങി.



തിരുവിതാംകൂർ ഭാഗത്ത് വക്കം മൗലവി, കാസർഗോഡ് അതിർത്തി പ്രദേശങ്ങളിൽ ശാഹുൽ സാഹിബ്, വടക്കെ മലബാറിലെ കണ്ണൂർ ഭാഗത്ത് പി. അബ്ദുൽ ക്വാദിർ മൗലവി, വെളിയങ്കോട്ട് സയ്യിദ് ഥനാഉല്ലാ മക്തി തങ്ങൾ, തിരൂരങ്ങാടിയിൽ കെ.എം മൗലവി, വാഴക്കാട്ട് ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി തുടങ്ങിയവർ ഈ ചിന്താധാരയെ ഒറ്റക്കും കൂട്ടായും ഉൾക്കൊണ്ട ചിലരാണ്. പ്രസ്ഥാനത്തിന്റെ പ്രാമാണിക പ്രതിബദ്ധത തിരിഞ്ഞവർ അതിനെ പിന്തുണച്ചു. അക്കാലത്ത് വിദ്യാഭ്യാസവും കുലമഹിമയും സ്വതന്ത്ര ചിന്തയും കൊണ്ട് അനുഗൃഹീതമായ കൊടുങ്ങല്ലൂരിലെ എറിയാടും അഴീക്കോട്ടുമുള്ള ചില പ്രമുഖർ സമുദായ മക്കൾക്ക് വിദ്യാഭ്യാസം നൽകാനുള്ള ശ്രമങ്ങളാരംഭിച്ചു. കോട്ടപ്പുറത്ത് സീതി മുഹമ്മദ്, മണപ്പാട്ട് കുഞ്ഞഹമ്മദ് ഹാജി തുടങ്ങിയ സലഫി ചിന്താധാരയിൽ വിശ്വസിച്ചവരായിരുന്നു ഇതിന് മുൻപന്തിയിൽ നിന്നത്. സീതി മുഹമ്മദ് സാഹിബിന്റെ പുത്രൻ കെ. എം സീതി സാഹിബ്, അദ്ദേഹത്തിന്റെ സതീർഥ്യനായിരുന്ന മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ് തുടങ്ങിയവർ ഈ പാഠശാലകളിൽ പഠിച്ചു വളർന്നുവന്നു. സ്വന്തം കുടുംബത്തിന്റെ വകയായ ജാറം തകർത്ത് വിപ്ലവത്തിന് നേതൃത്വം നൽകി മണപ്പാട്ട് കുഞ്ഞഹമ്മദ് ഹാജി അന്ധവിശ്വാസം പ്രചരിപ്പിക്കുന്ന പുരോഹിതന്മാരുടെ പേടി സ്വപ്നമായിരുന്നു.

വക്കം മൗലവിയുടെ ശിക്ഷണം ലഭിച്ച ശൈഖ് മുഹമ്മദ് മാഹിൻ ഹമദാനിയുടെ പിൽക്കാലത്തെ പ്രബോധന തട്ടകം ആലപ്പുഴ വടുതലയിൽ നിന്ന് കൊടുങ്ങല്ലൂരിലേക്ക് മാറ്റി. സയ്യിദ് ഥനാഉല്ലാ മക്തി തങ്ങളും ഈ മേഖലകളിൽ പ്രബോധന രംഗത്ത് പടയോട്ടം നടത്തി. ഒരു ഭാഗത്ത് മുസ്‌ലിം പുരോഹിതന്മാർ മുസ്‌ലിംകളെ പിന്നോട്ട് വലിച്ചപ്പോൾ മറുഭാഗത്ത് ബ്രിട്ടീഷ് ഭരണത്തിന്റെ മറവിൽ മിഷണിമാർ മുസ്‌ലിംകളിൽ ഇസ്‌ലാമിക വിരുദ്ധ ചിന്ത പ്രചരിപ്പിച്ചു. ഇതിനെയെല്ലാം മക്തി തങ്ങൾ സമർഥമായി നേരിട്ടു. ഇസ്‌ലാമിന്റെ യഥാർഥ പ്രമാണങ്ങളിൽ നിന്ന് വ്യതിചലിച്ചതാണ് മുസ്‌ലിംകളുടെ അധഃപതനത്തിന് കാരണമെന്ന് ചിന്തിച്ചു പ്രവർത്തിച്ചവരായിരുന്നു ഇവർ.

ഇതേ കാലത്ത് തന്നെ മലബാറിലെ വാഴക്കാട് പള്ളിദർസ് നത്തിയിരുന്ന ചാലിലകത്ത് കുഞ്ഞഹമ്മദ്ഹാജി (1883-1919) മുസ്‌ലിം വിദ്യാഭ്യാസ രംഗത്ത് നവോത്ഥാനത്തിന്റെ ചിന്തകളുണർത്തി. മദ്റസാ പഠനരംഗം പരിഷ്കരിച്ചു. ഇതും പുരോഹിതന്മാർ എതിർത്തു. വിധിവൈപരീത്യമെന്നോണം ചാലിലകത്തിന്റെ പരിഷ്ക്കരിച്ച മദ്റസാ ശിക്ഷണവും വിദ്യാഭ്യാസ ബോധവും ലഭിച്ച ശിഷ്യഗണങ്ങൾ വക്കം മൗലവിയുടെ ആദർശമേഖല കൂടി ഉൾക്കൊണ്ടതിനാൽ വിദ്യാഭ്യാസ രംഗത്തും ഒപ്പം ക്വുർആനും നബിചര്യയുമനുസരിച്ച് സലഫി ആദർശ പ്രബോധന രംഗത്തും വളർന്നു. മാറഞ്ചേരി മരക്കാർ മുസ്‌ലിയാരുടെ മകൻ ഇ. മൊയ്തു മൗലവി, ചാലിലകത്തിന്റെ പുത്രന്മാരായ എം.സി.സി അഹ്മദ് മൗലവി, എം.സി.സി ഹസൻ മൗലവി, ജാമാതാവും അദ്ദേഹത്തിന്റെ എഴുത്തുകാരനും (കാതിബ്) ആയിരുന്ന കെ.എം മൗലവി, സതീർഥ്യരായ മൂസ മൗലവി (ഐക്കരപ്പടി) ഇ.കെ മൗലവി (കടവത്തൂർ) തുടങ്ങിയ പണ്ഡിതന്മാർ രംഗത്തു വന്നു.

ബ്രിട്ടീഷുകാർ ഇന്ത്യൻ ജനതയെ അടിച്ചൊതുക്കുകയും മതപരമായ ഭിന്നിപ്പുകളുണ്ടാക്കി മുതലെടുക്കാൻ ശ്രമിക്കുകയും ചെയ്യുന്ന കാലത്താണ് ഈ സലഫി നവോത്ഥാന ജാഗരണത്തിന്റെ നാമ്പ് പൊട്ടിവരുന്നത്. മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന മലബാറിനോട് ബ്രിട്ടീഷുകാർക്ക് കൂടുതൽ വൈരാഗ്യമുണ്ടായി. പ്രത്യേകിച്ചും മുസ്‌ലിം വിഭാഗത്തോട്. അവർ ബ്രിട്ടീഷുകാർക്കെതിരിൽ സായുധവിപ്ലവത്തിനൊരുങ്ങിയതാണ് കാരണം.

ഈ കാലത്ത് സായുധ വിപ്ലവത്തിൽ കൂടിയല്ല ജനകീയ കൂട്ടായ്മയിൽ കൂടി അധിനിവേശ ശക്തികളെ നേരിടണമെന്ന് ആഹ്വാനം ചെയ്ത് കോൺഗ്രസ് പ്രസ്ഥാനവും രംഗത്ത് വന്നപ്പോൾ അതിന്റെ മുന്നിൽ നടന്ന മുസ്ലിംകളിൽ പ്രമുഖരായിരുന്നു സലഫി പ്രബോധകരായ കട്ടിലശ്ശേരി മുഹമ്മദ് മൗലവിയും കെ.എം മൗലവിയും ഇ. മൊയ്തു മൗലവിയുമെല്ലാം. കൊടുങ്ങല്ലൂരിൽ മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബും കെ.എം.സീതി സാഹിബും കോൺഗ്രസ്സ് പ്രസ്ഥാനത്തോടൊപ്പം മുസ്ലിം നവോത്ഥാന രംഗത്തെന്ന പോലെ സ്വാതന്ത്ര്യ സമര രംഗത്തും നിലകൊണ്ടു. 1921ലെ മാപ്പിള ലഹള എന്ന മലബാർ കലാപത്തെ ബ്രിട്ടീഷുകാർ നിഷ്കരുണം അടിച്ചമർത്തിയ കാലത്ത് അവർ ഏറ്റവും ഭയപ്പെട്ടത് ഈ നവോത്ഥാന നായകന്മാരെയായിരുന്നു. മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബും ഇ. മൊയ്തു മൗലവിയും ജയിലടക്കപ്പെടുകയുണ്ടായി. കട്ടിലശ്ശേരി, കെ.എം മൗലവി തുടങ്ങിയ സലഫികളായ സ്വാതന്ത്ര്യസമര സേനാനിമാർ കൊടുങ്ങല്ലൂരിൽ ഒളിച്ചു കഴിഞ്ഞു. മലബാറിനു പുറത്ത് കൊച്ചി നാട്ടുരാജ്യത്തിന്റെ കീഴിലായിരുന്നതിനാൽ അവർ അറസ്റ്റ് ചെയ്യപ്പെട്ടില്ല. കൊടുങ്ങല്ലൂരിലെ ഈ പണ്ഡിതന്മാരുടെ സാന്നിധ്യവും കേരളത്തിലെ മൊത്തം നവോത്ഥാനത്തിന് ഏറെ സഹായകമായി. ഈ സാഹചര്യത്തിലാണ് കേരള മുസ്ലിം ഐക്യസംഘം ഉടലെടുക്കുന്നത്.

### കേരള മുസ്ലിം ഐക്യസംഘം

ക്വുർആനിന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിൽ ഒരു പ്രബുദ്ധ സമൂഹം മുസ്ലിംകളിൽ കൂടി ഉയർന്നു വരണമെന്ന ചിന്ത മധ്യകേരളത്തിൽ പ്രബലപ്പെട്ടു. അതിന് സമുദായത്തെ സജ്ജമാക്കുന്നതിന്റെ ഭാഗമായി മുസ്ലിംകളിലെത്തന്നെ കുടുംബ വഴക്കുകളെയും പടലപിണക്കങ്ങളെയും പറഞ്ഞുതീർക്കാനായി കൊടുങ്ങല്ലൂരിലെ നവോത്ഥാന ചിന്താഗതിക്കാർ രൂപീകിരച്ച ഒരു സംഘമാണ് നിഷ്പക്ഷ സംഘം. ആ പ്രദേശങ്ങളിലെ സലഫി പ്രബോധന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ശൈഖ് ഹമദാനിയായിരുന്നു നിഷ്പക്ഷ സംഘത്തിന്റെ തലപ്പത്ത്. ആ ശ്രമം വിജയിക്കുകയും ഇത്തരം സാമൂഹ്യ പുനരുദ്ധാരണ സംരംഭങ്ങൾ കേരളമൊട്ടുക്കും വ്യാപിപ്പിക്കണമെന്ന് ചിന്തിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് പിന്നീട് 1922ൽ കേരള മുസ്ലിം ഐക്യസംഘം രൂപീകരിച്ചത്. മണപ്പാട്ട് കുഞ്ഞുമുഹമ്മദ് ഹാജി, സീതി മുഹമ്മദ് സാഹിബ്, കെ.എം സീതി സാഹിബ്, കെ.എം മൗലവി, എം.സി.സി അബ്ദുറഹ്മാൻ മൗലവി, ഇ.കെ മൗലവി എന്നിവരാണ് ഇതിന്റെ മുൻനിരയിൽ പ്രവർത്തിച്ചിരുന്നത്.

മുസ്ലിം സമൂഹത്തിന്റെ സർവതോന്മുഖമായ ഉയിർത്തെഴുന്നേൽപും അതോടൊപ്പം രാജ്യസേവനവുമായിരുന്നു ഐക്യസംഘത്തിന്റെ പ്രവർത്തന ലക്ഷ്യം. ക്വുർആൻ, നബിചര്യ എന്നിവയുടെ പ്രചാരണം അന്ധവിശ്വാസ- അനാചരങ്ങൾക്കെതിരെയുള്ള ആദർശ സമരം, വിദ്യാഭ്യാസ ജാഗരണം, രാഷ്ട്രീയാവബോധം, മാതൃരാജ്യത്തിനോടുള്ള കടപ്പാടുകളെ ഓർമിപ്പിക്കൽ, ജനാധിപത്യ രീതിയിലുള്ള സാമൂഹ്യ വളർച്ച എന്നിങ്ങനെ വിവിധോദ്ദേശ്യങ്ങളോട് കൂടി ഐക്യം സംഘം പ്രവർത്തനമാരംഭിച്ചു. ഒന്നാം വാർഷികം 1923 ൽ എറിയാട്ട് വെച്ച് നടന്നപ്പോൾ വിദ്യാഭ്യാസ പ്രചരണത്തിനുള്ള പദ്ധതികൾക്ക് മുന്തിയ പരിഗണന നൽകി. രണ്ടാം വാർഷികം 1924ൽ ആലുവയിൽ വെച്ചായിരുന്നു. ഇതിൽ വെച്ചാണ് ഇസ്ലാമിക പ്രമാണങ്ങളെ അടിസ്ഥാനപ്പെടുത്തി പ്രബോധന പ്രവർത്തനങ്ങൾ സജീവമാക്കാൻ വേണ്ടി കേരള ജംഇയ്യത്തുൽ ഉലമാ അഹ്ലുസ്സുന്നത്തി വൽജമാഅ എന്ന മതസംഘടനക്ക് രൂപം കൊടുത്തത്.

**കാലത്തിന്റെ മാറ്റത്തിനനുസരച്ച് സലഫീ നവോത്ഥാന രംഗത്ത് അപചയങ്ങൾ പലതുമുണ്ടായി. ശാസ്ത്ര സാങ്കേതിക രംഗത്തെ വളർച്ച ഇസ്ലാമിക പ്രമാണങ്ങളിലെ നിയമ വ്യവസ്ഥകൾക്ക് കൂടുതൽ അംഗീകാരവും ക്ഷമതയും നേടിത്തരികയാണ് ചെയ്തത്. എന്നാൽ അന്ധമായ ആധുനികതയിൽ ഭ്രമിച്ച്, നിരീശ്വര നിർമത വാദികളുടെ വിമർശനം പേടിച്ച് ഇസ്ലാമിനെ കാലത്തനനുസരിച്ച് വ്യാഖ്യാനിക്കുന്നതാണ് നവോത്ഥാനം എന്ന് ചിലരെങ്കിലും തെറ്റിദ്ധരിച്ചു. അങ്ങനെ പ്രമാണങ്ങളെ സ്വാഭീഷ്ഠ പ്രകാരം വ്യാഖ്യാനിക്കാനും നബിയുടെ സ്വഹീഹായ ഹദീഥുകളെ നിഷേധിക്കാനും പരിമിതമായ ബുദ്ധിക്കും യുക്തിക്കും അമിത പ്രാധാന്യം നൽകി പുതുപുത്തൻ ആശയങ്ങൾ നവോത്ഥാനം എന്ന മധുരപ്പേരിൽ പ്രചരിപ്പിക്കാനും തുടങ്ങി. മാത്രമല്ല ആദർശ ജീവിതവും പ്രബോധനവും അതിരുവിട്ട് സംഘടനാവൽക്കരിക്കപ്പെട്ടു. മതത്തിലെ ശരിയും തെറ്റും സംഘടനാ കൂട്ടായ്മകളെ വ്യക്തികളോ തീരുമാനിക്കുന്ന സ്ഥിതി വന്നു. ഇതാണ് ഇസ്ലാം തുടക്കത്തിലേ തള്ളിപ്പറഞ്ഞ പൗരോഹിത്യം.**

നൂറ്റാണ്ടുകളായി കേരളത്തിൽ പിടിമുറുക്കിക്കൊണ്ടിരിക്കുന്ന ഈ ബറേൽവി മാതൃകയിലുള്ള അനാചാരങ്ങൾക്ക് നേതൃത്വം നൽകിയവർ പിൽക്കാലത്ത് അഹ്‌ലുസ്സുന്ന വൽജമാഅയുടെ കീഴിലുള്ള ഉലമാ സംഘത്തിൽ നിന്ന് വിഘടിച്ചു. അവർ സമസ്ത എന്ന പദം മുമ്പിൽ ചേർത്ത് വേറിട്ട ഒരു സംഘമുണ്ടാക്കി. വിശുദ്ധ ക്വുർആനും നബിചര്യയും പ്രമാണമാക്കുന്നതിനോട് സ്വാഭാവികമായും അവർക്ക് എതിർപ്പുണ്ടായി. അങ്ങനെ പഴയ അനാചാരങ്ങൾ നിലനിർത്തുന്ന ഒരു പരമ്പരാഗത വിഭാഗവും ക്വുർആനിലേക്കും സുന്നത്തിലേക്കും ജനങ്ങൾ മടങ്ങണമെന്ന് പ്രബോധനം ചെയ്യുന്ന പുതിയ വിഭാഗവും രൂപപ്പെട്ടു. കേരളത്തിലെ മുസ്‌ലിം നവോത്ഥാനത്തിന്റെ വ്യക്തമായ ചരിത്രം ഇവിടെയാണ് ആരംഭിച്ചത്. ഒരു വിഭാഗം അവർക്കു മുമ്പുള്ളവരെ അന്ധമായി അനുകരിച്ചപ്പോൾ സലഫീ പ്രസ്ഥാനം ക്വുർആനും നബിചര്യയും പിൻപറ്റിയ പൂർവികരെ പ്രമാണബദ്ധമായി പിന്തുടരുന്നു.

**മാറ്റങ്ങൾ: പ്രതീക്ഷയും ആശങ്കയും**

പിൽക്കാലത്ത് മേൽപറഞ്ഞ രണ്ടു ചിന്താധാരകളിലും മാറ്റങ്ങളുണ്ടായി. സമസ്തവിഭാഗം അതിന്റെ പ്രാരംഭഘട്ടത്തിൽ മുസ്‌ലിംകൾക്ക് വിലക്കിയിരുന്ന ഇംഗ്ലീഷ് പഠനം, മലയാളം പഠനം, സ്ത്രീകൾക്ക് എഴുത്ത് പഠിപ്പിക്കൽ, ക്വുർആൻ ബോർഡിലെഴുതി പഠിപ്പിക്കൽ തുടങ്ങിയ വാദങ്ങളിൽനിന്നെല്ലാം പിൻമാറി; അഥവാ പിൻമാറേണ്ടി വന്നു. 'വഹാബി,' 'മൗദൂദി' വേദി പങ്കിടൽ, അവരോട് സലാം ചൊല്ലലും മടക്കലും, അവരുമായുള്ള വൈവാഹിക ബന്ധം എന്നിങ്ങനെ പലതും നിരോധിച്ചിരുന്ന അവർ ആ അവസ്ഥയിൽ നിന്ന് കുറെ കൂടി വിശാലമായി ചിന്തിച്ചു തുടങ്ങി. മാല മൗലിദ്, ഐക്കല്ല്, ഏലസ്സ്, പിഞ്ഞാണമെഴുതി ചികിത്സ, റാത്തീബ് പോലുള്ള അനാചാരങ്ങൾ ഔദ്യോഗികമായി അവർ വിലക്കിയിട്ടില്ലെങ്കിലും ജനങ്ങളിൽ നല്ലൊരു ശതമാനവും അവ കയ്യൊഴിഞ്ഞിട്ടുണ്ട്. ഇതെല്ലാം ഒരർഥത്തിൽ അന്ധവിശ്വാസങ്ങൾക്കെതിരിലുള്ള നവോത്ഥാന പ്രവർത്തനങ്ങളുടെ ഫലമാണ്; പ്രശംസനീയമാണ്. ഇസ്‌ലാമിലെ അടിസ്ഥാന പ്രമാണങ്ങളിലൂന്നിയ മാറ്റങ്ങൾ ഇനിയും സമൂഹത്തിന് പ്രതീക്ഷിക്കാം. അന്ധമായ സംഘടനാ പക്ഷപാതിത്വം മാറി വരുമ്പോൾ തീർച്ചയായും മാറ്റങ്ങളുണ്ടാകും.

കാലത്തിന്റെ മാറ്റത്തിനനുസരച്ച് സലഫീ നവോത്ഥാന രംഗത്ത് അപചയങ്ങൾ പലതുമുണ്ടായി. ശാസ്ത്ര സാങ്കേതിക രംഗത്തെ വളർച്ച ഇസ്‌ലാമിക പ്രമാണങ്ങളിലെ നിയമ വ്യവസ്ഥകൾക്ക് കൂടുതൽ അംഗീകാരവും ക്ഷമതയും നേടിത്തരികയാണ് ചെയ്തത്. എന്നാൽ അന്ധമായ ആധുനികതയിൽ ഭ്രമിച്ച്, നിരീശ്വര നിർമത വാദികളുടെ വിമർശനം പേടിച്ച് ഇസ്‌ലാമിനെ കാലത്തനനുസരിച്ച് വ്യാഖ്യാനിക്കുന്നതാണ് നവോത്ഥാനം എന്ന് ചിലരെങ്കിലും തെറ്റിദ്ധരിച്ചു. അങ്ങനെ പ്രമാണങ്ങളെ സ്വാഭീഷ്ഠ പ്രകാരം വ്യാഖ്യാനിക്കാനും നബിﷺയുടെ സ്വഹീഹായ ഹദീഥുകളെ നിഷേധിക്കാനും പരിമിതമായ ബുദ്ധിക്കും യുക്തിക്കും അമിത പ്രാധാന്യം നൽകി പുതുപുത്തൻ ആശയങ്ങൾ നവോത്ഥാനം എന്ന മധുരപ്പേരിൽ പ്രചരിപ്പിക്കാനും തുടങ്ങി. മാത്രമല്ല ആദർശ ജീവിതവും പ്രബോധനവും അതിരുവിട്ട് സംഘടനാവൽക്കരിക്കപ്പെട്ടു. മതത്തിലെ ശരിയും തെറ്റും സംഘടനാ കൂട്ടായ്മകളെ വ്യക്തികളോ തീരുമാനിക്കുന്ന സ്ഥിതി വന്നു. ഇതാണ് ഇസ്‌ലാം തുടക്കത്തിലേ തള്ളിപ്പറഞ്ഞ പൗരോഹിത്യം.

എന്നാൽ ഈ രണ്ടു അതിരുകവിയലുകൾക്കിടയിലാണ് യഥാർഥ നവോത്ഥാനത്തിന്റെ വേരുകളുള്ളത്. വിശുദ്ധ ക്വുർആനും നബിചര്യയും പഠിപ്പിച്ചെതെന്താണോ അവ ഇസ്‌ലാമിലെ ആദ്യ തലമുറയായ സ്വഹാബികളും (പ്രവാചകാനുചരന്മാർ) താബിഉകളും (പ്രവാചകാനുചരന്മാരെ തുടർന്ന്വന്നവർ) പഠിച്ച് പ്രാവർത്തികമാക്കി മാതൃക കാണിച്ചിട്ടുണ്ട്. അവയെ അടിസ്ഥാനപ്പെടുത്തി, അവയുടെ പ്രബോധനം സുഗമമാക്കാനാവശ്യമായ കൂട്ടായ്മകൾ സൃഷ്ടിച്ച് മാതൃകായോഗ്യരായി ജീവിച്ചാൽ കൈവരുന്ന ഒന്നാണ് സമുദായത്തിലെ യഥാർഥ നവോത്ഥാനം. അല്ലാഹുവിന്റെ വഹ്‌യ് പ്രകാരം പഠിപ്പിക്കപ്പെട്ട ഒരാശയം കാലമെത്ര മാറിയാലും പഴകിപ്പോവുകയില്ല. മറിച്ച് അതനുസരിച്ച് ആത്മാർഥമായി ജീവിച്ചവർ എന്നും ഏതു നാഗരികതയിലും അല്ലാഹുവിന്റെ സഹായത്തോടെ തലയുയർത്തി ജീവിച്ചിട്ടുമുണ്ട്. ഇരുട്ട് കട്ടപിടിച്ച കാലത്തെ സംസ്‌കാരശൂന്യരായ അറേബ്യൻ ജനതയെ ഇരുപത്തിമൂന്ന് വർഷം കൊണ്ട് ജീവിതത്തിന്റെ നിഖില മേഖലകളിലും മാതൃകായോഗ്യരാക്കി മാറ്റിയ ആ നവോത്ഥാന രീതിശാസ്ത്രത്തെ നാം അതേപടി പിന്തുടരുക. അതിൽ ഏറ്റക്കുറവുകൾക്ക് ശ്രമിക്കാതിരിക്കുക. ഇതാണ്, ഇത് മാത്രമാണ് നവോത്ഥാനത്തിന്റെ ഗുണഫലങ്ങൾ ഇനിയും നിലലനിൽക്കാനും അടുത്ത തലമുറയിലേക്ക് കൈമാറാനുമുള്ള ഏക മാർഗം. അല്ലാഹു അനുഗ്രഹിക്കട്ടെ. ●

മൂസ സ്വലാഹി, കാര
mail@nerpatham.com

ലേഖനം



# നമസ്കാരവും സ്വഫ്ഫ് ശരിപ്പെടുത്തലും

ഇസ്‌ലാം പഠിപ്പിക്കുന്ന ഒരു കാര്യം; അതെത്ര ചെറുതാകട്ടെ, വലുതാകട്ടെ, ഏത് സന്ദർഭത്തിലും സാഹചര്യത്തിലുമുള്ളതാകട്ടെ അതിനെ പരിപൂർണമായി ഉൾക്കൊള്ളുക, അതിന് കീഴ്‌പെടുക എന്നതാണ് വിശ്വാസിയുടെ ബാധ്യത. അതാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. അല്ലാഹു പറഞ്ഞു:

"അല്ലാഹുവും അവന്റെ റസൂലും ഒരു കാര്യത്തിൽ തീരുമാനമെടുത്ത് കഴിഞ്ഞാൽ സത്യവിശ്വാസിയായ ഒരു പുരുഷന്നാകട്ടെ, സ്ത്രീക്കാകട്ടെ തങ്ങളുടെ കാര്യത്തെ സംബന്ധിച്ച് സ്വതന്ത്രമായ അഭിപ്രായം ഉണ്ടായിരിക്കാവുന്നതല്ല. വല്ലവനും അല്ലാഹുവെയും അവന്റെ ദൂതനെയും ധിക്കരിക്കുന്ന പക്ഷം അവൻ വ്യക്തമായ നിലയിൽ വഴിപിഴച്ചു പോയിരിക്കുന്നു"(ക്വുർആൻ 33:36).

ഇബ്‌നുകഥീർ ഈ വചനത്തിനു നൽകിയ വിശദീകരണത്തിൽ ഇങ്ങനെ കാണാം: "ഈ വചനം മുഴുവൻ കാര്യങ്ങളെയും പൊതുവായി ഉൾക്കൊള്ളുന്നതാണ്. എന്തെന്നാൽ അല്ലാഹുവും റസൂലും ഒരു കാര്യം വിധിച്ചാൽ അതിനെതിരാകലോ മറ്റൊന്ന് തെരഞ്ഞെടുക്കലോ അഭിപ്രായമോ വാക്കോ ഒരാൾക്കും പാടില്ല" (ഇബ്‌നുകഥീർ 3/641).

കാര്യം വ്യക്തമാണ്. കർമപരവും വിശ്വാസപരവും സ്വഭാവപരവും ചരിത്രപരവുമൊക്കെയായ ഒട്ടനവധി കാര്യങ്ങൾ ഇസ്‌ലാം പഠിപ്പിക്കുന്നുണ്ട്. പ്രമാണബദ്ധമായ അത്തരം കാര്യങ്ങളെ നിസ്സാരമായി കാണുന്നതും അവയെ പരിഹസിക്കുന്നതും അവയ്‌ക്കെതിരെ എഴുതുന്നതും സംസാരിക്കുന്നതുമെല്ലാം മഹാ അപരാധമാണ്. ശിക്ഷാർഹമായ പ്രവർത്തനമാണ്. അല്ലാഹു പറയുന്നു:

"...ആകയാൽ അദ്ദേഹത്തിന്റെ കൽപനയ്ക്ക് എതിർ പ്രവർത്തിക്കുന്നവർ തങ്ങൾക്ക് വല്ല ആപത്തും വന്നുഭവിക്കുകയോ, വേദനയേറിയ ശിക്ഷ ബാധിക്കുകയോ ചെയ്യുന്നത് സൂക്ഷിച്ചു കൊള്ളട്ടെ" (ക്വുർആൻ 24:63).

ഇബ്നുകഥീർ പറയുന്നു: “അതായത് റസൂൽﷺയുടെ കൽപനയെ തൊട്ട്. അവന്റെ രീതിയും വഴിയും ചര്യയും നിയമവുമെല്ലാം അതാകുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് വാക്കുകളും പ്രവൃത്തികളും തൂക്കപ്പെടുക. അതിനോട് യോജിക്കുന്നത് സ്വീകരിക്കപ്പെടും. അതിനോട് എതിരാകുന്നത് ആരുടേതായാലും അത് പറഞ്ഞവനിലേക്കും പ്രവർത്തിച്ചവനിലേക്കും തള്ളപ്പെടും. അവരുടെ ഹൃദയത്തെ സത്യനിഷേധമോ കാപട്യമോ ബിദ്അത്തോ ബാധിക്കും” (ഇബ്നുകഥീർ 3/1326).

നമസ്കാരത്തിൽ സ്വഫ്ഫ് ശരിയാക്കുന്ന വിഷയത്തെ പരിഗണിക്കാതിരിക്കലും ഒരുവേള അതിനെ പരിഹസിക്കുന്നതുമായ ഒരു സ്വഭാവം ചിലരിൽ അടുത്ത കാലത്തായി കണ്ടുവരുന്നുണ്ട്. അതിൽ അത്ര കാര്യമില്ല എന്നാണ് ചില പണ്ഡിതന്മാർ അണികളെ പഠിപ്പിക്കുന്നത്. അതിനാൽ സാധാരണക്കാർ യാതൊരു തത്ത്വദീക്ഷയുമില്ലാതെ, വളരെ അകലം പാലിച്ച് സ്വഫ്ഫ് നിൽക്കുകയും ചെയ്യുന്നു.

‘സ്വഫ്ഫ്’ എന്ന അറബി പദത്തിന്റെ അർഥം ‘നേരെയുള്ള വരി’ എന്നാണ്. സംഘമായുള്ള നമസ്കാരത്തിന് നിൽക്കുന്നവരുടെ വരി വളയാതെയും ആളുകൾക്കിടയിൽ വിടവില്ലാതെയുമാക്കുക എന്നതാണ് സാങ്കേതികമായി ഇതുകൊണ്ട് അർഥമാക്കുന്നത്.

നമസ്കാരം നിർവഹിക്കുന്നതിൽ സ്വഫ്ഫ് ശരിപ്പെടുത്തുന്ന വിഷയത്തെ നാം എത്രത്തോളം പരിഗണിക്കുന്നുവെന്ന് ചിന്തിക്കുക. അശ്രദ്ധയും അലസതയും സുന്നത്തിനോടുള്ള വെറുപ്പും നീരസവും ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കുന്നതിൽ വീഴ്ചവരുത്താൻ കാരണമാണ്. സ്വഫ്ഫ് ശരിപ്പെടുത്തി പാദങ്ങൾ ചേർത്തു നിൽക്കാൻ ഇമാം ഉണർത്തിയാൽ പോലും പലരും അത് പരിണഗണിക്കാറില്ല. ഇമാം ബുഖാരി, ഇബ്നു ഹസം, ഇബ്നുഖുസൈമ, ഹാഫിദ് ഇബ്നുമുൻദിർ, ഇബ്നുഹജറുൽ അസ്ക്വലാനി, ഇബ്നുതീമിയ, ശൈഖ് ഇബ്നുബാസ്, ശൈഖ് അൽബാനി, ശൈഖ് ഇബ്നു ഉഥൈമീൻ തുടങ്ങിയ പണ്ഡിതന്മാരെല്ലാം സ്വഫ്ഫ് ശരിപ്പെടുത്തൽ നിർബന്ധമാണെന്ന് പറഞ്ഞവരാണ്. ഇതുമായ ബന്ധപ്പെട്ട ചില ഹദീഥുകൾ കാണുക:

1. നുഅ്മാനുബ്നു ബശീർؓവിൽ നിന്ന് നിവേദനം: “റസൂൽﷺ പറഞ്ഞതായി ഞാൻ കേട്ടു: ‘നിങ്ങൾ നിങ്ങളുടെ സ്വഫ്ഫ് ശരിപ്പെടുത്തുക തന്നെ വേണം. അല്ലെങ്കിൽ നിങ്ങളുടെ മുഖങ്ങൾക്കിടയിൽ അല്ലാഹു വേർതിരിവുണ്ടാക്കും” (ബുഖാരി, മുസ്‌ലിം).

2. അനസ്ؓവിൽനിന്ന് നിവേദനം. നബിﷺ പറഞ്ഞു: “നിങ്ങൾ നിങ്ങളുടെ സ്വഫ്ഫുകൾ നേരെയാക്കുകയും പരസ്പരം ചേർന്നു നിൽക്കുകയും ചെയ്യുക” (ബുഖാരി).

3. അനസ്ؓവിൽനിന്ന് നിവേദനം. നബിﷺ പറഞ്ഞു: “നിങ്ങൾ നിങ്ങളുടെ സ്വഫ്ഫുകൾ ശരിയാക്കുക. നിശ്ചയം സ്വഫ്ഫുകൾ ശരിപ്പെടുത്തൽ നമസ്കാരത്തിന്റെ നിലനിൽപിൽ പെട്ടതാണ്” (ബുഖാരി).

4. അനസ്ؓവിൽനിന്ന് നിവേദനം. നബിﷺ പറഞ്ഞു: “നിങ്ങൾ നിങ്ങളുടെ സ്വഫ്ഫുകൾ ശരിയാക്കുക. നിശ്ചയം സ്വഫ്ഫുകൾ ശരിപ്പെടുത്തൽ നമസ്കാരത്തിന്റെ പൂർണതയിൽ പെട്ടതാണ്” (ബുഖാരി).

5. അബൂഹുറയ്റؓയിൽ നിന്ന് നിവേദനം. നബിﷺ പറഞ്ഞു: “നമസ്കാരത്തിൽ നിങ്ങൾ സ്വഫ്ഫ്ശരിയാക്കുക. നിശ്ചയം സ്വഫ്ഫ് ശരിപ്പെടുത്തുക എന്നത് നമസ്കാരത്തിന്റെ നന്മയിൽ പെട്ടതാണ്” (മുസ്‌ലിം).

6. നുഅ്മാനുബ്നു ബശീർؓവിൽനിന്ന് നിവേദനം: ‘നിങ്ങൾ നിങ്ങളുടെ സ്വഫ്ഫുകൾ ശരിയാക്കുക’ എന്ന് ജനങ്ങളിലേക്ക് തിരിഞ്ഞുനിന്ന് നബിﷺ മൂന്ന് തവണ പറഞ്ഞു. ‘അല്ലാഹു തന്നെ സത്യം. നിങ്ങളുടെ സ്വഫ്ഫുകൾ നിങ്ങൾ നേരെയാക്കണം. അല്ലെങ്കിൽ നിങ്ങളുടെ ഹൃദയങ്ങൾക്കിടയിൽ ഭിന്നതയുണ്ടാകും.’ നുഅ്മാൻؓ പറഞ്ഞു: ‘അന്നേരം ഒരാൾ തന്റെ മടമ്പും മുട്ടും ചുമലും തന്റെ കൂട്ടുകാരന്റെതിനോട് ഒട്ടിച്ചുവെക്കുന്നതായി ഞാൻ കണ്ടു” (അബൂദാവൂദ്).

7. അബ്ദുല്ലാഹിബ്നു ഉമർؓവിൽനിന്ന്. നബിﷺ പറഞ്ഞു: “നിങ്ങൾ നിങ്ങളുടെ സ്വഫ്ഫുകൾ ശരിയാക്കുക. നിങ്ങളുടെ ചുമലുകൾ നേരെയാക്കുക. സ്വഫ്ഫുകൾക്കിടയിലെ വിടവുകൾ നിങ്ങൾ അകറ്റുക. നിങ്ങളുടെ സഹോദരങ്ങൾക്കു വേണ്ടി നിങ്ങൾ മൃദുലത കാണിക്കുക. പിശാചുക്കൾക്കു വേണ്ടി വിടവുകൾ നിങ്ങൾ ഒഴിവാക്കരുത്. ആരെങ്കിലും സ്വഫ്ഫ് ചേർത്താൽ അല്ലാഹു അവനെയും ചേർത്തു. ആരെങ്കിലും സ്വഫ്ഫ് മുറിച്ചാൽ അല്ലാഹുവും അവനെ മുറിച്ചു” (ബുഖാരി).

8. ജാബിറുബ്നു സംറത്ത്ؓവിൽനിന്ന്. നബിﷺ പറഞ്ഞു: “മലക്കുകൾ അവരുടെ റബ്ബിന്റെ അടുക്കൽ അണിയണിയായി നിൽക്കുന്നതുപോലെ നിങ്ങൾ നിൽക്കുന്നില്ലേ?” ഞങ്ങൾ ചോദിച്ചു: “അല്ലാഹുവിന്റെ ദൂതരേ, എങ്ങനെയാണ് അല്ലാഹുവിന്റെ മലക്കുകൾ റബ്ബിന്റെയടുക്കൽ അണിയണിയായി നിൽക്കുന്ന്?” അവിടുന്ന് പറഞ്ഞു: “ആദ്യ അണികൾ അവർ പൂർത്തിയാക്കുന്നു. അവർ സ്വഫ്ഫ് പരസ്പരം ചേർന്ന് നിൽക്കുന്നു” (മുസ്‌ലിം).

9. അബൂഹുറയ്റؓയിൽ നിന്ന് നിവേദനം. നബിﷺ പറഞ്ഞു: “നമസ്കാരത്തിൽ സ്വഫ്ഫ് നേരെയാക്കൽ നിങ്ങൾ നന്നാക്കുക” (സ്വഹീഹുൽ ജാമിഅ്).

ലേഖനം

മുഹമ്മദ് നബിﷺ: 17

ഫദ്‌ലുൽ ഹഖ് ഉമരി
kmfumari@gmail.com



# പ്രബോധനവുമായി ഗോത്രങ്ങളിലേക്ക്

ഖുറൈശികളുടെ പീഡനങ്ങൾ മുഹമ്മദ് നബിﷺക്ക് ശക്തമായപ്പോൾ അവിടുന്ന് ത്വാഇഫിലേക്ക് പുറപ്പെട്ടു. പക്ഷേ, അവിടെയും ഉദ്ദേശിച്ച ഗുണം കണ്ടില്ല. അവഗണനയും പരിഹാസവും സഹിച്ചുകൊണ്ട് വേദനിക്കുന്ന ഹൃദയവുമായി നബിﷺ തിരിച്ചുപോന്നു. കല്ലുകൾ കൊണ്ട് ഏറ് കിട്ടിയതിന്റെ ഭാഗമായി കാലുകൾക്ക് മുറിവേറ്റു. ഈ സന്ദർഭത്തിൽ അല്ലാഹു നൽകിയ ഒരു ആശ്വാസമായിരുന്നു ഇസ്റാഉം മിഅ്റാജും. ഇതിനുശേഷം നബിﷺ വ്യക്തികളെയും ഗോത്രങ്ങളെയും സന്ദർശിക്കുവാൻ തുടങ്ങി. മക്കയിലേക്ക് കടന്നുവരുന്ന ആളുകൾക്കിടയിൽ ഇസ്‌ലാമിക പ്രബോധനത്തിന് ഒരു പുതിയ വഴി കണ്ടെത്തുക എന്നതായിരുന്നു ലക്ഷ്യം. മാത്രവുമല്ല നിർഭയത്വത്തോടുകൂടി തന്റെ അനുയായികളോടൊപ്പം അല്ലാഹുവിനെ മാത്രം ആരാധിക്കുവാനുള്ള ഒരു സ്ഥലമായിരുന്നു അവിടുത്തെ ലക്ഷ്യം. ഹജ്ജിന്റെയും ഉംറയുടെ

യും സന്ദർഭങ്ങളിലും അറേബ്യയിലെ ചന്തകളിലും അറബികൾ ഒരുമിച്ചുകൂടുന്ന പ്രത്യേക സമയങ്ങളിലും അവരെ കണ്ടുമുട്ടുവാൻ നബിﷺ ശ്രമിച്ചു. തനിക്ക് സഹായവും സംരക്ഷണവും ലഭിക്കുന്നതിന് വേണ്ടിയായിരുന്നു അത്. അല്ലാഹുവിന്റെ സന്ദേശം ജനങ്ങളിലേക്ക് എത്തിച്ചു കൊടുക്കുവാൻ ഇത് അനിവാര്യവുമായിരുന്നു.

ഈ നിലയ്ക്ക് വ്യക്തികളെയും ഗോത്രങ്ങളെയും സമീപിച്ചപ്പോൾ വ്യത്യസ്ത സമീപനങ്ങളാണ് അവരിൽ നിന്നും ഉണ്ടായത്. ചിലർ നബിﷺയെ അംഗീകരിച്ചു. മറ്റുചിലർ നിഷേധിച്ചു. മറ്റു ചിലർ ഒന്നും മിണ്ടിയില്ല. പ്രവാചകത്വത്തിന്റെ പത്താം വർഷം ത്വാഇഫിൽ നിന്നും മക്കയിലേക്ക് മടങ്ങിയ സന്ദർഭത്തിൽ നബിﷺയുടെ നാട്ടുകാർ അദ്ദേഹത്തിനെതിരെ ശക്തമായി രംഗത്തുണ്ടായിരുന്നു. ആ വർഷത്തെ ഹജ്ജിന്റെ സമയം അടുക്കുകയും ചെയ്തിരുന്നു. ഹജ്ജിനു വേണ്ടി വരുന്ന ഗോത്രങ്ങളെ ഇസ്‌ലാമിലേക്ക് ക്ഷണിക്കാനുള്ള തയ്യാറെടുപ്പുകൾ നടത്തി. ജനങ്ങളെ അവരുടെ വീടുകളിലും അവർ കൂടുന്ന സ്ഥലങ്ങളിലും നബിﷺ സന്ദർശിച്ചു. അല്ലാഹുവിലേക്ക് അവരെ ക്ഷണിച്ചു.

ജാബിർ رضي الله عنه പറയുന്നു: "അറബികൾ ഒരുമിച്ച് കൂടുന്ന സ്ഥലങ്ങളായ ഉക്കാളയിലും മിജന്നയിലും ഹജ്ജ് സന്ദർഭത്തിൽ മിനായിലും ജനങ്ങളുടെ പിറകെ ചെന്നു കൊണ്ട് പത്തുവർഷത്തോളം മുഹമ്മദ് നബിﷺ ഇപ്രകാരം ചോദിച്ചു: "ആരുണ്ട് എനിക്ക് അഭയം നൽകാൻ? ആരുണ്ട് എന്നെ സഹായിക്കാൻ? അല്ലാഹുവിന്റെ സന്ദേശം ജനങ്ങളിലെത്തിക്കാൻ എന്റെ കൂടെ നിൽക്കാൻ ആരുണ്ട്? അവന് സ്വർഗം ഉണ്ട്." യമനിൽ നിന്നും മിസ്‌റിൽ നിന്നും വരുന്ന ആളുകളോടായിരുന്നു ഇപ്രകാരം നബി സംസാരിച്ചിരുന്നത്. ഈ സന്ദർഭത്തിൽ ക്വുറൈശികൾ നബിﷺയുടെ പിറകെ ചെന്നു കൊണ്ട് അവരോട് പറയും: "ഈ ചെറുപ്പക്കാരനെ സൂക്ഷിക്കണം. അവൻ നിങ്ങളെ കുഴപ്പത്തിൽ പെടുത്താതിരിക്കട്ടെ" (അഹ്മദ്).

'അല്ലാഹുവിന്റെ വചനം ജനങ്ങൾക്ക് എത്തിച്ചു കൊടുക്കുന്നതിൽ നിന്നും ക്വുറൈശികൾ എന്നെ തടയുന്നു. അതുകൊണ്ട് ആരുണ്ട് എന്നെ സഹായിക്കാൻ' എന്ന് ചോദിച്ചുകൊണ്ട് നബിﷺ അവരുടെ പിറകെ കൂടിയിരുന്നു (അബൂദാവൂദ്: 4734).

ഓരോ ഗോത്രത്തെയും കണ്ട് അവരോടെല്ലാം ഇസ്‌ലാമിനെ കുറിച്ച് സംസാരിക്കുമ്പോൾ പിതൃവ്യൻ അബൂലഹബ് വന്നുകൊണ്ട് നബിﷺയെ വ്യാജമാക്കി സംസാരിക്കാറുണ്ടായിരുന്നു. നബിയിൽ നിന്നും ജനങ്ങളെ അകറ്റാറുണ്ടായിരുന്നു. 'ജനങ്ങളേ, നിങ്ങൾ ലാഇലാഹ ഇല്ലല്ലാഹ് എന്നു പറയൂ, നിങ്ങൾക്ക് വിജയിക്കാം' എന്നായിരുന്നു ഓരോ ഗോത്രത്തോടും നബിﷺ പറഞ്ഞിരുന്നത്. അപ്പോൾ നബിയുടെ പിറകെ ക്വുറൈശികൾ വന്നുകൊണ്ട് ഇപ്രകാരം പറയും: "അവൻ മതം മാറിയവനാണ്. അവൻ വ്യാജനാണ്." അപ്പോൾ ആളുകൾ ചോദിച്ചു: "ആരാണ് ഈ വ്യക്തി?" അവർ പറഞ്ഞു: "ഇതാണ് അബ്ദുല്ലയുടെ മകൻ മുഹമ്മദ്." ഉടനെ അവർ ചോദിച്ചു: "ഈ മുഹമ്മദിനെ വ്യാജമാക്കി പിറകെ നടക്കുന്നത് ആരാണ്?" അപ്പോൾ ആളുകൾ പറഞ്ഞു: "അത് അദ്ദേഹത്തിന്റെ പിതൃവ്യൻ അബൂലഹബാണ്."

**നബിﷺ വ്യക്തികളെയും ഗോത്രങ്ങളെയും സന്ദർശിക്കുവാൻ തുടങ്ങി. മക്കയിലേക്ക് കടന്നുവരുന്ന ആളുകൾക്കിടയിൽ ഇസ്‌ലാമിക പ്രബോധനത്തിന് ഒരു പുതിയ വഴി കണ്ടെത്തുക എന്നതായിരുന്നു ലക്ഷ്യം. മാത്രവുമല്ല നിർഭയത്വത്തോടുകൂടി തന്റെ അനുയായികളോടൊപ്പം അല്ലാഹുവിനെ മാത്രം ആരാധിക്കുവാനുള്ള ഒരു സ്ഥലമായിരുന്നു അവിടുത്തെ ലക്ഷ്യം. ഹജ്ജിന്റെയും ഉംറയുടെയും സന്ദർഭങ്ങളിലും അറേബ്യയിലെ ചന്തകളിലും അറബികൾ ഒരുമിച്ചുകൂടുന്ന പ്രത്യേക സമയങ്ങളിലും അവരെ കണ്ടുമുട്ടുവാൻ നബിﷺ ശ്രമിച്ചു. തനിക്ക് സഹായവും സംരക്ഷണവും ലഭിക്കുന്നതിന് വേണ്ടിയായിരുന്നു അത്. അല്ലാഹുവിന്റെ സന്ദേശം ജനങ്ങളിലേക്ക് എത്തിച്ചു കൊടുക്കുവാൻ ഇത് അനിവാര്യവുമായിരുന്നു.**



നബിﷺ ഇസ്‌ലാമിനെ പരിചയപ്പെടുത്തിയ പ്രധാന വ്യക്തികളുടെ പേരുകൾ നമുക്കൊന്ന് മനസ്സിലാക്കാം:

1) സുവൈദ് ഇബ്നു സ്വാമിത്. തന്റെ ഗോത്രത്തിലെ മാന്യനായ വ്യക്തിയായിരുന്നു അദ്ദേഹം. നല്ല സമീപനം



**വ്യക്തികളെയും ഗോത്രങ്ങളെയും സമീപിച്ചപ്പോൾ വ്യത്യസ്ത സമീപനങ്ങളാണ് നബിﷺക്ക് അവരിൽ നിന്നും നേരിടേണ്ടി വന്നത്. ചിലർ നബിﷺയെ അംഗീകരിച്ചു. ചിലർ നിഷേധിച്ചു. മറ്റു ചിലർ ഒന്നും മിണ്ടിയില്ല. പ്രവാചകത്വത്തിന്റെ പത്താം വർഷം ത്വാഇഫിൽ നിന്നും മക്കയിലേക്ക് മടങ്ങിയ സന്ദർഭത്തിൽ നബിﷺയുടെ നാട്ടുകാർ അദ്ദേഹത്തിനെതിരെ ശക്തമായി രംഗത്തുണ്ടായിരുന്നു. ആ വർഷത്തെ ഹജ്ജിന്റെ സമയം അടുക്കുകയും ചെയ്തിരുന്നു. ഹജ്ജിനു വേണ്ടി വരുന്ന ഗോത്രങ്ങളെ ഇസ്‌ലാമിലേക്ക് ക്ഷണിക്കാനുള്ള തയ്യാറെടുപ്പുകൾ നടത്തി. ജനങ്ങളെ അവരുടെ വീടുകളിലും അവർ കൂടുന്ന സ്ഥലങ്ങളിലും നബിﷺ സന്ദർശിച്ചു. അല്ലാഹുവിലേക്ക് അവരെ ക്ഷണിച്ചു.**

നബിﷺയോട് കാണിച്ചുവെങ്കിലും ഇസ്‌ലാം സ്വീകരിച്ചില്ല.

2) ഉമാനുബ്നു സഅ്ലബതുൽ അസ്ദി. യമനിൽ നിന്നും വന്ന വ്യക്തിയായിരുന്നു ഇദ്ദേഹം. ജാഹിലിയ്യ കാലഘട്ടത്തിൽ നബിﷺയുടെ കൂട്ടുകാരനായിരുന്നു. നബിയുടെ പ്രബോധനം കേട്ട ഉടനെ അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചു.

3) തുഫൈൽ ഇബ്നു അംറുദ്ദൗസി. യമനിലെ ദൗസ് ഗോത്രത്തിന്റെ നേതാവായിരുന്നു അദ്ദേഹം. നബിﷺ അദ്ദേഹത്തെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. ക്വുർആൻ ഓതിക്കൊടുത്തു. അദ്ദേഹം ഇസ്‌ലാം സ്വീകരിക്കുകയും ചെയ്തു. പിൽക്കാലത്ത് ഇദ്ദേഹം ദൗസിൽ നിന്നുള്ള എഴുപതോ എൺപതോ കുടുംബങ്ങളിൽനിന്നും ഇസ്‌ലാം സ്വീകരിച്ച ആളുകളുമായി മദീനയിലേക്ക് വരികയുണ്ടായി. നബിﷺ ഖൈബറിൽ ആയിരിക്കെ അവരോടൊപ്പം ചേരുകയും ചെയ്തു.

4) ഇയാസ് ഇബ്നു മുആദ്. ബനൂ അബ്ദുൽ അശ്ഹൽ ഗോത്രത്തിലെ വ്യക്തിയായിരുന്നു ഇദ്ദേഹം. (ബുഹാരി 3777).

ഈ ഒറ്റപ്പെട്ട വ്യക്തികൾക്ക് പുറമെ പല പ്രധാന ഗോത്രങ്ങൾക്ക് മുമ്പിലും നബിﷺ ഇസ്‌ലാമിനെ സമർപ്പിച്ചു. അവയിൽ ചിലതിന്റെ പേരുകൾ കാണുക: ബനൂആമിർ, ബനൂഫുസാറ, ബനൂമുർറത്ത്, ബനൂഹനീഫ, ബനൂസുലൈം, ബനൂനസ്ർ, ബനൂൽഹാരിസ്, ബനൂ ഉദ്റ, ബനുമഹാറിബ് ബനൂഗസ്സാൻ, ബനൂഹമദാൻ, ബനൂസഖീഫ്, ബനൂകൽബ്, ബനൂഅബസ്, ബകർ ഇബ്നു വാഇൽ, ബനൂശയ്ബാൻ.

ഓരോ ഗോത്രക്കാരുടെയും നബിﷺയോടുള്ള സമീപനങ്ങൾ വ്യത്യസ്ത രീതികളിൽ ആയിരുന്നു. ബനൂഹനീഫ ഗോത്രക്കാർ വളരെ മോശമായി പെരുമാറി. ബനുശയ്ബാൻ ഗോത്രക്കാർ മോശമല്ലാത്ത രീതിയിലും പെരുമാറി.

“ആ ദാസൻമാരുടെ കാര്യം എത്ര പരിതാപകരം! ഏതൊരു ദൂതൻ അവരുടെ അടുത്ത് ചെല്ലുമ്പോഴും അവർ അദ്ദേഹത്തെ പരിഹാസിക്കാതിരുന്നിട്ടില്ല. അവർക്കു മുമ്പ് എത്രയെത്ര തലമുറകളെ നാം നശിപ്പിച്ചു! അവരാരും ഇവരുടെ അടുത്തേക്ക് തിരിച്ചുവരുന്നില്ല എന്ന് അവർ കണ്ടില്ലേ? തീർച്ചയായും അവരെല്ലാവരും ഒന്നൊഴിയാതെ നമ്മുടെ മുമ്പിൽ ഹാജരാക്കപ്പെടുന്നവരാകുന്നു” (യാസീൻ: 30-32).

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് മക്കയിലേക്ക് ഹജ്ജിനും ഉംറക്കും വരുന്ന ആളുകൾക്ക് മുമ്പിൽ ഇസ്‌ലാമിനെ നബിﷺ സമർപ്പിച്ചത് ഇസ്‌ലാമിക പ്രബോധനം ലൗകികമാണ് എന്നതിന് തെളിവായിരുന്നു. അല്ലാഹു പറയുന്നു:

“ലോകർക്ക് കാരുണ്യമായിക്കൊണ്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല” (അൽഅമ്പിയാഅ്: 107).

ജനങ്ങൾക്ക് മുമ്പിൽ ഇസ്‌ലാമിനെ സമർപ്പിക്കുമ്പോൾ പീഡനങ്ങൾ സ്വാഭാവികമാണ്. അത്കൊണ്ടു തന്നെ ഒരു പ്രബോധകൻ ക്ഷമ കൈക്കൊള്ളലും നിർബന്ധമാണ്. അല്ലാഹുവിൽ നിന്നുള്ള പ്രതിഫലം അവൻ ആഗ്രഹിക്കേണ്ടതും ഉണ്ട്. ഇങ്ങോട്ട് മോശമായി പെരുമാറിയ ആളുകളോട് അതേരൂപത്തിൽ പ്രതികരിക്കരുത്.

“പരമകാരുണികന്റെ ദാസൻമാർ ഭൂമിയിൽ കൂടി വിനയത്തോടെ നടക്കുന്നവരും അവിവേകികൾ തങ്ങളോട് സംസാരിച്ചാൽ സമാധാനപരമായി മറുപടി നൽകുന്നവരുമാകുന്നു” (അൽഫുർക്വാൻ: 63). ●

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



അധ്യായം: 76, ഭാഗം: 1

# ഇൻസാൻ (മനുഷ്യൻ)

**മദീനയിൽ അവതരിച്ചത്**

1. മനുഷ്യൻ പ്രസ്താവ്യമായ ഒരു വസ്തുവേ ആയിരുന്നില്ലാത്ത ഒരു കാലഘട്ടം അവന്റെ മേൽ കഴിഞ്ഞുപോയിട്ടുണ്ടോ?
2. കലർപ്പുള്ള ഒരു ബീജത്തിൽ നിന്ന് തീർച്ചയായും നാം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നു. നാം അവനെ പരീക്ഷിക്കാനായിട്ട്. അങ്ങനെ അവനെ നാം കേൾവിയുള്ളവനും കാഴ്ചയുള്ളവനുമാക്കിയിരിക്കുന്നു.
3. തീർച്ചയായും നാം അവന്ന് വഴി കാണിച്ചുകൊടുത്തിരിക്കുന്നു. എന്നിട്ട് ഒന്നുകിൽ അവൻ നന്ദിയുള്ളവനാകുന്നു. അല്ലെങ്കിൽ നന്ദികെട്ടവനാകുന്നു.
4. തീർച്ചയായും സത്യനിഷേധികൾക്ക് നാം ചങ്ങലകളും വിലങ്ങുകളും കത്തിജ്ജ്വലിക്കുന്ന നരകാഗ്നിയും ഒരുക്കി വെച്ചിരിക്കുന്നു.
5. തീർച്ചയായും പുണ്യവാൻമാർ (സ്വർഗത്തിൽ) ഒരു പാനപാത്രത്തിൽ നിന്ന് കുടിക്കുന്നതാണ്. അതിന്റെ ചേരുവ കർപ്പൂരമായിരിക്കും.
6. അല്ലാഹുവിന്റെ ദാസൻമാർ കുടിക്കുന്ന ഒരു ഉറവു വെള്ളമത്രെ അത്. അവരത് പൊട്ടിച്ചൊഴുക്കിക്കൊണ്ടിരിക്കും.
7. നേർച്ച അവർ നിറവേറ്റുകയും ആപത്തു പടർന്ന് പിടിക്കുന്ന ഒരു ദിവസത്തെ അവർ ഭയപ്പെടുകയും ചെയ്യും.

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ
هَلْ أَتَىٰ عَلَى ٱلْإِنسَٰنِ حِينٌ مِّنَ ٱلدَّهْرِ لَمْ يَكُن
شَيْـًٔا مَّذْكُورًا ﴿١﴾ إِنَّا خَلَقْنَا ٱلْإِنسَٰنَ مِن
نُّطْفَةٍ أَمْشَاجٍ نَّبْتَلِيهِ فَجَعَلْنَٰهُ سَمِيعًۢا بَصِيرًا
﴿٢﴾ إِنَّا هَدَيْنَٰهُ ٱلسَّبِيلَ إِمَّا شَاكِرًا وَإِمَّا
كَفُورًا ﴿٣﴾ إِنَّآ أَعْتَدْنَا لِلْكَٰفِرِينَ
سَلَٰسِلَا۟ وَأَغْلَٰلًا وَسَعِيرًا ﴿٤﴾ إِنَّ ٱلْأَبْرَارَ
يَشْرَبُونَ مِن كَأْسٍ كَانَ مِزَاجُهَا
كَافُورًا ﴿٥﴾ عَيْنًا يَشْرَبُ بِهَا عِبَادُ ٱللَّهِ
يُفَجِّرُونَهَا تَفْجِيرًا ﴿٦﴾ يُوفُونَ بِٱلنَّذْرِ وَيَخَافُونَ يَوْمًا
كَانَ شَرُّهُۥ مُسْتَطِيرًا ﴿٧﴾

1). ഈ അധ്യായത്തിൽ അല്ലാഹു പരാമർശിക്കുന്നത് മനുഷ്യന്റെ ആദ്യാവസ്ഥയും തുടക്കവും ഒടുക്കവും അതിനിടയിലുള്ള അവസ്ഥയുമെല്ലാമാണ്. തുടർന്ന് പറയുന്നു: അവന്റെ മേൽ കടന്നുപോയി (ഒരു കാലഘട്ടം). അത്അവനുണ്ടാകുന്നതിന് മുമ്പാണ്. അവൻ ഇല്ലാത്തവനായിരുന്നു. (പ്രസ്താവ്യമായ ഒരു വസ്തുവേ ആയിരുന്നില്ലാത്ത).

2). പിന്നീട് അവൻ മനുഷ്യനെ സൃഷ്ടിക്കാൻ ഉദ്ദേശിച്ചപ്പോൾ പിതാവായ ആദമിനെ മണ്ണിൽ നിന്ന് സൃഷ്ടിച്ചു. പിന്നീട് അവനിൽ നിന്ന് തുടർ പരമ്പരകളെ ഏർപ്പെടുത്തി. (കൂടിക്കലർന്നുണ്ടായ ഒരു ബീജത്തിൽ നിന്ന്). അതായത് നിസ്സാരവും വെറുപ്പുളവാക്കുന്നതുമായ. (നാം അവനെ പരീക്ഷിക്കുന്നതിനായിട്ട്). മനുഷ്യൻ അവന്റെ ആദ്യ അവസ്ഥയെക്കുറിച്ച് ചിന്തിക്കുകയും കാര്യങ്ങൾ ഗ്രഹിക്കുകയുമാണോ ചെയ്തത്; അതോ, അതിനെ വിസ്മരിക്കുകയും സ്വയം വഞ്ചിതനാവുകയുമാണോ ചെയ്തത് എന്ന്.

അല്ലാഹു അവനെ ഉണ്ടാക്കി, ബാഹ്യവും ആന്തരികവുമായ ശക്തി സൃഷ്ടിച്ചു നൽകി; കേൾവി പോലെയും കാഴ്ച പോലെയും. സമ്പൂർണവും സുരക്ഷിതവുമായ മറ്റു അവയവങ്ങളും. അതുമൂലം അവന്റെ ആവശ്യങ്ങളെല്ലാം നിർവഹിക്കാൻ അവന് കഴിയുന്നു.

3). പിന്നീട് അവനിലേക്ക് പ്രവാചകന്മാരെ നിയോഗിക്കുകയും വേദങ്ങൾ ഇറക്കുകയും ചെയ്തു. അങ്ങനെ അല്ലാഹുവിലേക്കെത്താനുള്ള വഴി കാണിച്ചുകൊടുത്തു. അത് വ്യക്തമാക്കി കൊടുക്കുകയും അതിൽ താൽപര്യമുണ്ടാക്കുകയും ചെയ്തു. അവന്റെ അടുക്കലെത്തിയാൽ ലഭിക്കാനുള്ളതും അറിയിച്ചുകൊടുത്തു.

പിന്നീട് നാശത്തിലേക്കെത്തുന്ന വഴിയും അറിയിച്ചു. അതിനെക്കുറിച്ച് ഭയപ്പെടുത്തി. അതിൽ പ്രവേശിച്ചാൽ സംഭവിക്കാവുന്ന കാര്യങ്ങൾ അറിയിച്ചുകൊടുത്തു. അതുമൂലം അവനെ പരീക്ഷിച്ചു. ഒരു വിഭാഗം അല്ലാഹു ഏൽപിച്ച കടമകൾ നിർവഹിക്കുന്ന, അവന്റെ അനുഗ്രഹങ്ങൾക്ക് നന്ദികാണിക്കുന്നവരായിത്തീർന്നു. മറ്റൊരു വിഭാഗം അവൻ ചെയ്തുകൊടുത്ത മതപരവും ഭൗതികവുമായ അനുഗ്രഹങ്ങൾക്ക് നന്ദികേട് കാണിക്കുന്നവരാണ്. അവരതിനെ നിരാകരിച്ചു. തന്റെ രക്ഷിതാവിനോട് നന്ദികേട് കാണിച്ചു. നാശത്തിന്റെ വഴിയിൽ പ്രവേശിച്ചു.

4). അല്ലാഹുവിൽ അവിശ്വസിക്കുകയും അവന്റെ പ്രവാചകന്മാരെ കളവാക്കുകയും അവന്റെ കൽപനകൾക്ക് എതിര് പ്രവർത്തിക്കാൻ ധൈര്യപ്പെടുകയും ചെയ്യുന്നവന് നാം ഒരുക്കുകയും തയ്യാറാക്കുകയും ചെയ്തിട്ടുണ്ട് (ചങ്ങലകൾ), നരകാഗ്നിയിൽ. അല്ലാഹു പറയുന്നു:

ثُمَّ فِي سِلْسِلَةٍ ذَرْعُهَا سَبْعُونَ ذِرَاعًا فَاسْلُكُوهُ ﴿٣٢﴾

"പിന്നെ, എഴുപത് മുഴം നീളമുള്ള ഒരു ചങ്ങലയിൽ അവനെ നിങ്ങൾ പ്രവേശിപ്പിക്കൂ" (69:32).

(വിലങ്ങുകളും) അവരുടെ കൈകൾ കഴുത്തിലേക്ക് ബന്ധിക്കാനും പിടിച്ചുകെട്ടാനും. (കത്തിജ്വലിക്കുന്ന നരകാഗ്നിയും) അവരുടെ ശരീരങ്ങളെ കത്തിച്ച് കരിച്ച് കളയുന്ന തീ.

كُلَّمَا نَضِجَتْ جُلُودُهُم بَدَّلْنَاهُمْ جُلُودًا غَيْرَهَا لِيَذُوقُوا الْعَذَابَ

"അവരുടെ തൊലികൾ വെന്തുപോകുമ്പോഴെല്ലാം അവർക്ക് നാം വേറെ തൊലികൾ മാറ്റിക്കൊടുക്കുന്നതാണ്. അവർ ശിക്ഷ ആസ്വദിച്ച് കൊണ്ടിരിക്കാൻ വേണ്ടിയാണിത്" (4:56)

ഈ ശിക്ഷ അവർക്ക് നിത്യമായിരിക്കും. അതിലവർ കാലാകാലം ശാശ്വതരായിരിക്കും.

5). എന്നാൽ (പുണ്യവാന്മാർ) അല്ലാഹുവിനെ കുറിച്ചുള്ള അറിവിനാലും സ്നേഹത്താലും അവരുടെ നല്ല സ്വഭാവ ഗുണങ്ങളാലും അവർ നന്മ ചെയ്തു. അങ്ങനെ അവരുടെ കർമങ്ങൾ നന്നായി. പുണ്യങ്ങളുടെ അവസരങ്ങളെ അവർ പ്രയോജനപ്പെടുത്തി.

അതിനാലവർ (ഒരു പാനപാത്രത്തിൽ നിന്ന് കുടിക്കുന്നതാണ്). കർപ്പൂരം കലർത്തിയ മദ്യത്തിൽ നിന്നുള്ള രുചികരമായ പാനീയം. കർപ്പൂരം കലർത്തുന്നത് അതിന്റെ തീവ്രത കുറക്കാനും തണുപ്പിക്കാനുമാണ്. ഈ കർപ്പൂരം അങ്ങേയറ്റം രുചികരമാണ്. ഇഹലോകത്തെ കർപ്പൂരത്തിനുള്ള ന്യൂനതയിൽ നിന്നും കലക്കത്തിൽ നിന്നുമെല്ലാം അത് സുരക്ഷിതമായിരിക്കും. സ്വർഗത്തിലുണ്ടെന്ന് അല്ലാഹു പറഞ്ഞ ദുനിയാവിലെ വസ്തുക്കളിൽ നിന്നെല്ലാം അതിന്റെ അപകടങ്ങൾ ഇല്ലാതാവും. അല്ലാഹു പറയുന്നു:

فِي سِدْرٍ مَّخْضُودٍ ﴿٢٨﴾ وَطَلْحٍ مَّنضُودٍ ﴿٢٩﴾

"മുള്ളിലാത്ത ഇലന്തമരം, അടുക്കടുക്കായി കുലകളുള്ള വാഴ" (56:28, 29).

أَزْوَاجٌ مُّطَهَّرَةٌ

"പരിശുദ്ധരായ ഇണകളും അവർക്കവിടെ ഉണ്ടായിരിക്കും" (2:25).

لَهُمۡ دَارُ ٱلسَّلَٰمِ عِندَ رَبِّهِمۡۖ

“അവർക്ക് അവരുടെ രക്ഷിതാവിന്റെ അടുക്കൽ സമാധാനത്തിന്റെ ഭവനമുണ്ട്” (6:127).

وَفِيهَا مَا تَشۡتَهِيهِ ٱلۡأَنفُسُ وَتَلَذُّ ٱلۡأَعۡيُنُۖ

“മനസ്സുകൾ കൊതിക്കുന്നതും കണ്ണുകൾക്ക് ആനന്ദകരവുമായ കാര്യങ്ങൾ അവിടെ ഉണ്ടായിരിക്കും” (43:71).

6). (അല്ലാഹുവിന്റെ ദാസന്മാർ കുടിക്കുന്ന ഒരു ഉറവ ജലം). തീർന്നുപോകുമെന്ന് ഭയപ്പെടാതെ അവർ കുടിക്കുന്ന ആ കോപ്പ. നിന്നുപോകാത്ത ഒരു ഉറവിടമുണ്ട്. നിത്യമായി ഒഴുകിക്കൊണ്ടിരിക്കുന്ന ഒരു ഉറവയാണത്. അല്ലാഹുവിന്റെ അടിമകൾ ഉദ്ദേശിക്കുന്നിടത്തെല്ലാം അതിനെ ഒഴുക്കിക്കൊണ്ടിരിക്കും. അവർ വിചാരിക്കുന്ന പ്രകാരം പ്രശോഭിതമായ തോട്ടങ്ങളിലേക്കും പുഷ്പിച്ചു നിൽക്കുന്ന പൂന്തോട്ടങ്ങളിലേക്കും അവരതിനെ തിരിച്ചുവിടുന്നു. അലംകൃതമായ താമസസ്ഥലങ്ങളുടെയും കെട്ടിടങ്ങളുടെയും ഭാഗങ്ങളിലൂടെയും അവർ കാണുന്ന മനോഹരമായ ഏത് ഭാഗത്തും അതിനെ ഒഴുക്കുന്നു.

7). പിന്നീട് അവർ ചെയ്ത ഏതാനും പ്രവർത്തനങ്ങളെക്കുറിച്ച് പരാമർശക്കുന്നു. (നേർച്ച അവർ നിറവേറ്റുകയും) നേർച്ചകളിൽ നിന്നും കരാറുകളിൽ നിന്നും അല്ലാഹുവിന് വേണ്ടി അവർ സ്വയം തങ്ങൾക്ക് നിർബന്ധമാക്കിയത്. നിർബന്ധമല്ലാത്തവ സ്വയം നിർബന്ധമാക്കി നേർച്ച നിർവഹിക്കുന്നവർ അടിസ്ഥാനപരമായി നിർബന്ധമുള്ള കാര്യങ്ങൾ പ്രവർത്തിക്കാനും നിർവഹിക്കാനും അതിലേറെ മുൻഗണനയും സൂക്ഷ്മതയും പുലർത്തുന്നു. (ആപത്ത് പടർന്ന് പിടിക്കുന്ന ഒരു ദിവസത്തെ അവർ ഭയപ്പെടുകയും ചെയ്യും). പരന്ന് വ്യാപിക്കുന്ന അതിന്റെ ദുരന്തങ്ങൾ അവരെ പിടികൂടുമെന്ന് ഭയപ്പെടുന്നതിനാൽ. ശിക്ഷ അനിവാര്യമായിത്തീരുന്ന എല്ലാ കാരണങ്ങളും അവർ ഉപേക്ഷിക്കുന്നു. ●

peaceradio
Tune to reality

**ഈ ആഴ്ചയിലെ പ്രധാന പരിപാടികൾ**

**ഇൻസൈറ്റ്**
**ആരാണ് ഈസാ നബി?**
**മുനവ്വർ ഫൈറൂസ്**
08.04.19 തിങ്കൾ 06:30 PM

**ഹൃദയ വസന്തം**
**സൂറ: ത്വൂർ 09-14**
**ശുറൈഹ് സലഫി**
08.04.19 തിങ്കൾ 07:45 PM

**നേർരേഖ**
**ധൈര്യം കിട്ടാൻ**
**ഹാരിസ് ബിൻ സലീം**
08.04.19 തിങ്കൾ 09:45 PM

**അടിത്തറകൾ**
**അമ്പിയാക്കന്മാരുടെ സത്യസന്തത**
**ഫദ്‌ലുൽ ഹഖ് ഉമരി**
09.04.19 ചൊവ്വ 09:00 PM
11.04.19 വ്യാഴം 09:35 AM

**ഇൻസൈറ്റ്**
**കാർമേഘങ്ങൾ**
**ഇഖ്ബാൽ കൊല്ലം**
10.04.19 ബുധൻ 06:30 PM

**കൂടിക്കാഴ്ച**
**വർത്തമാനകാല ഇന്ത്യ:**
**ന്യൂനപക്ഷങ്ങൾ നേരിടുന്ന വെല്ലുവിളികൾ, ഭാഗം: 2**
**അഡ്വ. പി.എം സാദിഖലി**
**(മുസ്‌ലിം ലീഗ് സംസ്ഥാന സെക്രട്ടറി)**
**അബ്ദുൽ ജബ്ബാർ വിളത്തൂർ**
**(പീസ് റേഡിയോ പ്രതിനിധി)**
10.04.19 ബുധൻ 9:25 PM

**ഇ-മദ്രസ**
**നമസ്കാരത്തിന്റെ ശർത്തുകൾ, ഭാഗം: 2**
**ശാക്കിർ സ്വലാഹി**
12.04.19 വെള്ളി 07:10 AM

**ഇൻസൈറ്റ്**
**ശാസ്ത്ര പഠനം ദൈവത്തിലേക്ക്**
**പ്രപഞ്ചോൽപ്പത്തി, ഭാഗം 3**
**ഡോ.ജൗസൽ**
13.04.19 ശനി 06:30 PM

**ഇലൽ അറബിയ്യ**
**അറബി ഭാഷാ പഠനം, ഭാഗം: 30**
**ചോദ്യ പദങ്ങൾ, പ്രയോഗങ്ങൾ, മറുപടികൾ**
**ഹുസൈൻ പാലക്കോടൻ**
14.04.19 ഞായർ 9:00 PM, 16.04.19 ചൊവ്വ 9:35 AM

യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ
ynadwi@gmail.com

ലേഖനം

# ഇഹ്‌സാൻ ഇലാഹീ ദ്വഹീറിന്റെ രക്തസാക്ഷ്യം



**ഖാ**ദിയാനി, ശിയാ, ബറേൽവി, ത്വരീകത്ത് ഗ്രൂപ്പുകളുടെ പേടിസ്വപ്നമായിരുന്നു മൗലാനാ ഇഹ്‌സാൻ ഇലാഹീ ദ്വഹീർ അവർകൾ. ഇവരുടെ ആദർശ പാപ്പരത്തം വെളിവാക്കിക്കൊണ്ട് നിരവധി ഗ്രന്ഥങ്ങൾ വിവിധ ഭാഷകളിലായി മൗലാനാ രചിച്ചു. അറബി, ഉർദു, ഫാർസി ഭാഷകളിൽ അപാരമായ നൈപുണ്യമുണ്ടായിരുന്ന അദ്ദേഹത്തിന്റെ പ്രഭാഷണ വേദികളിൽ പതിനായിരങ്ങൾ തടിച്ചുകൂടി സത്യത്തിന്റെ തെളിനീർ കണ്ടെത്തുമായിരുന്നു. സ്വൂഫി, ബറേൽവി, ശിയാ ചിന്തകളിൽനിന്നും നൂറുകണക്കിന് ആളുകളെ കൈപിടിച്ച് കരകയറ്റാൻ അദ്ദേഹത്തിന്റെ രചനകൾക്കും പ്രഭാഷണങ്ങൾക്കും കഴിഞ്ഞിട്ടുണ്ടെന്നത് യാഥാർഥ്യമാണ്.

1941,മേയ് 30ന് പാക്കിസ്ഥാൻ പഞ്ചാബിലെ സ്യാലക്കോട്ട് അദ്ദേഹം ഭൂജാതനായി. പാക്കിസ്ഥാനിലെ വിവിധ കലാലയങ്ങളിൽനിന്നും ഉന്നത ബിരുദം നേടിയ അദ്ദേഹം സുഊദി അറേബ്യയിലെ മദീന ഇസ്‌ലാമിക് സർവകലാശാലയിൽ ഉപരിപഠനം നടത്തി. പ്രമുഖന്മാരായ സലഫി പണ്ഡിതന്മാർ, നേതാക്കൾ തുടങ്ങിയവരുമായി വളരെയടുത്ത് ബന്ധമുണ്ടായിരുന്ന അദ്ദേഹത്തിന് മക്കയിലും മദീനയിലും ഇരു ഹറമുകളിൽ ഇസ്‌ലാമിക പ്രഭാഷണത്തിനുള്ള അവസരവും ലഭിച്ചിരുന്നു. സുഊദി അറേബ്യയുടെ ഗ്രാന്റ് മുഫ്തി ശൈഖ് ഇബ്‌നുബാസു(റഹ്)മായും ഇഹ്‌സാൻ ഇലാഹി വളരെ അടുത്തബന്ധം പുലർത്തിവന്നു. അനുഗൃഹീത ശബ്ദത്തിന്റെയും ശൈലിയുടെയും ഉടമയായിരുന്ന ഇഹ്‌സാൻ ഇലാഹിയെ എങ്ങനെയും ഒതുക്കണമെന്ന ചിന്തയായിരുന്നു ശിയാ, ബറേൽവി, സ്വൂഫി ഗ്രൂപ്പുകൾക്ക്. അദ്ദേഹത്തിന്റെ പരസ്യ പ്രബോധന പ്രവർത്തങ്ങളിൽ വിറളിപൂണ്ടവർ അദ്ദേഹത്തെ ഇല്ലാതാക്കുവാൻ തക്കം പാർത്തു നടന്നു.

23.07.1407ന് (ഹി.വർഷം) പാക്കിസ്ഥാനിലെ ലാഹോറിൽ സംഘടിപ്പിക്കപ്പെട്ട ഒരു സമ്മേളനത്തിൽ അദ്ദേഹം പ്രഭാഷകനായിരുന്നു. ജം

ഇയ്യത്തു അഹ്‌ലുൽഹദീഥ് ആയിരുന്നു സംഘാട കർ. അവരുടെ മുഖ്യപ്രസിദ്ധീകരണമായ 'തർജുമാ നുൽഹദീഥ് മാസികയുടെ എഡിറ്റർ കൂടിയായിരുന്നു ഇഹ്‌സാൻ ഇലാഹി. പാക്കിസ്ഥാനിന്റെ വിവിധ ഭാ ഗങ്ങളിൽനിന്നും നിരവധി പണ്ഡിതന്മാരും പ്രഭാ ഷകരും പങ്കെടുത്ത പ്രസ്തുത സമ്മേളനത്തിൽ വേദിക്ക് മുന്നിലായി ഒരുക്കിയിരുന്ന പൂക്കുട്ടയിൽ സ്ഥാപിക്കപ്പെട്ട ടൈംബോംബ് മൗലാനാ അവർ കളുടെ പ്രഭാഷണം നടക്കുന്നതിനിടയിൽ ഘോര ശബ്ദത്തോടെ പൊട്ടിത്തെറിച്ചു. വേദിയിലുണ്ടായി രുന്ന പ്രമുഖ പണ്ഡിതന്മാരിൽ 7 പേർ തൽക്ഷണം മരിച്ചു. 2 പേർ അൽപശേഷം ആശുപത്രിയിലും മരണപ്പെട്ടു. ശ്രീലങ്കയിലെ തമിഴ്പുലികൾ ചെയ്യുന്ന മാതൃകയിലുള്ള ചാവേർ ആക്രമണമാണ് ആദർശ ശത്രുവിനെ ആശയങ്ങൾ കൊണ്ട് എതിരിടുന്നതിൽ പരാജയപ്പെട്ട ബറേൽവികൾ സ്വീകരിച്ചത്.

നാലുദിവസം പാക്കിസ്ഥാനിലെ പ്രമുഖ ആശു പത്രിയിൽ ചികിത്സയിലായിരുന്ന മൗലാനാ അവർ കളെ സൗദി ഭരണാധികാരി ഫഹദ് രാജാവിന്റെ നിർദേശമനുസരിച്ച് വിദഗ്ധ ചികിത്സക്കായി റിയാ ദിലെ സൈനിക ആശുപത്രിയിലേക്ക് കൊണ്ടുപോ യി. സുഊദിയുടെ ഗ്രാന്റ് മുഫ്തി ആയിരുന്ന ശൈ ഖ് ഇബ്നുബാസ്(റഹ്) ആണ് ഇതിനാവശ്യമായ നടപടികൾ സ്വീകരിച്ചത്. സൈനിക ആശുപത്രി യിൽ വിദഗ്ധ ചികിത്സക്കിടയിൽ 01.08.1407ന് അ ദ്ദേഹം ഈ ഭൗതിക ലോകത്തോട് വിടവാങ്ങി. രാ ജകീയ നിർദ്ദേശമനുസരിച്ച് പ്രത്യേക വിമാനത്തിൽ അദ്ദേഹത്തിന്റെ മയ്യിത്ത് മദീനയിൽ എത്തിച്ചു. പ തിനായിരങ്ങളുടെ പ്രാർഥനക്ക് ശേഷം മദീനയി ലെ മസ്ജിദുന്നബവിയുടെ ചാരത്തുള്ള 'അൽബ ക്വീഉൽ ഗർക്വദ്' എന്ന പ്രശസ്തമായ ക്വബ്ർസ്ഥാ നിൽ അദ്ദേഹത്തെ മറമാടി.

തന്റെ ജീവിതംകാലം മുഴുവനും ഏതൊരാദർ ശത്തിനായി മൗലാനാ അവർകൾ പ്രവൃത്തിക്കു കയും ഉത്ബോധനം നടത്തുകയും ചെയ്തുവോ അതേആദർശം തന്നെ ജീവിതത്തിലുടനീളം സ്വീ കരിച്ച ആദ്യകാലത്തെ ഉത്തമരിൽ ഉത്തമരായ ഉ ന്നതസമൂഹത്തിനൊപ്പം, നബിﷺപ്രിയപ്പെട്ട സ്വഹാ ബത്തിന്റെ ഖബറുകളുടെ സമീപത്തായി മൗലാ നാ അവർകൾക്കും അദ്ദേഹത്തിന്റെ സുഹൃത്തു ക്കൾ അന്ത്യവിശ്രമമൊരുക്കി. ഇന്നാലില്ലാഹി...

ഇതാണ് പ്രതികാരമോഹികളും രക്തദാഹിക ളുമായ ശിയാ, ബറേൽവികളുടെ പാരമ്പര്യമെന്ന് വായനക്കാർ മനസ്സിലാക്കിയിരിക്കുക. ഒട്ടനവധി ഗ്ര ന്ഥങ്ങളാണ് മൗലാനാ ഇഹ്‌സാൻ ഇലാഹി ചുരു ങ്ങിയ ആയുഷ്‌ക്കാലത്തിനുള്ളിൽ സമൂഹത്തിനു വേണ്ടി സമർപ്പിച്ചത്. സുഊദി അറേബ്യയിലെ പഠ നത്തിനു ശേഷം അവിടെതത്തന്നെ ഉന്നതമായ സൗ കര്യങ്ങളും ആനുകൂല്യങ്ങളും ലഭ്യമാകുന്ന നിര വധി ജോലികൾ അദ്ദേഹത്തിന് വാഗ്ദാനം ചെയ്യപ്പെ ട്ടെങ്കിലും അതിനൊന്നും കാത്തുനിൽക്കാതെ സ്വ ന്തം സേവനം ഏറ്റവും അനിവാര്യമായ പാക്കിസ്ഥാ നിലേക്ക് തന്നെ അദ്ദേഹം മടങ്ങുകയായിരുന്നു.

അദ്ദേഹത്തെപ്പറ്റി മദീന ഇസ്‌ലാമിക് സർവക ലാശാലയിലെ സുഹൃത്തും സഹപാഠിയുമായിരു ന്ന ഡോ. ലുക്മാൻ അസ്സലഫി പറയുന്നു:

"25 വർഷങ്ങൾക്ക് മുമ്പ് മദീന ഇസ്‌ലാമിക് സർ വകലാശാലയിലെ വിദ്യാർഥി ജീവിതകാലത്താണ് ഞാൻ അദ്ദേഹത്തെ പരിചയപ്പെടുന്നത്. അല്ലാഹു വിന്റെ മാർഗത്തിൽ സ്വന്തം ജീവിതം വിലയ്ക്കു നൽകിയ ധീരമുജാഹിദായിട്ടാണ് ഞാൻ അദ്ദേഹ ത്തെ മനസ്സിലാക്കുന്നത്. നാലുവർഷക്കാലം ഞ ങ്ങൾ ഇരുവരും അടുത്തടുത്ത സീറ്റുകളിലായിരു ന്നു ഇരുന്നത്. പഠനത്തിൽ സഹപാഠികളെയെല്ലാം മികച്ചുനിൽക്കുന്ന അതീവബുദ്ധിശാലിയായിരുന്നു അദ്ദേഹം. ഗവേഷണത്തിലും സംവാദങ്ങളിലും ഏ റെ മുന്നിലായിരുന്നു. ആയിരക്കണക്കിന് ഹദീഥു കളും ആയത്തുകളും അദ്ദേഹത്തിന് മനഃപ്പാഠമാ യിരുന്നു. ക്ലാസിൽനിന്നും അദ്ദേഹം നേരെ പോ യിരുന്നത് ശൈഖ് നാസ്വിറുദ്ദീൻ അൽബാനിയു ടെ അടുത്തേക്കായിരുന്നു. കോളേജിന്റെ ക്യാമ്പ സിൽ ചരൽക്കല്ലുകൾക്ക് മുകളിൽ ഇരുന്നുകൊ ണ്ട് അദ്ദേഹം നാസ്വിറുദ്ദീൻ അൽബാനിയോട് ഹ ദീഥുകൾ, നിദാന ശാസ്ത്രം, ഹദീഥ് പരമ്പര തു ടങ്ങിയ വിഷയങ്ങളിൽ സംശയ നിവാരണവും ചർ ച്ചകളും നടത്തുമായിരുന്നു. വിശാല ഹൃദയനായ ശൈഖ് അൽബാനി അദ്ദേഹത്തിന്റെ എല്ലാ സം ശയങ്ങൾക്കും മതിയാകുവോളം വിശദീകരണം നൽകി. തന്നോട് സംശയ നിവാരണം നടത്തുന്ന ഈ യുവാവ് പിൽക്കാലത്ത് തൂലികകൊണ്ടും നാ വുകൊണ്ടും അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദ് നടത്താനുള്ള ലക്ഷ്യത്തിലാണെന്ന് അൽബാനി ഗ്രഹിച്ചതുപോലെയായിരുന്നു കാര്യങ്ങൾ. ലോക ത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും ഹജ്ജിനായി എത്തുന്ന വിവിധ സമൂഹങ്ങളുമായി വിവിധ വി ഷയങ്ങളെപ്പറ്റിയും അവർ അഭിമുഖീകരിക്കുന്ന പ്ര ശ്നങ്ങളെപ്പറ്റിയും മൗലാനാ അവർകൾ ദീർഘ മായ ചർച്ചകളിൽ ഏർപ്പെടുമായിരുന്നു."

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അദ്ദേഹം പ്ര ഭാഷണം നിർവഹിച്ചു. അറബിയിലും ഉർദുവിലും ഫാരിസിയിലുമായി അമൂല്യമായ നിരവധി ഗ്രന്ഥങ്ങൾ രചിച്ചു. ശിയാ, ബറേൽവി, സ്വൂഫി, ബഹായി തുട ങ്ങിയ അവാന്തര വിഭാഗങ്ങളെപ്പറ്റി മുസ്‌ലിം സമൂഹ ത്തിന് കൃത്യമായ ഒരു നിലപാട് സ്വീകരിക്കാൻ സാധിക്കുന്ന തികച്ചും വൈജ്ഞാനികമായ രചന കളായിരുന്നു അദ്ദേഹത്തിന്റേത്. ഒട്ടുമിക്ക ഭാഷക ളിലും ഇവയുടെ പരിഭാഷകൾ ലഭ്യമാണ്. ബറേൽ വികളുടെ ചരിത്രവും വ്യതിയാനവും വ്യക്തമാക്കുന്ന 'അൽബറേൽവിയ്യ: അക്വാഇദുൻ വതാരീഖുൻ' എന്ന രചനക്ക് മലയാളത്തിലും പരിഭാഷ ലഭ്യമാണ്. ●

സയ്യിദ് സഅ്ഫർ സ്വാദിക് മദീനി
sahfarsadik@gmail.com

ലേഖനം



# പ്രവാചകന്മാരുടെ പ്രാർഥനകൾ വിശുദ്ധ ക്വുർആനിൽ

അല്ലാഹുവിന്റെ മതം ജനങ്ങൾക്ക് എത്തിച്ച് കൊടുക്കുവാനായി അല്ലാഹു ഈ ലോകത്തേക്ക് അനേകം പ്രവാചകന്മാരെ നിയോഗിച്ചിട്ടുണ്ട്. അവർ തങ്ങളുടെ ജീവിതത്തിൽ അനുഭവിച്ച യാതനകളുടെയും വേദനകളുടെയും സന്ദർഭങ്ങളിൽ അല്ലാഹുവിനോട് നേരിട്ട് മാത്രമാണ് പ്രാർഥിച്ചിട്ടുള്ളത്. ക്വുർആനിലൂടെ അല്ലാഹു അവരുടെ ചില പ്രാർഥനകൾ നമുക്ക് പറഞ്ഞു തന്നിട്ടുണ്ട്. അവരുടെ മാർഗം പിന്തുടരുവാനാണ് അല്ലാഹു നമ്മോട് കൽപിക്കുന്നത്. അത്കൊണ്ട് നമ്മുടെ പ്രാർഥനകൾ അല്ലാഹുവിനോട് മാത്രമായിരിക്കാൻ നാം ശ്രദ്ധിക്കേണ്ടതുണ്ട്. ക്വുർആൻ പഠിപ്പിച്ചു തരുന്ന പ്രവാചകന്മാരുടെ ചില പ്രാർഥനകളുടെ അർഥം താഴെ കൊടുക്കുന്നു. ക്വുർആനിൽ നിന്നും ആ പ്രാർഥനകൾ കണ്ടെത്തി അറബിയിൽ തന്നെ മനഃപാഠമാക്കുവാനും പ്രാർഥിക്കുവാനും നാം ശ്രമിക്കേണ്ടതുണ്ട്.

### ആദം നബി(عليه السلام)യും ഇണയും നടത്തിയ പ്രാർഥന

"...ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഞങ്ങളോട് തന്നെ അക്രമം ചെയ്തിരിക്കുന്നു. നീ ഞങ്ങൾക്ക് പൊറുത്തുതരികയും ഞങ്ങളോട് കരുണ കാണിക്കുകയും ചെയ്തില്ലെങ്കിൽ തീർച്ചയായും ഞങ്ങൾ നഷ്ടം പറ്റിയവരുടെ കൂട്ടത്തിലായിരിക്കും" (അൽഅഅ്റാഫ്: 23).

ഈ പശ്ചാത്താപത്തോടെയുള്ള പ്രാർഥനക്ക് ഉത്തരം നൽകിയതായി അല്ലാഹു പറയുന്നു:

"അനന്തരം ആദം തന്റെ രക്ഷിതാവിങ്കൽ നിന്ന് ചില വചനങ്ങൾ സ്വീകരിച്ചു. (ആ വചനങ്ങൾ മുഖേന പശ്ചാത്താപിച്ച) ആദമിന് അല്ലാഹു പാപമോചനം നൽകി. അവൻ പശ്ചാത്താപം ഏറെ സ്വീകരിക്കുന്നവനും കരുണാനിധിയുമാകുന്നു" (അൽബക്വറ: 37).

### നൂഹ് നബിﷺ

"നൂഹ് നമ്മെ വിളിക്കുകയുണ്ടായി. അപ്പോൾ ഉത്തരം നൽകിയവൻ എത്ര നല്ലവൻ. അദ്ദേഹത്തെയും അദ്ദേഹത്തിന്റെ ആളുകളെയും നാം വമ്പിച്ച ദുരന്തത്തിൽ നിന്ന് രക്ഷപ്പെടുത്തി" (അസ്സ്വാഫ്ഫാത്ത്:75-76).

"നൂഹിനെയും (ഓർക്കുക). മുമ്പ് അദ്ദേഹം വിളിച്ചു പ്രാർഥിച്ച സന്ദർഭം. അദ്ദേഹത്തിന് നാം ഉത്തരം നൽകി. അങ്ങനെ അദ്ദേഹത്തെയും അദ്ദേഹത്തിന്റെ കുടുംബത്തെയും നാം മഹാദുഃഖത്തിൽ നിന്ന് രക്ഷപ്പെടുത്തി. നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിച്ചു തള്ളിയ ജനങ്ങളിൽ നിന്ന് അദ്ദേഹത്തിന് നാം രക്ഷ നൽകുകയും ചെയ്തു. തീർച്ചയായും അവർ ദുഷിച്ച ഒരു ജനവിഭാഗമായിരുന്നു. അതിനാൽ അവരെ മുഴുവൻ നാം മുക്കി നശിപ്പിച്ചു കളഞ്ഞു'' (അൽ അൻബിയാഅ് 76-77).

### ഇബ്റാഹീം നബിﷺ

"എന്റെ രക്ഷിതാവെ, എനിക്ക് നീ തത്ത്വജ്ഞാനം നൽകുകയും എന്നെ നീ സജ്ജനങ്ങളോടൊപ്പം ചേർക്കുകയും ചെയ്യേണമേ. പിൽക്കാലക്കാർക്കിടയിൽ എനിക്ക് നീ സൽകീർത്തി ഉണ്ടാക്കേണമേ. എന്നെ നീ സുഖസമ്പൂർണമായ സ്വർഗത്തിന്റെ അവകാശികളിൽ പെട്ടവനാക്കേണമേ" (അശ്ശുഅറാഅ് 83-85).

കഅ്ബയുടെ നിർമാണ വേളയിൽ ഇബ്റാഹീം നബിﷺയും ഇസ്മാഈൽ നബിﷺയും പ്രാർഥിച്ചു: "ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽ നിന്ന് നീയിത് സ്വീകരിക്കേണമേ. തീർച്ചയായും നീ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു" (അൽ ബക്വറഃ 126).

"എന്റെ രക്ഷിതാവേ, എന്നെ നീ നമസ്കാരം മുറപ്രകാരം നിർവഹിക്കുന്നവനാക്കേണമേ. എന്റെ സന്തതികളിൽ പെട്ടവരെയും (അപ്രകാരം ആക്കേണമേ). ഞങ്ങളുടെ രക്ഷിതാവേ, എന്റെ പ്രാർഥന നീ സ്വീകരിക്കുകയും ചെയ്യേണമേ. ഞങ്ങളുടെ രക്ഷിതാവേ, വിചാരണ നിലവിൽ വരുന്ന ദിവസം എനിക്കും എന്റെ മാതാപിതാക്കൾക്കും സത്യവിശ്വാസികൾക്കും നീ പൊറുത്തുതരേണമേ" (ഇബ്റാഹീം 40,41).

### അയ്യൂബ് നബിﷺ

"...എനിക്കിതാ കഷ്ടപ്പാട് ബാധിച്ചിരിക്കുന്നു. നീ കാരുണികരിൽ വെച്ച് ഏറ്റവും കരുണയുള്ളവനാണല്ലോ..."(അൽഅൻബിയാഅ് 83).

നീണ്ട കാലത്തെ പരീക്ഷണത്തിന് ശേഷം അദ്ദേഹത്തിന്റെ പ്രാർഥനക്ക് അല്ലാഹു ഉത്തരം നൽകി: "അപ്പോൾ അദ്ദേഹത്തിന് നാം ഉത്തരം നൽകുകയും അദ്ദേഹത്തിന് നേരിട്ട കഷ്ടപ്പാട് നാം അകറ്റിക്കളയുകയും ചെയ്തു. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളെയും അവരോടൊപ്പം അത്രയും പേരെ വെറേയും നാം അദ്ദേഹത്തിന് നൽകുകയും ചെയ്തു. നമ്മുടെ പക്കൽനിന്നുള്ള ഒരു കാരുണ്യവും ആരാധനാ നിരതരായിട്ടുള്ളവർക്ക് ഒരു സ്മരണയുമാണത്" (അൽ അൻബിയാഅ് 84).

### യൂനുസ് നബിﷺ

"...നീയല്ലാതെ യാതൊരു ദൈവവമില്ല. നീ എത്ര പരിശുദ്ധൻ! തീർച്ചയായും ഞാൻ അക്രമികളുടെ കൂട്ട ത്തിൽ പെട്ടവനായിരിക്കുന്നു" (അൻബിയാ:87).

മത്സ്യത്തിന്റെ വയറ്റിൽവെച്ച് യൂനുസ് നബിﷺ നടത്തിയ പ്രാർഥനക്ക് അല്ലാഹു ഉത്തരം നൽകി:

"അപ്പോൾ നാം അദ്ദേഹത്തിന് ഉത്തരം നൽകുകയും ദുഃഖത്തിൽ നിന്ന് നാം അദ്ദേഹത്തെ രക്ഷപ്പെടുത്തുകയും ചെയ്തു. സത്യവിശ്വാസികളെ അപ്രകാരം നാം രക്ഷിക്കുന്നു" (അൽ അൻബിയാഅ് 88).

### സകരിയ്യാ നബിﷺ

വാർധക്യവേളയിലെത്തിയിട്ടും നിരാശനാകാതെ ഒരു സന്താനത്തിനായി സകരിയ്യാനബിﷺ അല്ലാഹുവിനോട് പ്രാർഥിച്ചു:

"...എന്റെ രക്ഷിതാവേ, എനിക്ക് നീ നിന്റെ പക്കൽ നിന്ന് ഒരു ഉത്തമ സന്താനത്തെ നൽകേണമേ. തീർച്ചയായും നീ പ്രാർഥന കേൾക്കുന്നവനാണല്ലോ...'' (ആലുഇംറാൻ 38).

"...എന്റെ രക്ഷിതാവേ, നീ എന്നെ ഏകനായി (പിന്തുടർച്ചക്കാരില്ലാതെ) വിടരുതേ. നീയാണല്ലോ അനന്തരാവകാശമെടുക്കുന്നവരിൽ ഏറ്റവും ഉത്തമൻ" (അൽഅൻബിയാഅ് 89).

അദ്ദേഹത്തിന്റെ പ്രാർഥന അല്ലാഹു സ്വീകരിച്ചു:

"അപ്പോൾ നാം അദ്ദേഹത്തിന് ഉത്തരം നൽകുകയും അദ്ദേഹത്തിന് (മകൻ) യഹ്‌യായെ നാം പ്രദാനം ചെയ്യുകയും അദ്ദേഹത്തിന്റെ ഭാര്യയെ നാം (ഗർഭധാരണത്തിന്) പ്രാപ്തയാക്കുകയും ചെയ്തു. തീർച്ചയായും അവർ (പ്രവാചകന്മാർ) ഉത്തമ കാര്യങ്ങൾക്ക് ധൃതി കാണിക്കുകയും ആശിച്ചുകൊണ്ടും പേടിച്ച്കൊണ്ടും നമ്മോട് പ്രാർഥിക്കുകയും ചെയ്യുന്നവരായിരുന്നു. അവർ നമ്മോട് താഴ്മ കാണി ക്കുന്നവരുമായിരുന്നു" (അൽഅൻബിയാഅ് 90).

**സുലൈമാൻ നബിﷺ**

"...എന്റെ രക്ഷിതാവേ, എനിക്കും എന്റെ മാതാപിതാക്കൾക്കും നീ ചെയ്ത് തന്നിട്ടുള്ള നിന്റെ അനുഗ്രഹത്തിന് നന്ദികാണിക്കുവാനും നീ തൃപ്തിപ്പെടുന്ന സൽകർമം ചെയ്യുവാനും എനിക്ക് നീ പ്രചോദനം നൽകേണമേ. നിന്റെ കാരുണ്യത്താൽ നിന്റെ സദ്വൃത്തരായ ദാസൻമാരുടെ കൂട്ടത്തിൽ എന്നെ നീ ഉൾപെടുത്തുകയും ചെയ്യേണമേ" (അന്നംല് 19).

**യഅ്ക്വൂബ് നബിﷺ**

അങ്ങേയറ്റത്തെ പ്രയാസഘട്ടത്തിലും യഅ്ക്വൂബ് നബിﷺ സഹായം തേടിയത് അല്ലാഹുവിനോട് മാത്രം: "യൂസുഫിന്റെ കുപ്പായത്തിൽ കള്ള ച്ചോരയുമായാണ് അവർ വന്നത്. പിതാവ് പറഞ്ഞു: അങ്ങനെയല്ല, നിങ്ങളുടെ മനസ്സ് നിങ്ങൾക്ക് ഒരു കാര്യം ഭംഗിയായി തോന്നിച്ചിരിക്കുകയാണ്. അതിനാൽ നല്ല ക്ഷമ കൈകൊള്ളുക തന്നെ. നിങ്ങളീ പറഞ്ഞുണ്ടാക്കുന്ന കാര്യത്തിൽ (എനിക്ക്) സഹായം തേടാനുള്ളത് അല്ലാഹുവോടത്രെ" (യൂസുഫ് 18).

**യൂസുഫ് നബിﷺ**

"...എന്റെ രക്ഷിതാവേ, ഇവർ എന്നെ ഏതൊന്നിലേക്ക് ക്ഷണിക്കുന്നുവോ അതിനെക്കാളും എനിക്ക് കൂടുതൽ പ്രിയപ്പെട്ടത് ജയിലാകുന്നു. ഇവരുടെ കുതന്ത്രം എന്നെവിട്ട് നീ തിരിച്ച് കളയാത്തപക്ഷം ഞാൻ അവരിലേക്ക് ചാഞ്ഞുപോയേക്കും. അങ്ങിനെ ഞാൻ അവിവേകികളുടെ കൂട്ടത്തിൽ ആയിപ്പോകുകയും ചെയ്യും"(യൂസുഫ് 33).

അല്ലാഹു ഈ പ്രാർഥന സ്വീകരിക്കുകയും യൂസുഫ് നബിﷺയെ സഹായിക്കുകയും ചെയ്തു: "അപ്പോൾ അവന്റെ പ്രാർഥന തന്റെ രക്ഷിതാവ് സ്വീകരിക്കുകയും അവരുടെ കുതന്ത്രം അവനിൽ നിന്ന് അവൻ തട്ടിത്തിരിച്ചുകളയുകയും ചെയ്തു. തീർച്ചയായും അവൻ എല്ലാം കേൾക്കുന്നവനും കാണുന്നവനുമത്രെ" (യൂസുഫ് 34).

**മൂസാ നബിﷺ**

"രക്ഷിതാവേ, നീ എനിക്ക് ഹൃദയവിശാലത നൽകേണമേ. എനിക്ക് എന്റെ കാര്യം നീ എളുപ്പമാക്കി തരേണമേ. ജനങ്ങൾ എന്റെ സംസാരം മനസ്സിലാക്കേണ്ടതിന്നായി എന്റെ നാവിൽ നിന്ന് നീ കെട്ടഴിച്ച് തരേണമേ. എന്റെ കുടുംബത്തിൽ നിന്ന് എനിക്ക് നീ ഒരു സഹായിയെ ഏർപ്പെടുത്തുകയും ചെയ്യേണമേ. അതായത് എന്റെ സഹോദരൻ ഹാറൂനെ. അവൻ മുഖേന എന്റെ ശക്തി നീ ദൃഢമാക്കുകയും എന്റെ കാര്യത്തിൽ അവനെ നീ പങ്കാളിയാക്കുകയും ചെയ്യേണമേ. ഞങ്ങൾ ധാരാളമായി നിന്റെ പരിശുദ്ധിയെ വാഴ്ത്തുവാനും ധാരാളമായി നിന്നെ ഞങ്ങൾ സ്മരിക്കുവാനും വേണ്ടി. തീർച്ചയായും നീ ഞങ്ങളെപ്പറ്റി കണ്ടറിയുന്നവനാകുന്നു. അവൻ (അല്ലാഹു) പറഞ്ഞു: ഹേ, മൂസാ, നീ ചോദിച്ചത് നിനക്ക് നൽകപ്പെട്ടിരിക്കുന്നു"" (ത്വഹാ:25-36).

"അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവേ, തീർച്ചയായും ഞാൻ എന്നോട് തന്നെ അന്യായം ചെയ്തിരിക്കുന്നു. അതിനാൽ നീ എനിക്ക് പൊറുത്ത് തരേണമേ..." (അൽക്വസ്വസ്:16)

"...അപ്പോൾ അദ്ദേഹത്തിന് അവൻ പൊറുത്ത് കൊടുത്തു. തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു" (അൽക്വസ്വസ് 16).

**മുഹമ്മദ് നബിﷺയുടെയും അനുചരന്മാരുടെയും പ്രാർഥന**

ശത്രുക്കളിൽനിന്ന് പ്രയാസങ്ങൾ ഏൽക്കേണ്ടി വന്നപ്പോളും ജീവിതത്തിലെ മറ്റു വിപൽഘട്ടങ്ങളിലുമെല്ലാം നബിﷺയും അനുചരന്മാരും അല്ലാഹുവിനോട് മാത്രമാണ് പ്രാർഥിച്ചിട്ടുള്ളത്. അല്ലാഹു അവരുടെ പ്രാർഥനയെക്കുറിച്ച് പറയുന്നത് കാണുക:

"നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് സഹായം തേടിയിരുന്ന സന്ദർഭം (ഓർക്കുക). തുടരെ തുടരെയായി ആയിരം മലക്കുകളെ അയച്ചുകൊണ്ട് ഞാൻ നിങ്ങൾക്ക് സഹായം നൽകുന്നതാണ് എന്ന് അവൻ അപ്പോൾ നിങ്ങൾക്ക് മറുപടി നൽകി. ഒരു സന്തോഷവാർത്തയായി കൊണ്ടും നിങ്ങളുടെ ഹൃദയങ്ങൾക്ക് സമാധാനം നൽകുന്നതിന് വേണ്ടിയും മാത്രമാണ് അല്ലാഹു അത് ഏർപ്പെടുത്തിയത്. അല്ലാഹുവിങ്കൽ നിന്നല്ലാതെ യാതൊരു സഹായവും ഇല്ല. തീർച്ചയായും അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു'' (അൽഅൻഫാൽ 9,10).

"ആ ജനങ്ങൾ നിങ്ങളെ നേരിടാൻ (സൈന്യത്തെ) ശേഖരിച്ചിരിക്കുന്നു. അവരെ ഭയപ്പെടണം എന്ന് ആളുകൾ അവരോട് പറഞ്ഞപ്പോൾ അത് അവരുടെ വിശ്വാസം വർധിപ്പിക്കുകയാണ് ചെയ്തത്. അവർ പറഞ്ഞു: ഞങ്ങൾക്ക് അല്ലാഹു മതി. ഭരമേൽപിക്കുവാൻ ഏറ്റവും നല്ലത് അവനത്രെ. അങ്ങനെ അല്ലാഹുവിങ്കൽ നിന്നുള്ള അനുഗ്രഹവും ഔദാര്യവും കൊണ്ട് യാതൊരു ദോഷവും ബാധിക്കാതെ അവർ മടങ്ങി. അല്ലാഹുവിന്റെ പ്രീതിയെ അവർ പിന്തുടരുകയും ചെയ്തു. മഹത്തായ ഔദാര്യമുള്ളവനത്രെ അല്ലാഹു" (ആലുഇംറാൻ173,174). ●

ഡോ. ചേക്കുമരക്കാരകത്ത് ഷാനവാസ്, പറവണ്ണ
drshanavasparavanna@gmail.com

ലേഖനം

വിശുദ്ധ ക്വുർആൻ പരിഭാഷയും മലയാളികളും 13

ശൈഖ് മുഹമ്മദ് മാഹിൻ ഹമദാനി തങ്ങൾ: 7

# അകത്ത് ആയിരം അഗ്നിസ്ഫുലിംഗങ്ങളുണർത്തിയ കത്ത്

**ശൈ**ഖ് മുഹമ്മദ് മാഹിൻ ഹമദാനി തങ്ങളുടെ അഞ്ചുവർഷത്തെ പ്രജാസഭാപ്രകടനം നിരീക്ഷിക്കുമ്പോൾ നാട്ടിന്റെയും സമൂഹത്തിന്റെയും വികാസത്തിനും ഉദ്ധാരണത്തിനും വേണ്ടി എത്രമാത്രം ശ്രദ്ധയോടെയും ദീർഘവീക്ഷണത്തോടെയും ആസൂത്രണത്തോടെയും വിഭവ വിന്യാസത്തോടെയുമാണ് ആ മഹാൻ കരുക്കൾ നീക്കിയത് എന്ന് ആർക്കും ബോധ്യപ്പെടും. സമുദായോദ്ധാരണത്തിന്റെ പ്രധാന പോംവഴികൾ നിർദേശിക്കുന്ന ഹമദാനി തങ്ങളുടെ വിശദമായ ഒരു കത്ത് വക്കം മുഹമ്മദ് അബ്ദുൽ ഖാദിർ മൗലവിയുടെ 'മുസ്‌ലിം' മാസിക അക്കാലത്ത് പ്രസിദ്ധീകരിക്കുകയുണ്ടായി. സമുദായ ഫണ്ട് രൂപീകരണവും അതിന്റെ ശേഖരണ വിനിയോഗങ്ങൾക്കുള്ള മാർഗനിർദേശങ്ങളും ആണ് ആ കത്തിന്റെ ഒന്നാം ഭാഗത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നത്. ഒരു പണ്ഡിത സംഘടനയുടെ ആവശ്യകതയാണ് കത്തിന്റെ രണ്ടാം ഭാഗത്തിൽ ഊന്നിപ്പറഞ്ഞിരിക്കുന്നത്. 'മുസ്‌ലിം' മാസികയുടെ തുടർന്നുള്ള ലക്കങ്ങളിൽ ആ നിർദേശങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള സുചിന്തിതവും ദ്രുതവുമായ നീക്കങ്ങൾ കാണാം. 'കേരളീയ മുസൽമാന്മാർ' എന്ന ശീർഷകത്തിൽ കെ. ഹാശിം 1091 മിഥുന മാസത്തിലെ (1916 ജൂൺ) മുസ്‌ലിം മാസികയിൽ എഴുതിയ ലേഖനം ആ മേഖലയിലുള്ള ഒരു പ്രധാന ചുവടുവെപ്പായിരുന്നു.

### പരിഷ്‌കാര സൂര്യനുദിക്കാത്ത മുസ്‌ലിം പരിസരം

തങ്ങളുടെ കത്ത് വിശകലന വിധേയമാക്കുന്ന പ്രസ്തുത ലേഖനത്തിന്റെ പ്രസക്തഭാഗങ്ങളുടെ പുനർവായന കേരള മുസ്‌ലിം നവോത്ഥാന പരിശ്രമങ്ങളുടെ ആഴവും പരപ്പും പരിഷ്‌കർത്താക്കളുടെ കാലത്തെ സമുദായത്തിന്റെ ആലസ്യവും ബോധ്യമാക്കിത്തരുന്നുണ്ട്.

"അന്ധകാരം, അജ്ഞാനം, മ്ലേഛത്വം ഇവകൾ സങ്കേതം പ്രാപിച്ചിരിക്കുന്ന സ്ഥലങ്ങളിൽ നിന്ന് അവയെ തള്ളിപ്പുറത്താക്കി പ്രകാശം, ജ്ഞാനം, മാനുഷികത്വം ഇവയെ ഉദ്ധാരണം ചെയ്ത് ലോകം മുഴുവൻ വിളങ്ങിയാടുന്ന പരിഷ്‌കാര സൂര്യൻ സർവ്വ പ്രതീക്ഷിതമായ തന്റെ രശ്മികളെ കേരളീയ മുസൽമാന്മാരുടെയിടയിൽ പ്രകാശിപ്പിച്ചു കാണിക്കാത്തതിൽ വിസ്മയിക്കാത്തവർ ആരും തന്നെയില്ല. പക്ഷേ, ആശ്ചര്യഭരിതരായി കണ്ണും മിഴിച്ച് അങ്ങുമിങ്ങും നോക്കി 'സമുദായ ഗുണകാംക്ഷികൾ' എന്ന നാമവും ധരിച്ച് 'അങ്ങനെ വേണം ഇങ്ങനെ വേണം' എന്നും മറ്റും പറഞ്ഞു അനാവശ്യമായി വാക്കുകൾ ചെലവഴിച്ച് കായക്ലേശമോ[1] പണച്ചിലവോ വേണ്ടിവന്നാൽ 'പൂച്ചയെ കണ്ട എലിയെ' എന്നപോലെ 'ദൈവമേ എന്നെ ആരും കാണരുത്' എന്നും വിചാരിച്ച് തലയും താഴ്ത്തി വീട്ടിൽ പോയി സ്വസ്ഥമായിരുന്നാൽ സമുദായത്തിൽ പരിഷ്‌കാര രശ്മികൾ എങ്ങനെയാണ് കടന്നുകൂടേണ്ടത്?!

നാം നമ്മുടെ ഘനം വിടാതെ യോഗ്യരുടെ നിലയിൽ 'കാലിന്മേൽ കാലും വച്ച് മീശയും വലിച്ച്' വീട്ടിൽ കൂടിയാൽ അഭിവൃദ്ധിയും പരിഷ്‌കാരവും സ്വമനസ്സാലെ വന്ന് കാൽക്കൽവീണ് സമുദായത്തിനകത്ത് കടപ്പാൻ അനുവാദത്തിനു യാചിക്കാതെയിരിക്കുകയില്ല എന്നാണ് നമ്മുടെയിടയിൽ അധികപക്ഷക്കാരുടെയും വിശ്വാസമെന്ന് തോന്നുന്നു. ധനം കൊണ്ടും ശരീരം കൊണ്ടും കഴിയുന്നേടത്തോളം സഹായിച്ച് സ്വസമുദായത്തെ ഒരു ഉന്നതപദവിയിൽ കൊണ്ടുവരേണം എന്നുള്ള ആഗ്രഹം മനസ്സിൽ വേരൂന്നി അത് പ്രകാരം നിഷ്‌കപടമായി പ്രവർത്തിക്കുന്ന സാക്ഷാൽ സമുദായസ്നേഹികൾ ആരും തന്നെ കേരളീയ മുസൽമാന്മാരിൽ ഇല്ല എന്നത് വ്യസനകരമായ ഒരു വാസ്തവമാണ് എന്നിരിക്കെ, പരിഷ്‌കാര സൂര്യൻ നമ്മുടെ ഇടയിൽ ഉദിക്കാത്തതിൽ എന്താണ് ആശ്ചര്യപ്പെടാനുള്ളത്?!"[2]

മലബാർ മുസ്‌ലിംകൾക്ക് ബോധോദയമുണ്ടാകാനിടയായ സാഹചര്യവും ലേഖകൻ കൂലങ്കശമായി വിശകലനവിധേയമാക്കിയിട്ടുണ്ട്.

"ഇരുപതാം നൂറ്റാണ്ടിന്റെ ആവിർഭാവത്തോടുകൂടി കണ്ണുതുറന്ന് നാലുഭാഗവും നോക്കിയപ്പോൾ മാത്രമെ മറ്റു സമുദായക്കാരുടെ ഇടയിൽ തലയും പൊക്കി നീണ്ടുനീർന്ന്[3] നടക്കണമെങ്കിൽ അട്ടിയട്ടിയായി പണം മേടിച്ച് പെട്ടിയിലിട്ടാൽ പോരാ; സമുദായ സ്നേഹം, വിദ്യാഭ്യാസം, ഐകമത്യം, ലോകപരിചയം എന്നിവയും കൂടി അവശ്യം ആവശ്യമാണെന്ന് മലബാർ മുസൽമാന്മാർക്ക് മനസ്സിലായിട്ടുള്ളൂ. ഈ ഉണർവിന്റെ ഫലമായി കേരളത്തിലെ പാഠശാലകളിൽ മുഹമ്മദീയ വിദ്യാർഥികൾ നിറയുകയും, മുഖ്യ നഗരങ്ങളിൽ മുഹമ്മദീയ യോഗങ്ങൾ[4] സ്ഥാപിക്കപ്പെടുകയും, ഉത്തരവാദിത്തമുള്ള ഗവൺമെന്റ് ഉദ്യോഗങ്ങളിൽ മുഹമ്മദീയർ ഒറ്റയായി കടന്നുകൂടുകയും ചെയ്തുതുടങ്ങിയിരിക്കുന്നു."[5]

'മുറിവൈദ്യൻ ആളെക്കൊല്ലും' എന്ന ചൊല്ല് അന്വർഥമാക്കുന്ന തരത്തിലായിരുന്നു ഭാഷാ പഠനത്തിനും മറ്റും മുന്നോട്ട് വരുന്ന മുസ്‌ലിം വിദ്യാർഥികളുടെ അക്കാലത്തെ അവസ്ഥ.

"പിസ്കലോജിക്കലായി[6] പറയുന്നതായാൽ എന്റെ ഇന്നാളത്തെ സ്ട്രോങ്ങ്[7] എല്ലാം പോയി' എന്നും മറ്റും പറഞ്ഞ് അവരവരുടെ ഇംഗ്ലീഷിലും മലയാളത്തിലും ഇംഗ്ലീഷ് മലയാളത്തിലുമുള്ള പരിജ്ഞാനത്തെ പ്രദർശിപ്പിച്ച് അന്ധാളിപ്പിച്ചതുകൊണ്ടോ, അവിടെയും ഇവിടെയും യോഗങ്ങൾ കൂടി 999 നിയമങ്ങളും 1001 തീർപ്പുകളും ഉണ്ടാക്കി മേശവലിപ്പിൽ വച്ച് ദീനിൽ വരുന്നവരെ പൊന്നാക്കൽ[8] അയച്ചത് കൊണ്ടോ എണ്ണിപ്പെറുക്കാവുന്ന ഉദ്യോഗസ്ഥന്മാർ വാലൻതലക്കെട്ടും നീളൻകോട്ടും ധരിച്ച് ബജാറിൽ[9] കൂടി ലാത്തിയതുകൊണ്ടോ[10] സമുദായത്തിന് യാതൊരു ഗുണവും ഉണ്ടാകുന്നതല്ല എന്ന് മാത്രമല്ല; അതിനു മുമ്പുണ്ടായിരുന്ന യോഗ്യത കൂടെ ചുരുങ്ങി പോകുന്നതാണ്. സമുദായത്തെ ഉന്നതപദവിയിൽ കൊണ്ടുവരേണമെങ്കിൽ ധനവാന്മാരും ഉദ്യോഗസ്ഥന്മാരും വിദ്വാന്മാരും നിർവ്യാജ സ്നേഹത്തോടുകൂടി അതിലേക്കായി ഒരുമ്പെടേണ്ടതാണ്. ഇങ്ങനെ ചെയ്യാൻ കാലം വളരെ അതിക്രമിച്ചിരിക്കുന്നു!

മാന്യ സഹോദരന്മാരേ, നമ്മുടെ ഇപ്പോഴത്തെ സ്ഥിതിയും മറ്റു സമുദായക്കാരുടെ സ്ഥിതിയും ഒന്ന് തുല്യാതുല്യം നോക്കുവിൻ![11] നാമിപ്പോഴും അജ്ഞാനമാകുന്ന അന്ധകാരത്തിൽ മുഴുകി കണ്ണുകാണാതെ കുഴങ്ങി ബുദ്ധിമുട്ടുകയാണ്. മറ്റുള്ളവർ എത്രയോ ക്ഷമയോടും അഭിവൃദ്ധിയോടും ബഹുമാനത്തോടും കൂടി കഴിഞ്ഞുപോരുന്നു. നാം അവരെ കാണുമ്പോൾ 'നെഞ്ചിന്മേൽ കയ്യും കെട്ടി തലയും താഴ്ത്തി' നടക്കുകയല്ലാതെ മറ്റെന്തു ചെയ്യാനാണ്?!

പുണ്യപുരുഷനായ നമ്മുടെ നബിﷺയുടെ ആവിർഭാവത്തിനുശേഷം ഇതുവരെ ഇസ്‌ലാമീങ്ങൾ ഒരു സമയത്തും ഒരു സ്ഥലത്തും ഇത്ര ശോചനീയമായ ഒരു സ്ഥിതി അനുഭവിക്കാൻ സംഗതി വന്നിട്ടില്ലെന്ന് ധൈര്യത്തോടുകൂടി പറയാൻ ഞാൻ മടിക്കുന്നില്ല. മാപ്പിള എന്ന പദത്തിന് 'മ്ലേഛത്വം' എന്ന് അർഥം വന്നിരിക്കുന്നു. ഇതെന്തൊരു കഷ്ടമാണ്?! ഈ സ്ഥിതിയിൽ ലോകാവസാനംവരെ നിൽക്കാനാണ് നമ്മുടെ വിധി.

പ്രിയ സഹോദരന്മാരേ, ഇസ്‌ലാമിന്റെ പൂർവ്വ ചരിത്രം ഒന്ന് പരിശോധിച്ചു നോക്കുവിൻ! ലോകം മുഴുവനും കീഴടക്കി നീതിന്യായങ്ങളുടെ നേതാക്കന്മാരായി, പലവക വിദ്യകളെയും പ്രചരിപ്പിച്ച്, പരിഷ്കാരത്തിന് കാരണഭൂതന്മാരായ നാം[12] അനുഭവിക്കേണ്ട സ്ഥിതി ഇതുതന്നെയാണോ?! ഇസ്‌ലാമിന്റെ ശ്രേഷ്ഠ ചരിത്രത്തിന് എത്രത്തോളം അപമാനത്തെയാണ് കടത്തിക്കൂട്ടാൻ നാം ഭാവിക്കുന്നത്?! കളങ്കമറ്റ നമ്മുടെ പൂർവ്വ ചരിത്രത്തെ ഇപ്പോൾതന്നെ എത്രയോ അശുദ്ധപ്പെടുത്തിയിരിക്കുന്നു. ഇങ്ങനെ ഇസ്‌ലാമിന്റെ ബഹുമാന നാമത്തിനെ ചീത്തയാക്കി മറ്റുള്ളവരുടെ ഇടയിൽ നീചത്വം കൈക്കൊണ്ട് ലോകത്ത് ജീവിക്കുന്നതിനെക്കാൾ നല്ലത് മരിക്കുന്നത് തന്നെയാണ്."

**സമുദായമേ, ഹമദാനിയെ കേൾക്കുക**

സമുദായത്തിന് ഉൽക്കർഷ മാർഗങ്ങൾ നിഷ്കർഷിക്കുന്ന ഹമദാനി തങ്ങളുടെ കത്ത് സമുദായ പുരോഗതി കാംക്ഷിക്കുന്ന എല്ലാവരുടെയും അകതാരിൽ ആയിരം അഗ്നിസ്ഫുലിംഗങ്ങളുണർത്തി. ഇസ്‌ലാമിനെ തനിമയോടെ പരിചയപ്പെടുന്ന പത്രങ്ങളുടെയും അതുവരെ ഉണ്ടായിരുന്നതെല്ലാം വെടിഞ്ഞ് സത്യമാർഗമായ ഇസ്‌ലാമിനെ പുൽകുന്ന പുതുവിശ്വാസികളുടെയും സംരക്ഷണത്തിന് സമുദായ ഫണ്ട് അനിവാര്യമാണെന്ന് ഹമദാനി തങ്ങളുടെ കത്ത് തെര്യപ്പെടുത്തുന്നുണ്ട്.

"മാന്യ സഹോദരന്മാരേ, ഇസ്‌ലാം സമുദായത്തെ കഴിയുന്ന വേഗത്തിൽ അസഹനീയമായ അപമാനത്തിൽ നിന്ന് ഉദ്ധാരണം ചെയ്യാൻ ഒരുമ്പെടുക! സർവ്വ സംരക്ഷകനായ ദൈവം നമ്മെ എല്ലാ കാര്യങ്ങളിലും തുണക്കുന്നതാണ്. അതുകൊണ്ട് പണച്ചെലവോ, കായക്ലേശമോ കണക്ക് വെക്കാതെ ധനവാന്മാരും സാധുക്കളും വിദ്വാന്മാരും[13] അവിദ്വാന്മാരും ഉദ്യോഗസ്ഥന്മാരും ഉദ്യോഗം ഇല്ലാത്തവരും എല്ലാവരും ഇറങ്ങിപ്പുറപ്പെടുവിൻ! എന്നാൽ, ഇങ്ങനെ സമുദായോദ്ധാരണത്തിനായി ഒരുമ്പെടുന്ന എല്ലാവരും നമ്മുടെ മാന്യനായ ശൈഖ് മുഹമ്മദ് മാഹിൻ ഹമദാനി തങ്ങൾ അവർകൾ കഴിഞ്ഞ ലക്കം മുസ്‌ലിമിൽ എഴുതിയ സാരഗർഭമായ കത്ത് നല്ലവണ്ണം മനസ്സിരുത്തി വായിക്കേണ്ടതാണ്. ഈ കത്തിൽ സമുദായ അഭിവൃദ്ധിക്ക്

അത്യാവശ്യമായ രണ്ടുകാര്യങ്ങൾ തങ്ങൾ അവർകൾ ക്ലിപ്തമായി പ്രസ്താവിച്ചിരിക്കുന്നു. ഇതിലൊന്ന് സമുദായ ഫണ്ട് ആണ്. ധനം ഇല്ലാതെ ഒരു കാര്യവും സാധിക്കുന്നതല്ല എന്ന് പ്രത്യേകം പറയേണമെന്നില്ലല്ലോ. ധനം ലൗകികമായ സകല കാര്യത്തിനും അടിസ്ഥാനമാണ്. അതുകൊണ്ട് ഫണ്ടില്ലാതെ സമുദായത്തെ നന്നാക്കുവാൻ തുനിയുന്നത് അടിസ്ഥാനമില്ലാതെ വീണ്ടെടുക്കും പോലെയാണ്. സമുദായ ഉണർച്ചക്കും പരിഷ്കാരത്തിനും ജ്ഞാനാഭിവൃദ്ധിക്കും ഒഴിച്ചുകൂടാത്ത ഒരു മൂലധനം ആയ പത്രങ്ങൾ പ്രസിദ്ധം ചെയ്യാനും മൂഢത്വത്തിൽ നിന്നും അന്ധകാരത്തിൽ നിന്നും രക്ഷിച്ച് നമ്മെ സാക്ഷാൽ മനുഷ്യന്മാരാക്കുന്ന വിദ്യാഭ്യാസത്തെ വർദ്ധിപ്പിക്കുവാനും ഇസ്‌ലാം മത തത്വങ്ങളുടെ സത്യത്തെ ഗ്രഹിച്ച് കുടുംബങ്ങളെയും സ്വത്തുക്കളേയും ഉപേക്ഷിച്ച് ദീനിൽ വരുന്ന പുതുവിശ്വാസികളെ രക്ഷിക്കുവാനും ഒരു സമുദായ ഫണ്ടില്ലാതെ എങ്ങിനെയാണ് സാധിക്കുന്നത്?!"(14)

ഹമദാനി തങ്ങളുടെ ആ കത്ത് അന്നത്തെ മലയാള ഇസ്‌ലാമിക മാധ്യമലോകത്ത് ഗൗരവാവഹമായ ചർച്ചകൾക്ക് നാന്ദികുറിച്ചു എന്നതിൽ സംശയമില്ല. സമുദായ നിധി സ്വരൂപിക്കുന്നതുമായി ബന്ധപ്പെട്ട പ്രായോഗിക ചർച്ചകൾക്കാണ് മുസ്‌ലിം മാസിക നേതൃത്വം നൽകിയത്. 'സമുദായത്തോട് രണ്ട് വാക്ക്' എന്ന ശീർഷകത്തിൽ മുസ്‌ലിം മാസികയുടെ മൂന്നാം പുസ്തകം അഞ്ചാം ലക്കത്തിൽ ടി.എ മുഹമ്മദ് അബ്ദുൽ ഖാദിർ സാഹിബ് എഴുതിയ ലേഖനം ഈ ഗണത്തിൽ ഏറെ ശ്രദ്ധേയമാണ്.

**ആകാശത്ത് നിന്ന് പണമിറങ്ങുമോ?!**

സമുദായക്ഷേമത്തിനിറങ്ങിത്തിരിക്കുന്ന ഏവരുടെയും എക്കാലത്തെയും പരിമിതി സാമ്പത്തിക സമാഹരണത്തിന്റെ അപര്യാപ്തതയായിരിക്കുമല്ലോ. സമുദായത്തിനകത്ത് സാമ്പത്തിക സ്രോതസുകൾ തുലോം വിരളമായിരുന്ന ഒരു കാലത്ത് ഹമദാനി തങ്ങളുടെ കത്തുമായി ബന്ധപ്പെട്ട് സമുദായത്തിൽ നിന്ന് ഉയരാനിടയുള്ള ചോദ്യങ്ങൾക്ക് മുസ്‌ലിം മാസിക നൽകുന്ന ഉത്തരം അക്കാലത്തെ പരിഷ്കർത്താക്കൾക്ക് ഉണ്ടായിരുന്ന ശുഭാപ്തി വിശ്വാസത്തിനും നിശ്ചയദാർഢ്യത്തിനും നിദർശനമാണ്.

സമുദായ നിധി സമാഹരണത്തിന് സഹായകമാകുന്ന അക്കാലത്തെ രണ്ട് സാധ്യതകളാണ് മുസ്‌ലിം മാസിക ഈ ലേഖനത്തിൽ മുന്നോട്ടുവച്ചത്: "പക്ഷേ ഫണ്ട് എവിടെ നിന്നാണ് കൊണ്ടുവരേണ്ടത്? എങ്ങിനെയാണ് സ്ഥാപിക്കേണ്ടത്? എന്ന് ആരെങ്കിലും ചോദിക്കുമായിരിക്കും. സമുദായസ്നേഹികൾ ഫണ്ട് ഏർപ്പെടുത്താൻ തുനിഞ്ഞാൽ അവർക്ക് യാതൊരു ബുദ്ധിമുട്ടും കൂടാതെ വേണ്ടുന്ന പണം കിട്ടുന്നതാണ് എന്നതിൽ സംശയമില്ല.

(1) കേരളീയ മുസൽമാന്മാരുടെയിടയിൽ ധനവാന്മാർ എത്രയോ ഉണ്ട്. അവർ അവരെക്കൊണ്ട് കഴിയുന്നിടത്തോളം സഹായിക്കുന്നതുമാണ്. (2) കൂടാതെ സാധാരണ ആളുകളോട് ആൾക്ക് നാലണ കണ്ട് പിരിപ്പിച്ചാൽ തന്നെയും ഫണ്ടിന് വേണ്ട തുക കിട്ടുന്നതാണ്. അതുകൊണ്ട്, സമുദായ ക്ഷേമ തൽപരന്മാർ ആദ്യമേ ഒരു സമുദായ ഫണ്ട് ഏർപ്പെടുത്താൻ ശ്രമിക്കണം. ഫണ്ട് ഏർപ്പെടുത്തിക്കഴിഞ്ഞാൽ നമുക്ക് ഉറപ്പായ ഒരു അടിസ്ഥാനം സിദ്ധിച്ചു. പിന്നെ, നമ്മുടെ ആഗ്രഹാനുസൃതം സമുദായത്തെ നന്നാക്കാൻ കഴിയുന്നതാണ്."(15)

പ്രവാചക പ്രഭുവിനെതിരെ ക്രൈസ്തവ മിഷണറിമാർ തൊടുത്തുവിട്ട ആക്രമണങ്ങളെ വൈജ്ഞാനികമായി പ്രതിരോധിക്കാൻ സയ്യിദ് ഥനാഉല്ലാഹ് മക്ദി തങ്ങൾ ആവിഷ്കരിച്ച 'നബിനാണയം' എന്ന പേരിലുള്ള ദിനേനയുള്ള നാണയത്തുട്ടുകളുടെ നിക്ഷേപം സമുദായ ഫണ്ടിന്റെ ചരിത്രത്തിലെ തിളങ്ങുന്ന അധ്യായമായിരുന്നുവല്ലോ.

**പണ്ഡിതസംഘടനയുടെ പ്രസക്തി: ഹമദാനി തങ്ങളുടെ ഒരു താത്വിക വിശകലനം**

സമുദായ നവോത്ഥാനം എങ്ങനെ വേണം എന്നതിന് അതിന് ശ്രമിക്കുന്ന ഓരോരുത്തർക്കും അവരുടെ സാഹചര്യത്തിനും യുക്തിക്കും അനുസരിച്ച വ്യക്തിനിഷ്ഠമായ ഉത്തരങ്ങളുണ്ടായിരിക്കും. സമഗ്രമായ സമുദായ പരിവർത്തനത്തിന് അത് പര്യപ്തമാകും എന്ന് ഉറപ്പ് പറയാനാകില്ല. വ്യക്തിയുടെയും സമൂഹത്തിന്റെയും മാറ്റത്തിനുള്ള ആധാരശിലകൾ; സർവജ്ഞാനിയായ ദൈവം വിശുദ്ധ ക്വുർആനിലൂടെയും ദിവ്യബോധനം അച്ചട്ടായി അനുസരിച്ച അന്തിമ പ്രവാചകൻ മുഹമ്മദ് നബിﷺയുടെ ജീവിത മാതൃകയിലൂടെയും അവതരിപ്പിച്ചിട്ടുണ്ട്. അവ വ്യവഛേദിച്ച് മനസ്സിലാക്കാനും പ്രയോഗവൽക്കരിക്കാനും പാണ്ഡിത്യവും നേതൃഗുണവും അത്യന്താപേക്ഷിതമാണ്. അതുകൊണ്ടാണ് പരിവർത്തന വീഥിയിൽ പണ്ഡിതന്മാർ തന്നെ നായകത്വം വഹിക്കണമെന്ന് ഹമദാനി തങ്ങൾ പറഞ്ഞുവെച്ചത്. കൂടിയാലോചനയും കൂട്ടായ പരിശ്രമവുമില്ലെങ്കിൽ സമുദായ സമുദ്ധാരണ സംരംഭങ്ങൾ ഫലപ്രാപ്തിയിലെത്താനുള്ള സാധ്യത കുറവാണെന്നും തങ്ങൾ നിരീക്ഷിച്ചു.

"രണ്ടാമതായി തങ്ങൾ അഭിപ്രായപ്പെട്ടിട്ടുള്ളത് വിദ്വാന്മാരുടെ ഒരു സംഘമാണ്. ഇങ്ങിനെയുള്ള ഒരു സംഘത്തിന്റെ ആവശ്യകതയെപ്പറ്റി അധികമൊന്നും പറയേണമെന്നില്ല. ക്രിസ്ത്യാനികൾക്ക് പാതിരി സംഘം കൊണ്ട് എത്ര ഗുണം ഉണ്ടായിട്ടുണ്ടോ അതിലും പതിന്മടങ്ങ് ഗുണം ഈ സംഘം കൊണ്ട് നമുക്ക് ഉണ്ടാകുന്നതാണെന്നതിന് സന്ദേഹമില്ല. ഇതുകൊണ്ടുള്ള മുഖ്യ ഉദ്ദേശം സമുദായ സ്നേഹം, സഹോദര ഭാവം, ഐകമത്യം എന്നീ സദ്ഗുണങ്ങളെ സമുദായാംഗങ്ങളിൽ വർ

ധിപ്പിക്കുകയാണ്. ഉലമാക്കന്മാർ[16], ഇസ്‌ലാമീങ്ങൾ ഉള്ള എല്ലാ നഗരങ്ങളിലും പോയി വൈദികമായും ലൗകികമായും ഉള്ള വിദ്യകളെ ഉപദേശിച്ച് അവരെ ഉന്നതപദവിയിൽ കൊണ്ടുവരേണ്ടതാണ്. ഇങ്ങനെ കേരളത്തിന്റെ നാലുഭാഗവും സഞ്ചരിച്ച്, പ്രസംഗങ്ങൾ ചെയ്ത്, അറിവിനെ വർധിപ്പിച്ച് സമുദായ സ്നേഹം ഉണ്ടാക്കുന്ന ഉലമാക്കന്മാരുടെ ചെലവുകളും സമുദായ സ്വത്തിൽ നിന്ന് വെച്ചുകൊടുക്കേണ്ടതാണ്.''[17]

കേരളത്തിലെ ആദ്യത്തെ മുസ്‌ലിം പണ്ഡിത സംഘടനയായ കേരള ജംഇയ്യത്തുൽ ഉലമ ആലുവായിൽ രൂപീകരിക്കപ്പെടാൻ ഹമദാനി തങ്ങളുടെ ഈ കത്ത് പ്രസിദ്ധീകൃതമായതിന്റെ എട്ടു വർഷം പിന്നിട്ട് 1924 വരെ നമുക്ക് കാത്തിരിക്കേണ്ടി വന്നു. അത്രമാത്രം ദുഷ്കരമായിരുന്നു ക്വുർആൻ പരിഭാഷകൾ പോലുള്ള നിരവധി ഉത്തുംഗമായ പദ്ധതികളുടെ പ്രയോക്താക്കളാകേണ്ട ഈ സമുദായത്തിന്റെ സ്ഥിതി. അക്കാലത്തെ സമുദായത്തിന്റെ നേർചിത്രം മുസ്‌ലിം പത്രാധിപർ എ. മുഹമ്മദ് കുഞ്ഞ് മൗലവി വരച്ചു കാണിക്കുന്നുണ്ട്:

''അവരുടെ വിദ്യാഭ്യാസ വിഹീനതയും തന്മൂലമുള്ള പല അന്ധവിശ്വാസങ്ങളും ദുരാചാരങ്ങളും മതകാര്യങ്ങളിൽ പോലുമുള്ള പിണക്കങ്ങളും വഴക്കുകളും കക്ഷി മൽസരങ്ങളും അനാവശ്യ മത്സരങ്ങളും വ്യവഹാരങ്ങളും സ്ഥാനമാന വാദങ്ങളും അധർമങ്ങളും അതിൽ വെച്ച് അവർ അനുഭവിക്കുന്ന കഷ്ടനഷ്ടങ്ങളും... ഇതെല്ലാം കൺമുമ്പിൽ നടന്നുകൊണ്ടിരുന്നിട്ടും സമുദായത്തെ സന്മാർഗത്തിലേക്ക് മാർഗദർശനം ചെയ്യേണ്ടതായ മതപണ്ഡിതന്മാരുടെ മൗനവ്രതവും മത-സമുദായാഭിമാനമില്ലായ്മയും അവരിൽ പലരുടെയും ദുർവ്യയങ്ങളും ദുർബോധനങ്ങളും പഴയ മാമൂലുകളിൽ നിന്ന്-അവ എത്രമാത്രം ദോഷപ്രദങ്ങളായിരുന്നാലും-ഒഴിയുന്നതിലുള്ള മർക്കടമുഷ്ടി കൊണ്ട് ഈ സമുദായത്തിന് പൊതുവേ ഉണ്ടാകുന്ന ദോഷങ്ങളും സാമുദായികമായ ആവശ്യങ്ങൾക്ക് വേണ്ടപോലെ ധനവ്യയം ചെയ്ത് സമുദായത്തെ പോഷിപ്പിക്കേണ്ടവരായ നമ്മുടെ ധനവാന്മാരിൽ പലരും ധനത്തിന് അടിമകളായിത്തീരുക നിമിത്തം സമുദായത്തിന് ഉണ്ടാകുന്ന ക്ഷയവും സമുദായ പരിഷ്കരണോദ്യമങ്ങൾക്ക് നേരിടുന്ന വിഘ്നങ്ങളും... ഇങ്ങനെ എണ്ണിയാലൊടുങ്ങാത്തവണ്ണം അനേകം സംഗതികൾ മുൻപിൽ വന്ന് നിറയുന്നു.''[18]

വിഭവശേഷിയുടെ കാര്യത്തിൽ എത്രയോ പിന്നാക്കമായിരുന്ന സഹോദര സമുദായാംഗങ്ങൾ ഉണർന്നു പ്രവർത്തിക്കുകയും പുരോഗതി പ്രാപിക്കുകയും ചെയ്യുന്നത് കണ്ട് അതിൽ നിന്ന് പാഠം ഉൾക്കൊള്ളാൻ പോലും തയ്യാറാകാത്ത ഒരു ജനതയെ ഉണർത്താനാണ് ഹമദാനി തങ്ങൾ ശ്രമിച്ചത്. എന്നിട്ടും ഇതര സമുദായ നേതാക്കളും പത്രങ്ങളും മുസ്‌ലിം സമുദായത്തിന്റെ അഭിവൃദ്ധിയിൽ കാണിക്കുന്ന താൽപര്യം വിലമതിക്കാൻ പോലും സമുദായ പ്രമാണിമാർ തയ്യാറായില്ല എന്നത് എത്രമാത്രം സങ്കടകരമാണ്! ഹമദാനി തങ്ങളെ പിന്തുണക്കാൻ സമുദായത്തെ ആഹ്വാനം ചെയ്തുകൊണ്ടാണ് ഹാശിം സാഹിബ് മുസ്‌ലിം മാസികയിലെ തന്റെ ലേഖനത്തിന് വിരാമമിടുന്നത്:

''മാന്യ സഹോദരന്മാരേ, ശൈഖ് അവർകൾ അഭിപ്രായപ്പെട്ട രണ്ട് മുഖ്യ കാര്യങ്ങളെ ഏർപ്പെടുത്താൻ ഇന്നുതന്നെ തുനിയുവിൻ! സമയം വൃഥാ ചെലവഴിക്കരുതേ! നിങ്ങളുടെ ഈ ഏർപ്പാടിൽ ശൈഖ് അവർകളെ ഒരു മാതൃകയായി കരുതിക്കൊൾവിൻ! പണച്ചെലവോ, സമയ നഷ്ടമോ ഒന്നും വിലവെക്കാതെ സമുദായ അഭിവൃദ്ധിക്കായി തങ്ങൾ അവർകൾ ചെയ്തുവരുന്ന അധ്വാനം നിങ്ങൾക്ക് ഒരു പാഠമായിരിക്കട്ടെ. ശൈഖ് മുഹമ്മദ് മാഹിൻ ഹമദാനി തങ്ങളെ പോലെ ഒരാളെ ഇതിനു മുമ്പ് തന്നെ കരുണാനിധിയായ ദൈവം നമുക്ക് അനുഗ്രഹിച്ചുതന്നിട്ടുണ്ടായിരുന്നെങ്കിൽ ഒരുപക്ഷേ, നാമിന്ന് ഒരിക്കലും ശോചനീയമായ അവസ്ഥ അനുഭവിക്കേണ്ടി വരികയില്ലായിരുന്നു എന്ന് ചിന്തിച്ചുപോയേക്കാം. എല്ലാം സർവശക്തന്റെ അലംഘനീയമായ തീരുമാനം! സർവശക്തനായ തമ്പുരാൻ നമ്മെ രക്ഷിക്കട്ടെ, ആമീൻ!''[19]

മക്ദി തങ്ങളെപ്പോലുള്ള പരിഷ്കർത്താക്കൾ വിശുദ്ധ ക്വുർആനിനെ കോടതിയിൽ സത്യം ചെയ്യുന്നതിനുള്ള ഉപകരണമാക്കുന്നതിനെ എതിർത്ത് സമൂഹത്തിൽ ബോധവൽക്കരണം നിർവഹിച്ചത് നാം മുൻ ലക്കങ്ങളിൽ വായിച്ചുവല്ലോ. ഈ ദുഷിച്ച സമ്പ്രദായത്തിനെതിരെ 1917 ഫെബ്രുവരി 19ലെ തിരുവിതാംകൂർ ശ്രീമൂലം പ്രജാസഭ അസംബ്ലി വേളയിൽ ശബ്ദിക്കാൻ ആലപ്പുഴ ലജ്നത്തുൽ മുഹമ്മദിയ്യയുടെ പ്രതിനിധി എൻ.എ മുഹമ്മദ് കുഞ്ഞ് സാഹിബിനെ പോലുള്ളവർക്ക് പ്രചോദനമായത് തന്റെ മുൻഗാമിയായ ശൈഖ് മുഹമ്മദ് മാഹിൻ ഹമദാനി തങ്ങളുടെ അഞ്ചുവർഷത്തെ പ്രജാസഭാ പ്രകടനമായിരുന്നു എന്നതിൽ തർക്കമില്ല. അതേ സഭയിൽ അതേ ദിവസവും 1922 മാർച്ച് 9നും 1923 മാർച്ച് 21നും മുസ്‌ലിം വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട 11 ഇന നിർദേശങ്ങളും മറ്റു സുപ്രധാനമായ പ്രമേയങ്ങളും അവതരിപ്പിക്കാൻ പ്രചോദനമായതും ആ പ്രേരകശക്തി തന്നെയായിരുന്നു. 1919 മുതൽ 1948 വരെ പലപ്പോഴായി മുസ്‌ലിം സമുദായത്തിന്റെ നിയമസഭാ പ്രാതിനിധ്യം നിർവഹിച്ച പി.എസ് മുഹമ്മദ് സാഹിബിനെ പോലുള്ള അനേകർക്കും പിന്നീട് ആ ഭാഗം പൂരിപ്പിച്ച സീതിസാഹിബിന്റെ തലമുറക്കും പ്രചോദനമായിത്തീർന്നത് ഹമദാനി തങ്ങൾ അല്ലാതെ മറ്റാരുമായിരുന്നില്ല. ഇ.കെ മൗലവി മുതൽ ഇ. മൊയ്തു മൗലവി വരെയുള്ള കേരളനവോത്ഥാനനിർമാതാക്കൾക്ക് ഊർജമായി വർത്തിച്ചതും ആ മഹാനുഭാവന്റെ മാതൃകകളായിരുന്നുവെന്ന് കഴിഞ്ഞ അ

ധ്യായങ്ങളിൽ അവരുടെ അനുഭവ വിവരണങ്ങളിൽ നിന്ന് വ്യക്തമായല്ലോ. സീതിസാഹിബിന്റെ പിതാവ് ശീതി മുഹമ്മദ് സാഹിബിനെ ഹമദാനി തങ്ങൾ എത്രമാത്രം സ്വാധീനിച്ചുവെന്ന് ഇ.കെ മൗലവി അൽമുർശിദ് (1966-68) മലയാളം മാസികയിലെ ഇസ്‌ലാഹി പ്രസ്ഥാനത്തെക്കുറിച്ചുള്ള ലേഖനപരമ്പരയിലും ഡോക്ടർ സി.കെ കരീം മുഖ്യ പത്രാധിപരായിരുന്ന 'കേരള മുസ്‌ലിംചരിത്രം സ്ഥിതിവിവരക്കണക്ക് ഡയറക്ടറി' മൂന്നാം സഞ്ചിക, താൾ 421 ലും വിവരിച്ചിട്ടുണ്ട്. സമുദായ പരിഷ്കർത്താവും ഗ്രന്ഥകാരനും സ്വാതന്ത്ര്യസമര നായകനുമായിരുന്ന താനൂർ ആമിനുമ്മാന്റകത്ത് പരീക്കുട്ടി മുസ്‌ലിയാർക്കും 'ഹമദാനി തങ്ങൾ പ്രചോദനമേകി'യെന്ന് കേരള മുസ്‌ലിംചരിത്രം സ്ഥിതിവിവരക്കണക്ക് ഡയറക്ടറി മൂന്നാം സഞ്ചിക താൾ 74ലും പരാമർശിച്ചിട്ടുണ്ട്.

'ക്വുർആൻ ഉച്ചരിക്കാൻ അഭ്യസിക്കുക, അതിലും കൂടിയാൽ അറബിഭാഷയിലുള്ള കുറേ വ്യാകരണ പുസ്തകങ്ങളും(നഹ്‌വ്), അതിനുശേഷം ചില നിയമ ശാസ്ത്ര ഗ്രന്ഥങ്ങളും (ഫിക്വ്ഹ്) അക്ഷരം പ്രതി ഉരുവിടുക. ഇത്രമാത്രമല്ലാതെ ഇതിൽ കൂടുതലായി വല്ലതുമുണ്ടോ?'[20] എന്ന് ചിന്തിക്കാൻ പോലും സമുദായാംഗങ്ങൾ അന്ന് അശക്തരായിരുന്നു. മറ്റു വിദ്യകൾ അഭ്യസിക്കുന്നതിൽനിന്നും ഈ അധമബോധം സമുദായാംഗങ്ങളെ തടഞ്ഞു.

"മേൽപറഞ്ഞ നഹ്‌വും ഫിക്വ്ഹും ഉരുവിടുന്നവരുടെ സംഖ്യ നമ്മുടെ ഇടയിൽ ക്രമേണ വർധിച്ചുകൊണ്ടിരുന്നിട്ടും, സ്വകീയമായും സാമുദായികമായും ഉള്ള മനോഗുണവികാസത്തിനുതകുന്ന വിദ്യാഭ്യാസ വിഷയത്തിൽ അവർ ഉൽസുകരല്ലാതെ കാണപ്പെടുന്നത് എന്തുകൊണ്ടായിരിക്കാം?"[21]

ഈ ചോദ്യത്തിന് ഉത്തരം കാണുകയും അതിനു സക്രിയമായ പരിഹാരക്രിയകൾ നടപ്പിലാക്കുകയും ചെയ്ത പരിഷ്കർത്താക്കൾ സ്വീകരിച്ചത് ഹമദാനി തങ്ങളുടെ കത്തിൽ മുന്നോട്ടുവച്ച സമുദായ ഫണ്ട്, മുസ്‌ലിം പണ്ഡിതസഭ എന്നിവ രൂപീകരിച്ചുകൊണ്ട് തന്നെയായിരുന്നു. 1089 മിഥുനം 27ന് (1914 ജൂലായ് 12) വൈകിട്ട് 5 മണിക്ക് തിരുവനന്തപുരം വി.ജെ.ടി ഹാളിൽ എസ് മുഹമ്മദ് സുലൈമാൻ എന്ന തിരുവിതാംകൂറിലെ ആദ്യ മുസ്‌ലിം ബിരുദധാരിക്ക് നൽകിയ ഔദ്യോഗിക സ്വീകരണം ഹമദാനി തങ്ങളുടെ പ്രവർത്തനങ്ങൾക്ക് അദ്ദേഹത്തിന്റെ ജീവിതകാലത്ത് തന്നെ ഫലമുണ്ടായി എന്ന് തെളിയിക്കുന്നു. സ്വീകരണ ചടങ്ങിൽ ദിവാൻ എം. കൃഷ്ണൻ നായർ അധ്യക്ഷനായിരുന്നു. സമുദായത്തിന്റെ സ്വർണ മുദ്ര സുലൈമാന് സമ്മാനിച്ചുകൊണ്ട് അദ്ദേഹം നടത്തിയ പ്രൗഢഗംഭീരമായ പ്രഭാഷണം സമുദായത്തെ സംബന്ധിച്ചിടത്തോളം ആനന്ദകരമായ മറ്റൊരു അനുഭവമായിരുന്നു. വിദ്യാഭ്യാസ ഡയറക്ടർ ഡോക്ടർ ബിഷപ്പ്, പ്രൊഫസർ എ.ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ, ദിവാൻ ബഹദൂർ കെ. ഗോവിന്ദപ്പിള്ള, ദിവാൻ ബഹദൂർ വി നാഗമയ്യ എന്നീ വിശിഷ്ടാതിഥികളും ചടങ്ങിൽ സംബന്ധിച്ചിരുന്നു. തമിഴ്നാട്ടിലെ മദ്രാസ് പ്രസിഡൻസി മുസ്‌ലിം ലീഗ്, മുസ്‌ലിം ഹോസ്റ്റൽ തുടങ്ങിയ സംഘടനകളുടെയും സ്ഥാപനങ്ങളുടെയും അനുമോദന കമ്പി (ടെലഗ്രാം) സന്ദേശങ്ങളും ഡോക്ടർ എം. ഇസ്മായിൽ മുനവ്വരി സാഹിബിന്റെ മംഗള പത്രവും യോഗത്തിൽ വായിച്ചു. സ്ത്രീ സമുദ്ധാരണത്തിന് വേണ്ടി അക്ഷീണം പ്രവർത്തിച്ച വക്കം മൗലവിയുടെയും ഹമദാനി തങ്ങളുടെയും വിയോഗം കഴിഞ്ഞ് വർഷങ്ങൾ പിന്നിട്ട ശേഷമാണ് മദിരാശി സർവകലാശാലയിൽ നിന്ന് 1936ൽ തിരുവിതാംകൂർ മുസ്‌ലിം വനിതകളുടെ കൂട്ടത്തിൽ ആദ്യ ബിരുദക്കാരി പുറത്തുവരുന്നത്. ഹവ്വാ ബീവി ആയിരുന്നു ആ ഭാഗ്യവതി. 1937ൽ മദിരാശി സർവകലാശാലയിൽ നിന്ന് അധ്യാപകയോഗ്യതാ ബിരുദവും നേടി തിരുവനന്തപുരത്ത് സർക്കാർ വിദ്യാലയങ്ങളിൽ അധ്യാപികയായി സേവനമനുഷ്ഠിച്ച അവർ വിരമിക്കുകയും കാലയാപനം ചെയ്യുകയും ചെയ്തു.

**ആധാര സൂചിക:**

(1) ദേഹാധ്വാനം.

(2) മുസ്‌ലിം മാസിക, 1091 മിഥുനം/1916 ജൂൺ ലക്കത്തിൽ കെ. ഹാശിം എഴുതിയ 'കേരളീയ മുസൽമാന്മാർ' എന്ന ലേഖനം.

(3) നിവർന്ന്.

(4) സംഘടനകൾ.

(5) മുസ്‌ലിം മാസിക, 1091 മിഥുനം/1916 ജൂൺ ലക്കത്തിൽ കെ. ഹാശിം എഴുതിയ 'കേരളീയ മുസൽമാന്മാർ' എന്ന ലേഖനം.

(6) മനഃശാസ്ത്രപരമായി.

(7) ധൈര്യം/കരുത്ത്.

(8) പുതുതായി ഇസ്‌ലാം സ്വീകരിക്കുന്നവരെ പൊന്നാനിയിൽ മഊനത്തുൽ ഇസ്‌ലാം സഭയിലേക്ക് പറഞ്ഞയച്ച് ആരാധനകളും മറ്റും അഭ്യസിപ്പിക്കുക.

(9) അങ്ങാടിയിൽ.

(10) വെറുതെ നടന്നതു കൊണ്ട്.

(11) താരതമ്യം ചെയ്യുക.

(12) വിജ്ഞാന വിപ്ലവത്തിലൂടെ ലോകത്തെ മാറ്റിമറിച്ച ഇസ്‌ലാം മതാനുയായികൾ.

(13) പണ്ഡിതന്മാരും.

(14) മുസ്‌ലിം മാസിക, 1091 മിഥുനം/1916 ജൂൺ ലക്കത്തിൽ കെ. ഹാശിം എഴുതിയ 'കേരളീയ മുസൽമാന്മാർ' എന്ന ലേഖനം.

(15) അതേ അവലംബം.

(16) പണ്ഡിതന്മാർ.

(17) മുസ്‌ലിം മാസിക, 1916 ജൂൺ.

(18) മുസ്‌ലിം മാസിക, പു. 3 ല. 2.

(19) മുസ്‌ലിം മാസിക, 1916 ജൂൺ.

(20) മുസ്‌ലിം മാസിക, പു. 5 ല. 2 'സാമുദായിക ജീവിതം'- എ. മുഹമ്മദ് കുഞ്ഞ് മൗലവി.

(21) അതേ അവലംബം.

സ്വാദിഖ് ബിൻസലീം
mail@nerpatham.com

# യുവതയോട്




വരൂ... വരൂ... യുവാക്കളേ
നമുക്കു കൈകൾ കോർത്തിടാം
വിപത്തിനെ തടുത്തിടാം
വരിച്ചിടാം ഗുണത്തിനെ
കലാപമല്ല ജീവിതം
കടമയാണതോർക്കണം
കരിഞ്ഞുണങ്ങി ഇതളടർന്ന്
എരിഞ്ഞമർന്നിടുന്നുവോ?
ഇഴയടുപ്പമേറ്റി നമ്മൾ
ഇതളുകോർത്ത് നിൽക്കണം
ഇഴയകറ്റിടാൻ വരുന്ന
ലഹരിയെ തുരത്തണം
അണയുമാത്മസൗഖ്യമോർക്ക
അവിഹിതത്തിൻ മാർഗമിൽ
ഇണകൾ മാത്രമാകണം
തുണയതിന്റെ മാർഗമിൽ
കടമെടുത്ത മുതലുകൾ
കൊടുത്തു നമ്മൾ വീട്ടണം
ഹ്രസ്വമാണീ ജീവിതം
അതിരുകൾ നാം കാക്കണം
കരങ്ങൾ കോർത്തു നിൽക്കണം
മനസ്സു ചേർത്തു വാഴണം
ഐക്യമോടെ ഒത്തുനിന്ന്
നാടിനെ നാം കാക്കണം
കുത്തഴിഞ്ഞിതെത്തിനോക്കും
കുറ്റകൃത്യമൊക്കെയും
എത്തിടാതെ കാത്തിടാം
വരൂ... വരൂ... യുവാക്കളേ
യുഗാന്തരങ്ങളേറെ മുന്നെ
വരച്ചുവെച്ച പാതയിൽ
യുവത്വത്തിന്റെയൂർജമാൽ
പുതു വിപ്ലവം രചിച്ചിടാം




WISDOM

പ്രമാണങ്ങൾക്കൊപ്പം, ഗുണകാംക്ഷയുടെ ശബ്ദം
നേരിന്റെ ആർജവം, വേറിട്ട വായനാനുഭവം...




നേരിന്റെ വരമൊഴി

www.nerpatham.com | mail@nerpatham.com

# നേർപഥം
വാരിക

Circulation Manager | Nerpatham Weekly | EKP Complex | Kallai Road | Kozhikkode 2 | Kerala | India
Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
13 APRIL 2019

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-




## സവിശേഷതകൾ:

- ഖുർആൻ പഠനത്തിന് പ്രത്യേക ഫോർമുല, പരിശീലനം സിദ്ധിച്ച അധ്യാപകർ
- ഹദീഥ്, അറബി, വിശ്വാസം, കർമ്മം, സ്വഭാവം, ചരിത്രം എന്നിവയിൽ പഠനം
- നവീന രീതിയിൽ തയ്യാറാക്കിയ പഠനരീതികൾ, പഠനസാമഗ്രികൾ, ഫോളോ അപ്പിനായി സ്റ്റഡി ട്രാക്കറുകൾ
- ഖുർആൻ പഠനത്തിന് മൊബൈൽ ആപ്ലിക്കേഷൻ, കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ
- വിദഗ്ധ പാനൽ നിർമ്മിച്ച ടെക്സ്റ്റ് ബുക്കുകൾ, വർക്ക് ബുക്കുകൾ...
- ടീച്ചേഴ്സ് ഹാൻഡ് ബുക്ക്, പാരന്റ്സ് ഗൈഡ്, കരിക്കുലമനുസരിച്ച് തയ്യാറാക്കിയ ഡി.വി.ഡികൾ
- രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ നടത്തപ്പെടുന്ന ഹോം സ്കൂളിംഗ്
- എല്ലാ മാസവും പാരന്റ്സ് ക്ലാസുകൾ, വീഡിയോ ലക്ചറിംഗ്, ഇവാലുവേഷൻ
- ഓഡിയോ-വിഷ്വൽ ക്ലാസ് റൂമുകൾ, നിരന്തര-കേന്ദ്രീകൃത മൂല്യനിർണയം
- രക്ഷിതാക്കൾക്ക് പഠനപുരോഗതി വിലയിരുത്താൻ ഓൺലൈൻ സൗകര്യം
- രക്ഷിതാക്കളുടെ മേൽനോട്ടത്തിലുള്ള ട്രാൻസ്പോർട്ടേഷൻ സൗകര്യം
- സാധാരണക്കാരെ പരിഗണിക്കുന്ന കുറഞ്ഞ ഫീസ് നിരക്കുകൾ

Kasaragode: 8089192273, 9447491125 | Kanhangad: 9544874747, 9847507310
Thaliparamb: 8606776770, 7012434230 | Kinavakkal: 9400083931, 9895794498
Kappad: 9846808230, 9037536150 | Vadakra: 9961037934, 9995494598 | Parappanagadi: 9544924596
Thottasheriyara: 8606600555 | Manjeri: 9605605808, 9846872999 | Mukkam: 8606788882
Kottakkal: 9447624148, 9747621124 | Tirur: 9633099992, 9037155151 | Maranjery: 7559955255
Vengidangu: 9048869220 | Edathanattukara: 9495467259, 9446157890 | Attingal: 9497714521, 7902513053
Kollam: 8089546729 | Alappuzha: 9895629378 | Coimbatore: 9080475224

Head Office: School of Qur'an | Jamia Al-Hind Al-Islamiyya | Jamia Campus | Mini Ootty | Oorakam
Malappuram | Kerala | India | PIN 676519 | www.schoolofquran.in | info@schoolofquran.in